# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

2020 ജനുവരി | വാല്യം 46 ലക്കം 10 | ചീഫ് എഡിറ്റർ : വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ


# ദേശീയ പൗരത്വ രജിസ്റ്ററും (NRC) പൗരത്വ ഭേദഗതി നിയമവും (CAA) പിൻവലിക്കുക

**ബി**ജെപി അധ്യക്ഷൻ കൂടിയായ കേന്ദ്ര ആഭ്യന്തരമന്ത്രി, ഇക്കഴിഞ്ഞ നവംബർ 20ന് പാർലമെന്റിൽ പറഞ്ഞത്, രാജ്യത്തെ ഓരോ സംസ്ഥാനത്തിനു വേണ്ടിയും ദേശീയ പൗരത്വ രജിസ്റ്റർ(എൻആർസി) തയ്യാറാക്കും എന്നാണ്. ഈ പാർലമെന്റ് പ്രസ്താവത്തിനു മുമ്പു തന്നെ, ജാർഖണ്ഡിലെ ഒരു തെരഞ്ഞെടുപ്പു യോഗത്തെ അഭിസംബോധന ചെയ്യവേ, 2024നു മുമ്പായി രാജ്യത്തെ എല്ലാ “നുഴഞ്ഞുകയറ്റക്കാരെ”യും പുറത്താക്കുവാനുള്ള സർക്കാരിന്റെ താത്പര്യത്തെക്കുറിച്ച് അദ്ദേഹം വ്യക്തമായി വിശദീകരിക്കുകയുണ്ടായി. “നുഴഞ്ഞുകയറ്റക്കാരെ” ‘ചിതലുകൾ’ എന്നു വിളിക്കുന്നതിനും അദ്ദേഹം മടിക്കുകയുണ്ടായില്ല. കൂടാതെ, രാജ്യത്തെ മതത്തിന്റെ അടിസ്ഥാനത്തിൽ കോൺഗ്രസ് വിഭജിച്ചില്ലായിരുന്നുവെങ്കിൽ എൻആർസിയും അതുപോലെയുള്ള പ്രക്രിയകളും നടപ്പിലാക്കേണ്ട ആവശ്യമേ ഉണ്ടാകില്ലായിരുന്നുവെന്ന് അദ്ദേഹം പാർലമെന്റിനുള്ളിൽ കള്ളം പറയുകയുമുണ്ടായി. വസ്തുതയെന്തെന്നാൽ, പഴയ ഹിന്ദുമഹാസഭ നേതാവും ആർഎസ്എസ്സിന്റെ ബന്ധുവുമായ വി.ഡി.സവർക്കറാണ്, 1923-ൽ ‘ഹിന്ദുത്വത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ’(Essentials of Hindutva) എന്ന തന്റെ പുസ്തകത്തിലൂടെ, മതത്തിന്റെ അടിസ്ഥാനത്തിലുള്ള രണ്ടു രാജ്യങ്ങൾ എന്ന സിദ്ധാന്തം ആദ്യമായി മുന്നോട്ടു വെച്ചത്. പിന്നീട്, 1937-ൽ ഇത് ഹിന്ദു മഹാസഭയുടെ പ്രമേയമായി പാസ്സാക്കുകയുണ്ടായി. മൂന്നു വർഷങ്ങൾക്കു ശേഷം, മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിലുള്ള അഖിലേന്ത്യ മുസ്ലീം ലീഗ്, അതിന്റെ ലാഹോർ സമ്മേളനത്തിൽ ഈ ആശയം സ്വീകരിച്ചു. 1943 ആഗസ്റ്റ് 15ന് നാഗ്പൂരിൽ വെച്ച് സവർക്കർ പറഞ്ഞു, “എനിക്ക് ജിന്നയുടെ ദ്വിരാഷ്ട്രസിദ്ധാന്തത്തോട് യാതൊരു എതിർപ്പുമില്ല. ഞങ്ങൾ ഹിന്ദുക്കൾ സ്വയമേവതന്നെ ഒരു രാഷ്ട്രമാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടു രാഷ്ട്രങ്ങളാണ് എന്നത് ഒരു ചരിത്രവസ്തുതയാണ്.” അത് അങ്ങനെ നിൽക്കട്ടെ. വിഭജനത്തിന്റെ തെറ്റുകളെ തിരുത്തുവാനും, അനീതികളെ മായ്ക്കുവാനും ജനങ്ങളുടെ ദുരിതത്തെ ഏതെങ്കിലും വിധത്തിൽ ദൂരീകരിക്കുവാനും എൻആർസിക്കു സാധിക്കുമോ?

എന്നാൽ, എന്തുകൊണ്ടാ

*(ശേഷം 2-ാം പേജിൽ)*




**പൗരത്വ നിയമ ഭേദഗതിയും എൻആർസിയും പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഐഡിഎസ്ഒ കോട്ടയത്ത് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ കോലം കത്തിക്കുന്നു**

# ജെഎൻയു: അക്രമികൾക്ക് കർശനശിക്ഷ ഉറപ്പാക്കുക

## ജനുവരി 6 അഖിലേന്ത്യാ പ്രതിഷേധദിനമായി എഐഡിഎസ്ഒ ആചരിച്ചു

**ജ**വഹർലാൽ നെഹ്റു സർവകലാശാല ക്യാമ്പസിൽ എബിവിപി അക്രമികൾ നടത്തിയ അഴിഞ്ഞാട്ടത്തിൽ പ്രതിഷേധിച്ച് എഐഡിഎസ്ഒ ജനുവരി 6ന് അഖിലേന്ത്യാ പ്രതിഷേധദിനം ആചരിച്ചു. ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ ഉജ്ജ്വല മാതൃകയായ ജെഎൻയുവിന് നേരെ സംഘപരിവാർ നിരന്തരം ആക്രമണം അഴിച്ചുവിടുകയാണ്. ഇരുമ്പ് ദണ്ഡുകളും മുളവടികളുമായി എല്ലാ പരിധികളും ലംഘിച്ചുകൊണ്ട് അതിക്രൂരമായ ആക്രമണമാണ് ജെഎൻയുവിൽ ജനുവരി 5ന് എബിവിപി നടത്തിയത്.

സെന്റർ ഫോർ സോഷ്യൽ സയൻസിലെ പ്രമുഖ അധ്യാപികയായ പ്രൊഫ.സുചിത്രസെന്നും ജെഎൻയു വിദ്യാർത്ഥി യൂണിയൻ അധ്യക്ഷ ഐഷി ഘോഷുമുൾപ്പടെയുള്ളവർ അതിക്രൂരമായി ആക്രമിക്കപ്പെട്ടു. മുഖംമൂടിയണിഞ്ഞ ക്രിമിനലുകൾ ഹോസ്റ്റലുകൾ തല്ലിത്തകർക്കുകയും വിദ്യാർത്ഥികളെ ആക്രമിക്കുകയുമായിരുന്നു.

ജെഎൻയുവിൽ രാജ്യത്തെ ഏറ്റവും വലിയ ഫീസ് ഘടന കെട്ടിവയ്ക്കുന്നതിനെതിരെയും പൗരത്വ നിയമ ഭേദഗതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും കഴിഞ്ഞ രണ്ട് മാസത്തിലേറെയായി ജെഎൻയു വിദ്യാർത്ഥികൾ സമരരംഗത്തായിരുന്നു. മാത്രമല്ല, വിദ്യാർത്ഥി വിരുദ്ധവും ജനവിരുദ്ധവുമായ നയങ്ങൾക്കെതിരെ നിരന്തരമായ രാഷ്ട്രീയ ജാഗ്രതയോടെ ജെഎൻയു സർവകലാശാല സമൂഹം സമരരംഗത്തുണ്ടായിരുന്നു. ഇതാണ് ജെഎൻയുവിനെ സംഘപരിവാർ ശക്തികളുടെ കണ്ണിലെ കരടാക്കിത്തീർത്തത്. മാത്രമല്ല, വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണമായ വാണിജ്യവത്ക്കരണവും വർഗ്ഗീയതാവത്ക്കരണവും ലക്ഷ്യമിടുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതിന് മുന്നൊരുക്കമെന്ന നിലയിൽ ജെഎൻയു പോലെയുള്ള വിദ്യാഭ്യാസ മാതൃകകൾ തകർക്കേണ്ടതും കേന്ദ്ര സർക്കാരിനെ സംബന്ധിച്ച് അത്യാവശ്യമാണ്.

ഏതു വിധേനയും ജെഎൻയുവിനെ തകർക്കുകയെന്ന ലക്ഷ്യത്തോടെയാണ് നിന്ദ്യമായ ആക്രമണം എബിവിപി നടത്തുന്നത്. പോലീസിന്റെ ഒത്താശയോടെയാണ് ഈ ആക്രമണം നടന്നത്. ഗേറ്റുകളിൽ കാവൽ നിന്നുകൊണ്ടും അക്രമം നേരിട്ടവർക്ക് വൈദ്യസഹായം നൽകാൻ അനുവദിക്കാതെയും എബിവിപി നരനായാട്ട് നടത്തുമ്പോൾ പോലീസ് നിസ്സംഗത പാലിക്കുകയായിരുന്നു.

അക്രമികളെ സഹായിക്കുവാനാണ് പോലീസ് ശ്രമിച്ചത്. ഈയൊരു സാഹചര്യത്തിൽ ജെഎൻയുവിനും രാജ്യത്തെ വിദ്യാർത്ഥി സമൂഹത്തിനുമെതിരെയുള്ള സംഘപരിവാർ ആക്രമണം അവസാനിപ്പിക്കണമെന്നും ജെഎൻയുവിൽ സമാധാനം പുനഃസ്ഥാപിക്കണമെന്നും അക്രമികൾക്കെതിരെ ഉടൻ കർശന നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് എഐഡിഎസ്ഒ അഖിലേന്ത്യാ പ്രതിഷേധദിനമായി ആചരിച്ചത്.

പ്രതിഷേധദിനത്തിന്റെ ഭാഗമായി കേരളത്തിലെ കാമ്പസുകളിലും തെരുവുകളിലും പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു.

അഖിലേന്ത്യാ പ്രതിഷേധ ദിനം ആചരിച്ചുകൊണ്ട് ആലപ്പുഴയിൽ നടന്ന പ്രതിഷേധ പ്രകടനവും യോഗവും എഐഡിഎസ്ഒ അഖിലേന്ത്യാ വൈസ് പ്രസിഡന്റ് എസ്.അലീന ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി വി.പി.വിദ്യ അധ്യക്ഷത വഹിച്ചു. മാന്നാർ സ്റ്റോർ ജംഗ്ഷനിൽ എഐഡിഎസ്ഒ-എഐഡിവൈഒ സംയുക്തമായി പ്രകടനം നടത്തി. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് കെ.ബിമൽജി ഉദ്ഘാടനം ചെയ്തു. കോട്ടയത്ത് നടന്ന പ്രതിഷേധ പരിപാടിക്ക് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം.കെ.ഷഹസാദ്, ജില്ലാ പ്രസിഡന്റ് ആർ.മീനാക്ഷി, സെക്രട്ടറി ജി.എസ്.ശാലിനി എന്നിവർ നേതൃത്വം നൽകി. ■




**ജെഎൻയുവിലെ അക്രമത്തിൽ പ്രതിഷേധിച്ച് ആലപ്പുഴ ടൗണിൽ എസ്‌യുസിഐ(സി) നടത്തിയ പ്രതിഷേധ പ്രകടനം**

# പൗരത്വ ഭേദഗതി നിയമം ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ തകർക്കുന്നു

(1-ാം പേജിൽ നിന്ന്)

ണ് അസ്സമിലെ എൻആർസിയെ ബിജെപി സർക്കാർ തള്ളിക്കളയുന്നത്? അടുത്തിടെ വിരമിച്ച, ഇന്ത്യയുടെ മുഖ്യന്യായാധിപന്റെ മേൽനോട്ടത്തിലാണ് അസ്സമിലെ എൻആർസി പ്രക്രിയ നടന്നത്. ഭാവിയിലേക്കുള്ള അടിസ്ഥാനരേഖ എന്ന് പറഞ്ഞാണ്, സ്ഥാനമൊഴിയുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് തീവ്രമായി അദ്ദേഹം എൻആർസിക്കുവേണ്ടി വാദിച്ചത്.



ഡൽഹിയിൽ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ എഐഡിഎസ്ഒ ദേശീയ വൈസ് പ്രസിഡന്റ് സഖാവ് അശോക് മിശ്ര അഭിസംബോധന ചെയ്യുന്നു

എൻആർസിയെ വിമർശിച്ചവരെയാകട്ടെ, "ചാരുകസേരക്കാർ, ശ്രദ്ധയില്ലാത്തവർ, ഉത്തരവാദിത്തമില്ലാത്തവർ, സ്ഥിതി വഷളാക്കുന്നവർ, തീ കൊണ്ടു കളിക്കുന്നവർ, ഇരട്ടത്താപ്പുകാർ, ഹീനമായ ഉദ്ദേശ്യങ്ങൾ പുലർത്തുന്നതിനാൽ പൗരത്വത്തിൽനിന്നും എന്നേ ഒഴിവാക്കേണ്ടവർ", എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളിലൂടെയാണ് അദ്ദേഹം തള്ളിക്കളഞ്ഞത്. പക്ഷേ, താൻ തന്നെ മേൽനോട്ടം വഹിച്ചിട്ടും എന്തുകൊണ്ടാണ് അസ്സമിലെ ഈ പ്രക്രിയ പരാജയമായത് എന്നതിനെക്കുറിച്ച് അദ്ദേഹം മൗനം പാലിക്കുന്നു. അസ്സം എൻആർസി പദ്ധതിയുടെ മുഖ്യസംഘാടകനായി നിയോഗിച്ചിരുന്ന ഐഎഎസ് ഉദ്യോഗസ്ഥനിൽ സർക്കാർ ഒരു ബലിയാടിനെ കണ്ടെത്തേണ്ടി വന്നതെന്തുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞില്ല. എങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഈ തള്ളിക്കളയൽ?

ഉത്തരം അന്വേഷിച്ച് ഏറെ ദൂരം പോകേണ്ടതില്ല. ഒന്നിനു പിറകേ ഒന്നായുള്ള തങ്ങളുടെ പ്രസംഗങ്ങളിൽ കേന്ദ്ര ആഭ്യന്തരമന്ത്രിയും മറ്റ് സംഘപരിവാർ നേതാക്കളും ഉറപ്പിച്ചു പറഞ്ഞിരുന്നത്, പൗരത്വ രജിസ്റ്റർ രൂപീകരിക്കുവാനുള്ള തങ്ങളുടെ പദ്ധതി രാജ്യമൊട്ടാകെ നടപ്പാക്കിക്കഴിഞ്ഞാലും ഒരു ഹിന്ദുവും നാടുകടത്തപ്പെടില്ല എന്നാണ്. വിദേശികളുടെ എണ്ണം ഊതിപ്പെരുപ്പിക്കുന്നതിനായി, 1971 മാർച്ച് 24 വരെ ബന്ധപ്പെട്ട അധികാരികൾ അനുവദിച്ചു നൽകിയ റേഷൻ കാർഡ്, അഭയാർത്ഥി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പൗരത്വ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ പോലും പൗരത്വത്തിനുള്ള അംഗീകൃതരേഖകളെന്ന നിലയിൽനിന്നും ഇടയിൽ വച്ച് ഒഴിവാക്കിയതടക്കമുള്ള നടപടികളാണ് അസ്സമിൽ കൈക്കൊണ്ടത്. പക്ഷേ, എന്നിട്ടു തന്നെയും, പൗരത്വ രജിസ്റ്റർ പ്രക്രിയയിലൂടെ കണ്ടെത്തിയ 19 ലക്ഷം ജനങ്ങളിൽ 12 ലക്ഷവും ഹിന്ദുക്കളായിരുന്നു. ഇവിടെ, ഭരണകർത്താക്കളും പൗരത്വ രജിസ്റ്ററിന്റെ പിന്തുണക്കാരും സൗകര്യപൂർവം ഒഴിഞ്ഞുമാറുന്ന ഒരു ചോദ്യമുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ച, അസ്സമിലെ പൗരത്വ പട്ടികയിൽ പേരില്ലാത്തവർ "വിദേശികളും അനധികൃത നുഴഞ്ഞുകയറ്റക്കാരും" ആണെങ്കിൽ, എങ്ങനെയാണ് അവരിൽ ഭൂരിഭാഗം പേർക്കും വോട്ടു ചെയ്യാൻ സാധിച്ചത്? പൗരത്വം തെളിയിക്കുന്ന സാധുവായ രേഖകളില്ലാതെ ആർക്കെങ്കിലും വോട്ടു ചെയ്യാൻ സാധിക്കുമോ? എന്തു തന്നെയായാലും, മുസ്ലീം പേരുകളേക്കാൾ ഹിന്ദു പേരുകൾ പട്ടികയിൽ കൂടുതലായി വന്നപ്പോൾ അസ്സമിലെ ബിജെപിയിൽ മുറുമുറുപ്പ് ആരംഭിച്ചു. തന്മൂലം, അസ്സം പൗരത്വ പട്ടികയുടെ രേഖ തള്ളിക്കളയുവാനും, അസ്സം അടക്കം രാജ്യമൊട്ടാകെയുള്ള പൗരത്വ രജിസ്റ്ററിന്റെ പുതിയ പ്രക്രിയ പ്രഖ്യാപിക്കുവാനും ഭരണകക്ഷിയുടെ മേലാളന്മാരും ബിജെപി സർക്കാരും നിർബന്ധിതരായി. ലളിതമായി പറഞ്ഞാൽ, സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ രൂപപ്പെടുത്തിയ ദേശീയ പൗരത്വ പട്ടിക വെറുമൊരു കടലാസ് കഷണമായി അവശേഷിക്കുന്നു. ഈ പ്രക്രിയ മൊത്തമായും വീണ്ടും നടത്താൻ പോകുന്നു - ഇത്തവണ രാജ്യവ്യാപകമായി.

ദേശീയ പൗരത്വ രജിസ്റ്ററിനു പിന്നിലെ യഥാർത്ഥലക്ഷ്യം, പൗരന്മാരുടെ പട്ടിക തയ്യാറാക്കുക എന്നതല്ല എന്നു വ്യക്തമാണ്; അത് എന്തായാലും കൃത്യമായ ഇടവേളയിൽ സെൻസസ് മുഖേന നടപ്പാകുന്നുണ്ട്. ഇതിനു പിന്നിൽ ഒളിപ്പിച്ചിരിക്കുന്ന അജണ്ട വ്യത്യസ്തമാണ്. അതിപ്പോൾ ഈ രാജ്യത്തെ പല വിശിഷ്ടവ്യക്തികളും, ജനാധിപത്യ മനോഭാവമുള്ള ചിന്തകരും അടക്കം പലരും പരസ്യമായി ചർച്ച ചെയ്യുകയും എതിർക്കുകയും ചെയ്യുന്നു. ഭരിക്കുന്ന ബിജെപിയും, അവരുടെ ആചാര്യന്മാരായ ആർഎസ്എസ് സംഘപരിവാരവും ആദ്യമേ വിദേശികളുമായും പൗരത്വവുമായും ബന്ധപ്പെട്ട ഇന്ത്യയുടെ നിയമങ്ങൾക്കുമേലാണ് തങ്ങളുടെ വർഗീയ രാഷ്ട്രീയം കളിച്ചു തുടങ്ങിയതെന്നത് ഇപ്പോൾ വ്യക്തമാണ്. ഇപ്പോൾ രാജ്യത്തെ നിവാസികളെ വിഭജിക്കുവാനും മതത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിക്കുവാനുമായി ബിജെപി സർക്കാർ അതിവേഗം പ്രവർത്തിച്ചിരിക്കുന്നു. സാധാരണയായി, ഒരു നുഴഞ്ഞുകയറ്റക്കാരൻ എന്നു പറയുന്നത് ഉണ്ടാക്കുന്ന ചിത്രം കൈയ്യിൽ തോക്കുമായി ആളുകളെ കൊല്ലാൻ വരുന്നതോ, മറ്റെന്തെങ്കിലും ഹീനലക്ഷ്യത്തോടെ വരുന്നതോ ആയ ഒരാളുടേതാണ്. പക്ഷേ, രേഖകളില്ലാതെ കുടിയേറുന്ന ഒരാളാകട്ടെ, ജീവിതപ്രാരാബ്ധങ്ങൾ മൂലമോ, പണിയെടുത്ത് ഒരു ദിവസത്തെയെങ്കിലും കൂലി നേടുന്നതിനായോ അതിർത്തി കടക്കുന്നയാളാണ്. ഇപ്പോൾ നമ്മുടെ ആഭ്യന്തരമന്ത്രിയാകട്ടെ ബംഗ്ലാദേശി കുടിയേറ്റക്കാരെ 'ചിതലുകൾ' എന്ന് വിളിക്കുന്നു, അവരെ ഇന്ത്യയിൽ നിന്നു പുറന്തള്ളുമെന്നും വാഗ്ദാനം ചെയ്യുന്നു. ആഭ്യന്തരമന്ത്രിയുടെ വാക്കുകൾ ഒരാൾ മുഖവിലയ്ക്ക് എടുത്താൽ, എൻആർസി പോലെയുള്ള പ്രക്രിയ രാജ്യമൊട്ടാകെ നടപ്പാക്കിക്കഴിഞ്ഞാൽ, മതിയായ രേഖകൾ കൈവശമില്ല എന്ന പേരിൽ നാടുകടത്തൽ ഭീഷണി നേരിടേണ്ടി വരുന്ന ജനവിഭാഗം മുസ്ലീങ്ങൾ മാത്രമാണ്. അതിന് അവർ അനധികൃതമായി ബംഗ്ലാദേശിൽ നിന്നും കുടിയേറിയതാണോ അതോ ഇവിടെ തന്നെ യഥാർത്ഥ പൗരന്മാരായി കഴിഞ്ഞുവരികയായിരുന്നോ എന്നത് അപ്രസക്തമാണ്. ബിജെപി സർക്കാർ സ്വീകരിക്കുന്ന നയങ്ങളും, ആർഎസ്എസ്-ബിജെപി നേതാക്കളുടെ പ്രസംഗങ്ങളും പ്രസ്താവനകളും, അവർ ആളിക്കത്തിക്കുന്ന ഹൈന്ദവ വർഗീയഭ്രാന്തിനും, മുസ്ലീം ന്യൂനപക്ഷങ്ങളെ ഒറ്റപ്പെടുത്തി അവർക്കെതിരേ വിദ്വേഷപ്രചാരണം നടത്തുന്നതിനും പ്രത്യക്ഷ ഉദാഹരണങ്ങളാണ്. ഇതെല്ലാം തന്നെ, വിവിധ വിദഗ്ദ്ധരും നിയമജ്ഞരും അറിവുള്ളവരും ശരിയായി ചൂണ്ടിക്കാട്ടിയതുപോലെ, ഭരണഘടനയുടെ 14-ാം വകുപ്പ് ഉറപ്പു നൽകുന്ന തുല്യതക്കുള്ള മൗലികാവകാശത്തെ ലംഘിക്കുന്നതാണ്. കാരണം, അഭയാർത്ഥികളിൽ ചില മതങ്ങളിൽ നിന്നുള്ളവരെ തെരഞ്ഞെടുക്കുകയും, മുസ്ലീം സമുദായത്തിൽ നിന്നുള്ളവരെ ഒഴിവാക്കുകയും ചെയ്യുകയെന്നത് മതത്തിന്റ അടിസ്ഥാനത്തിലുള്ള വിവേചനമാണ്.

പുതിയ പൗരത്വ നിയമം സൃഷ്ടിച്ചിട്ടുള്ള ഏറ്റവും ഗുരുതരമായ പ്രശ്നം രാജ്യത്തെ ഏതൊരുവന്റെയും പൗരത്വം ചോദ്യം ചെയ്യപ്പെടുമെന്ന സാഹചര്യം സൃഷ്ടിക്കുന്നുവെന്നതാണ്. അത്തരമൊരു ലക്ഷ്യം വിശദീകരിക്കുന്ന വകുപ്പുകൾ ഈ നിയമത്തിലില്ലെങ്കിലും രാജ്യവ്യാപകമായി പൗരത്വ രജിസ്റ്റർ നടപ്പാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള തയ്യാറെടുപ്പാണ് പുതിയ പൗരത്വ നിയമമെന്നതാണ് അപകടം. പൗരത്വ രജിസ്റ്റർ നടപ്പാക്കിയ അസ്സമിന്റെ അനുഭവം ഏതൊരാളെയും ഞെട്ടിപ്പിക്കുന്നതാണ്. ദശാബ്ദങ്ങളായി അസ്സമിന്റെ മണ്ണിൽ ജീവിച്ചുവന്ന സാധാരണജനങ്ങളിൽ 19 ലക്ഷം പേർ ഒറ്റയടിക്കു പൗരന്മാരല്ലാതായി. അസ്സമിലെ അന്തിമ പൗരത്വ രജിസ്റ്റർ വരുന്നതുവരെയും പ്രസ്തുത എൻആർസിക്കു വേണ്ടി നിലകൊണ്ട പാർട്ടിയാണ് ബിജെപിയെന്ന് നാം മറക്കരുത്. അതിനുശേഷം രാജ്യം മുഴുവൻ എൻആർസി നടപ്പാക്കുമെന്ന് ആവർത്തിച്ച് കേന്ദ്ര മന്ത്രിമാർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. രാജ്യം മുഴുവൻ അനധികൃത കുടിയേറ്റക്കാരുണ്ടെന്ന വാദമാണ് ബിജെപി കാലങ്ങളായി പ്രചരിപ്പിക്കുന്നത്. അപ്പോൾ പൗരത്വ രജിസ്റ്റർ നടപ്പാക്കി അനധികൃത കുടിയേറ്റക്കാരെ കണ്ടെത്തി അവരെ തുറുങ്കിലടച്ചോ, പുറത്താക്കിയോ രാജ്യത്തെ 'വെടിപ്പാക്കുക'യാണ് ബിജെപിയുടെ ലക്ഷ്യം. അനധികൃത കുടിയേറ്റക്കാരെ അരിഞ്ഞുവീഴ്ത്താൻ ലഭിച്ചിട്ടുള്ള ഏറ്റവും മൂർച്ചയുള്ള ആയുധമാണ് പുതിയ പൗരത്വ നിയമം. **പൗരത്വ രജിസ്റ്ററിന്റെ നടപടി പ്രകാരം തെളിയിക്കപ്പെടാത്ത ഏതൊരു പൗരത്വവും റദ്ദുചെയ്യപ്പെടും. അതിൽ മുസ്ലീമെന്നോ ഹിന്ദുവെന്നോ ഭേദവുമുണ്ടാകില്ല. അങ്ങിനെ ഒരു വ്യക്തിയുടെ പൗരത്വമെന്നത് നിയമത്തിനുപരി ഭരണകൂടത്തിന്റെ തീർപ്പായും ഔദാര്യമായും മാറ്റപ്പെടും.**

പക്ഷേ ശ്രദ്ധിക്കേണ്ട കാര്യം, ഇങ്ങനെ കുപ്രസിദ്ധി ആർജ്ജിച്ച ഒരു നയം ഇത്ര തീവ്രമായി പിന്തുടരാൻ ഭരിക്കുന്ന ബിജെപിയേയും അതിന്റെ സർക്കാരിനേയും, അതിന്റെ ഹിന്ദു വർഗീയ ആചാര്യന്മാരേയും ഇവർക്കെല്ലാം കുഴലൂതുന്നവരേയും പ്രേരിപ്പിക്കുന്നതെന്താണ്? കാരണം, വർദ്ധിക്കുന്ന, നിർദ്ദയമായ മുതലാളിത്തചൂഷണം ചവിട്ടിയരയ്ക്കുന്ന ജനങ്ങൾക്ക് ഒന്നുംതന്നെ നൽകാൻ ഇവരുടെ കൈയിൽ ഇല്ല. ഈ ചൂഷണത്തിനു ജനത്തെ വിധേയരാക്കുന്നതിലും ഭരണകൂടം തന്നെയാണ് പങ്കു വഹിക്കുന്നത്. സാമ്പത്തികരംഗം തകർന്നിരിക്കുന്നു; അതുപോലെ തന്നെ ജീവിതത്തിന്റെ ഓരോ വശങ്ങളും. ഇങ്ങനെ ഒരു സാഹചര്യത്തിൽ, എന്തൊക്കെ തരത്തിലുള്ള കുതന്ത്രങ്ങളിലൂടെയും തെരഞ്ഞെടുപ്പു വിജയം നേടി ദീർഘകാലം ഭരിച്ചാലും, ബിജെപിക്കും അവരെ അധികാരത്തിലെത്തിച്ച കുത്തകകൾക്കും ഒരു പേടിയുണ്ട്. തങ്ങളുടെ ജീവനും ജീവിതത്തിനും മേലെയുള്ള ഈ തുടർച്ചയായ ആക്രമണങ്ങൾ വീണ്ടും തുടർന്നു പോവുകയാണെങ്കിൽ ജനങ്ങളുടേതായ ഒരു മുന്നേറ്റം ഉണ്ടാകുമോ എന്നതാണ് ആ പേടി. അപ്പോൾ, അതിനെ പ്രതിരോധി

(ശേഷം 3-ാം പേജിൽ)




ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കായംകുളത്ത് നടന്ന സംഗമം പ്രശസ്ത എഴുത്തുകാരനും പൗരാവകാശ പ്രവർത്തകനുമായ ഡോ.ജനാർദ്ദനകുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു

# ദേശീയ പൗരത്വ രജിസ്റ്ററിന് പിന്നിൽ സംഘപരിവാർ അജണ്ട

(2-ാം പേജിൽ നിന്ന്)

ക്കാൻ അവരുടെ കൈവശമുള്ള ഒരേയൊരു ആയുധമെന്നത്, വർഗീയവികാരം നിരന്തരം ആളിക്കത്തിച്ച്, അധ്വാനിക്കുകയും ദുരിതമനുഭവിക്കുകയും ചെയ്യുന്ന ജനങ്ങളുടെ ഐക്യത്തിൽ വിള്ളലുണ്ടാക്കുക എന്നതാണ്. സാധാരണജനങ്ങളുടെ ഐക്യത്തിനും സാഹോദര്യത്തിനും മുറിവേൽപ്പിച്ചാൽ, സങ്കുചിതമായ ഒരു മനഃസ്ഥിതി വളർന്നു വരികയും, ഒരു മതവിഭാഗത്തിന് തങ്ങളുടെ എല്ലാ ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും കാരണം മറ്റൊരു മതവിഭാഗമാണെന്ന് വിശ്വസിക്കാൻ ഇടവരുത്തുകയും ചെയ്യും. എല്ലാ തിന്മകളുടേയും അടിവേരായ ഭരണമുതലാളിവർഗം സംരക്ഷിക്കപ്പെടുകയും ചെയ്യും. പരസ്പരവിനാശകമായ തർക്കങ്ങളിലും സംഘർഷങ്ങളിലും ജനങ്ങൾ ഉൾപ്പെടുന്നത് ഭരണമുതലാളി വർഗത്തിനും അവരുടെ ചെരുപ്പുനക്കികളായ രാഷ്ട്രീയകാര്യദർശികൾക്കും വളരെ ആശ്വാസം നൽകുന്നതാണ്. ദേശീയ പൗരത്വ പട്ടികയ്ക്കും അതിന്റെ അനുബന്ധ നിയമനിർമാണങ്ങൾക്കും പിന്നിൽ ഒളിച്ചു വച്ചിരിക്കുന്ന ഇത്തരം ഹീനലക്ഷ്യങ്ങളെ കുറിച്ച് എത്ര വേഗം ജനങ്ങൾ മനസ്സിലാക്കുന്നുവോ, അത്രയും വേഗത്തിൽ, അധികാരത്തിന്റെ ദന്തഗോപുരങ്ങളിലിരുന്ന് തങ്ങളുടെ ജീവിതങ്ങളെ പിച്ചിച്ചീന്തുന്ന യഥാർത്ഥ ശത്രുക്കളുടെ മുഖംമൂടികളെ അവർക്ക് വലിച്ചുകീറാൻ സാധിക്കും.

**പൗരത്വ ഭേദഗതി നിയമം**

നരേന്ദ്ര മോദി നയിക്കുന്ന ബിജെപിയുടെ കേന്ദ്ര സർക്കാർ, രാജ്യത്തെ ഒന്നാകെ അരാജകത്വത്തിലേക്കും അനിശ്ചിതത്വത്തിലേക്കും തള്ളിയിട്ടുകൊണ്ടും മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ ഭിന്നിപ്പിച്ചുകൊണ്ടും ഇക്കഴിഞ്ഞ ഡിസംബർ 9ന് ലോക്സഭയിലും ഡിസംബർ 11ന് രാജ്യസഭയിലും 1955ലെ പൗരത്വ നിയമം ഭേദഗതി ചെയ്തുകൊണ്ട് ബിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയുമുണ്ടായി. ഇൻഡ്യയിലേക്ക് പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്ന് 2014 ഡിസംബർ 31നു മുമ്പ് കുടിയേറിയിട്ടുള്ള ഹിന്ദു, സിക്ക്, ബുദ്ധ, ക്രിസ്ത്യൻ, ജൈന, പാഴ്സി മതവിശ്വാസികളായിട്ടുള്ളവർക്ക് പൗരത്വം നൽകുന്ന ഒന്നാണ് പൗരത്വ ഭേദഗതി നിയമം. ഈ രാജ്യങ്ങളിൽ നിന്നുവന്നിട്ടുള്ള മുസ്ലീങ്ങളെ ഒഴിവാക്കിക്കൊണ്ടാണ് പുതിയ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ രാജ്യങ്ങളിൽ മതപീഡനം അനുഭവിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളാണ് മുകളിൽ പറഞ്ഞവരെന്നാണ് സർക്കാരിന്റെ വാദം. അനധികൃത കുടിയേറ്റക്കാർക്ക് പൗരത്വം നൽകണമെങ്കിൽ, ഇൻഡ്യയിൽ അവർക്ക് 11 വർഷത്തിന്റെയെങ്കിലും സ്ഥിരവാസം (Residency) ഉണ്ടായിരിക്കണമെന്നായിരുന്നു നിലവിലുള്ള പൗരത്വ നിയമം അനുശാസിച്ചിരുന്നത്. അത് പുതിയനിയമ ഭേദഗതി 5 വർഷമായി കുറയ്ക്കുകയും ചെയ്തു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ആറാം പട്ടികയിൽപ്പെടുന്ന പ്രദേശങ്ങളെ ഈ നിയമത്തിൽനിന്നൊഴിവാക്കിയിട്ടുണ്ട്.




ഡിസംബർ 28ന് കൊൽക്കത്ത നഗരത്തിൽ നടന്ന പടുകൂറ്റൻ പ്രതിഷേധ റാലി

രാജ്യത്തെ ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളെ തകർക്കുന്ന ഒന്നാണ് ഈ നിയമഭേദഗതിയെന്നും ഇത് ഉടൻ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് രാജ്യത്തിന്റെ മുക്കിനും മൂലയിലും പ്രതിഷേധ പ്രകടനങ്ങൾ അലയടിക്കുകയാണ്. ലക്ഷോപലക്ഷം ജനങ്ങളും വിദ്യാർത്ഥികളും ഇന്ന് തെരുവിലാണ്. ഭരണഘടനാവിരുദ്ധമായ രാഷ്ട്രീയ അജണ്ടകളോടെ നീങ്ങുന്ന കേന്ദ്രസർക്കാരാകട്ടെ, ഈ പ്രതിഷേധങ്ങളെ പോലീസിന്റെയും അധികാരത്തിന്റെയും ബലം ഉപയോഗിച്ച് നിശബ്ദമാക്കാനാണ് ശ്രമിക്കുന്നത്. രാജ്യത്തെ നിരായുധരായ ജനങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ് ബിജെപി ഭരണം. ഈ കിരാതനിയമത്തിനെതിരെ സമരം ചെയ്ത നിരവധി ആളുകൾ തോക്കിനിരയായി. ബിജെപി ഭരിക്കുന്ന യുപിയിൽ പോലീസിന്റെ നേതൃത്വത്തിലും ഒത്താശയോടെയും നടക്കുന്ന ഭീതിദമായ നരനായാട്ടിന്റെ വാർത്തകളാണ് ദിനംപ്രതി പ്രവഹിക്കുന്നത്. അവിടെ മാത്രം പോലീസ് വെടിവയ്പിൽ ഇതിനോടകം 20 പേർ കൊലചെയ്യപ്പെട്ടുകഴിഞ്ഞു. രാജ്യമെമ്പാടും നൂറുകണക്കിന് ആളുകളെ അറസ്റ്റുചെയ്തു. ഉയർന്ന സാമൂഹ്യ പദവിയുള്ള വ്യക്തിത്വങ്ങളെവരെ കസ്റ്റഡിയിലെടുത്തു. 6 സംസ്ഥാനങ്ങളിലും യുപിയിലെ നിരവധി ജില്ലകളിലും ഇന്റർനെറ്റ് വിച്ഛേദിച്ചു. ആഗസ്റ്റ് 5ന് കാശ്മീരിൽ വിച്ഛേദിക്കപ്പെട്ട ഇന്റർനെറ്റ് ഇതുവരെയും പുനഃസ്ഥാപിച്ചിട്ടില്ല. ഓൺലൈൻ വ്യാപാരവും ഇടപാടുകളും പൂർണ്ണമായും നിലച്ചതോടെ വാണിജ്യരംഗം കോടികളുടെ നഷ്ടത്തിലേക്ക് പതിച്ചിരിക്കുന്നു. ബാങ്കിംഗ് ഇടപാടുകൾ ഏതാണ്ട് പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. എടിഎമ്മുകൾ പ്രവർത്തനരഹിതമായി. തങ്ങളുടെ ഹീനമായ രാഷ്ട്രീയ അജണ്ടകൾ നടപ്പാക്കാൻ ഏതറ്റംവരെയും പോകുന്ന ഇക്കൂട്ടർ, നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയെ വീണ്ടും വഷളാക്കുന്ന നടപടികളിലൂടെ രാജ്യത്തെ തകർക്കുകയാണ് ചെയ്യുന്നത്. ഇവരുടെ രാജ്യസ്നേഹവായ്ത്താരികൾ തികഞ്ഞ കാപട്യമാണെന്ന് അങ്ങിനെ വീണ്ടും തെളിയുകയാണ്.




ആർഎംഎസ് ഓഫീസ് മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ സെക്രട്ടേറിയറ്റിന് മുൻപിൽ ഉദ്ഘാടനം ചെയ്യുന്നു

ഇത്തരമൊരു നിയമം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും നിയമത്തെ സംബന്ധിച്ചും അടിസ്ഥാനരഹിതമായ വാദങ്ങളാണ് കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ പ്രചരിപ്പിക്കുന്നത്. വാദങ്ങൾ സമർത്ഥിക്കാൻ പാർലമെന്റിൽപോലും പച്ചനുണകൾ അവതരിപ്പിക്കുകയാണ് ഇക്കൂട്ടർ. പാക്കിസ്ഥാനിലെ മുസ്ലീം ഇതര ജനസംഖ്യ 23 ശതമാനത്തിൽ നിന്ന് 3.7 ശതമാനമായി കുറഞ്ഞുവെന്ന കണക്ക് ഈ നിയമം അവതരിപ്പിച്ചുകൊണ്ട് പാർലമെന്റിൽ പറഞ്ഞത് ആഭ്യന്തരമന്ത്രി അമിത്ഷായാണ്. പിന്നീട് മാധ്യമങ്ങളൊന്നാകെ ഇത് വസ്തുതാവിരുദ്ധമാണെന്ന് രേഖകൾ സഹിതം സമർത്ഥിച്ചിട്ടും അതു തിരുത്തുന്നില്ലെന്നു മാത്രമല്ല ഈ കല്ലുവച്ച നുണ ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. ബിജെപിയുടെ പ്രചാരണത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ ഈയൊരൊറ്റ ഉദാഹരണം മാത്രം മതി.

ഈ രാജ്യമൊന്നാകെ ഉയർത്തുന്ന ചോദ്യം, ഈ പൗരത്വ നിയമഭേദഗതിയിൽ നിന്നും എന്തുകൊണ്ട് മുസ്ലീങ്ങൾ ഒഴിവാക്കപ്പെട്ടുവെന്നതാണ്. ഒരു നിയമം വർഗ്ഗീകരണത്തിനു മുതിരുമ്പോൾ അത് യുക്തിഭദ്രമായിരിക്കണമെന്നത് (reasonable and rationale classification) ഭരണഘടനാ സമീപനമാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള 6 മതവിഭാഗങ്ങളെ മാത്രം തെരഞ്ഞെടുക്കുകയും ഇസ്ലാം മതവിശ്വാസികളെ ഒഴിവാക്കുകയും ചെയ്തതുവഴി, പൗരത്വ നിയമ ഭേദഗതിയിൽ ഈ തത്വം പൂർണ്ണമായും ലംഘിച്ചിരിക്കുകയാണ്. അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽനിന്നും ഈ 6 മതവിഭാഗങ്ങളോടൊപ്പം മുസ്ലീങ്ങളും കുടിയേറിയിട്ടുണ്ട്. മറ്റുള്ളവരെ പൗരത്വത്തിനായി പരിഗണിക്കുമ്പോൾ, പ്രസ്തുത അവസരവും അവകാശവും ഇസ്ലാം മതവിശ്വാസികൾക്ക് നിഷേധിക്കുന്നത് ഭരണഘടന അനുശാസിക്കുന്ന തുല്യ നീതിയുടെയും തുല്യ അവസരത്തിന്റെയും നഗ്നമായ നിഷേധമാണ്. ബിജെപി ദേശീയ അദ്ധ്യക്ഷൻ അമിത് ഷായുടെ പേരിൽ, ഗൃഹസമ്പർക്ക പരിപാടിയിൽ വിതരണം ചെയ്യുന്ന 'കമൽ സന്ദേശ്' ഇക്കാര്യത്തിൽ മൗനം പാലിക്കുകയാണ്. 6 മതവിഭാഗങ്ങളെ മാത്രം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമായി സർക്കാർ അവതരിപ്പിക്കുന്നത് അവർ മതപീഡനം നേരിടുന്ന ന്യൂനപക്ഷവിഭാഗങ്ങളാണ് എന്നതാണ്. മതപീഡനത്തോടൊപ്പം രാഷ്ട്രീയ പീഡനവും സാമ്പത്തിക പീഡനവും തുടങ്ങി ഒട്ടനവധി കാരണങ്ങൾ കുടിയേറ്റത്തിന് കാരണമായിരിക്കുമ്പോൾ മതപീഡനം മാത്രം മാനദണ്ഡമാക്കുന്നതിന്റെ യുക്തി എന്താണ്?

അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽനിന്ന് മുസ്ലീം ജനവിഭാഗങ്ങൾ ഇൻഡ്യയിലേക്ക് കുടിയേറിയിട്ടുണ്ടെന്നത് കേന്ദ്ര സർക്കാരിന്റെ വക്താക്കളും അംഗീകരിക്കുന്ന വസ്തുതയാണല്ലോ. ഇൻഡ്യയിൽ അഭയം യാചിച്ചുവരാൻ അവരെ പ്രേരിപ്പിച്ച ഘടകം എന്തായിരിക്കണം? മതപരമായ കാരണമാകാൻ സാധ്യതയില്ലല്ലോ. ഏതൊരു രാജ്യത്തെയും സാധാരണ ജനങ്ങൾ തങ്ങൾ ജനിച്ചു വളർന്ന സ്വന്തം മണ്ണ് ഉപേക്ഷിച്ച് മറ്റൊരിടം അഭയകേന്ദ്രമായി പരിഗണിക്കാൻ നിർബന്ധിതമാകുന്നതിൽ സാമ്പത്തികമായ നിസ്സഹായത വലിയൊരു പങ്കു വഹിക്കുന്നുണ്ട്. മുകളിൽ സൂചിപ്പിച്ച മൂന്നുരാജ്യങ്ങളിലെ രാഷ്ട്രീയ അസ്ഥിരതയും ദാരിദ്ര്യവും മുസ്ലീങ്ങൾ അടക്കമുള്ള എല്ലാ ജനവിഭാഗങ്ങളെയും അവിടങ്ങൾ ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്നുണ്ടെന്നത് തർക്കമറ്റ കാര്യമാണ്. അത്തരമൊരു സാഹചര്യത്തിൽ മതപരമായ പീഡനത്തെ മാത്രം അടിസ്ഥാനമാക്കി പൗരത്വം നിർണ്ണയിക്കുന്ന നിയമം ജനാധിപത്യത്തിന്റെ പ്രാഥമികതത്വത്തിന്റെ നിഷേധമാണ്. കൊടിയ ദാരിദ്ര്യമെന്ന ഒറ്റ കാരണംകൊണ്ട് ഈ രാജ്യങ്ങൾ ഉപേക്ഷിച്ച മുസ്ലീം ഇതര വിഭാഗങ്ങൾക്ക് പൗരത്വം ലഭിക്കുകയും അതേ കാരണം

(ശേഷം 4-ാം പേജിൽ)

# മാദ്ധ്യമങ്ങളെ അമ്പരപ്പിച്ച കോടതി ഉത്തരവുകൾ

**ജുഡീഷ്യറിയുടെ സ്വയംഭരണാവകാശം അട്ടിമറിക്കാനും അതിനെ, ഭരണവർഗ്ഗ താല്പര്യങ്ങൾ ജനങ്ങൾക്കുമേൽ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കാനുള്ള ഉപാധിയാക്കാനും ദീർഘകാലമായി ശ്രമങ്ങൾ നടക്കുന്നു. അയോദ്ധ്യ വിധി സൃഷ്ടിച്ച അങ്കലാപ്പ് ജുഡീഷ്യറിയുടെ അപചയത്തിന്റെ ചരിത്രം പരിശോധിക്കാൻ നമ്മെ നിർബന്ധിതരാക്കുകയാണ്. മാദ്ധ്യമങ്ങളെ അമ്പരപ്പിച്ച ഏതാനും കോടതി ഉത്തരവുകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്.**



1999 ഡിസംബറിൽ ഡൽഹിയിൽ സുപ്രീം കോടതി അങ്കണത്തിൽ നടന്ന ചീഫ് ജസ്റ്റിസുമാരുടെ സമ്മേളനം "നീതിന്യായ മൂല്യങ്ങളുടെ (നീതിന്യായ പെരുമാറ്റച്ചട്ടത്തിന്റെ) പുനഃപ്രഖ്യാപനം" ഏകകണ്ഠമായി അംഗീകരിക്കുകയുണ്ടായി. നിഷ്പക്ഷമായ നീതിനിർവ്വഹണത്തിൽ ജഡ്ജിമാർ അനിവാര്യമായും പാലിക്കേണ്ട മാർഗ്ഗനിർദേശങ്ങൾ ഈ പ്രഖ്യാപനം ഉൾക്കൊള്ളുന്നു. കഴിഞ്ഞ ജൂൺ 18ന് റഷ്യയിൽ നടന്ന മറ്റൊരു സമ്മേളനത്തിൽ ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് പങ്കെടുത്തിരുന്നു. അദ്ദേഹം പറഞ്ഞത് സ്വതന്ത്രമായ പ്രവർത്തനം നീതിന്യായ വ്യവസ്ഥയുടെ ആത്മാവാണ് എന്നത്രെ. ഭരണ വ്യവസ്ഥകളും സംവിധാനങ്ങളും എന്തുതന്നെയായാലും ഏതൊരു രാജ്യത്തെയും ജനങ്ങൾ ആഗ്രഹിക്കുന്നത് സ്വച്ഛന്ദവും സ്വതന്ത്രവുമായ ഒരു നീതിന്യായ സംവിധാനം ഉണ്ടാകണമെന്നാണ്. മനുഷ്യന്റെ പ്രവൃത്തികളെയും നിലപാടുകളെയും സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാനുള്ള അധികാരം അതിനുണ്ടാകണം. നീതിന്യായ വ്യവസ്ഥയുടെ സ്വാതന്ത്ര്യം ഒരു ഒറ്റമൂലി പ്രയോഗത്തിലൂടെ നേടാനാവില്ല. നിരന്തരമായുണ്ടാകാവുന്ന ആക്രമണങ്ങളെ അതിജീവിച്ച് നിലനിർത്തേണ്ട ഒരു അവസ്ഥയാണത്. അതിനുള്ള കരുത്ത് അത് ആന്തരികമായിത്തന്നെ ആർജ്ജിക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. (ഇന്ത്യൻ എക്സ്പ്രസ്സ് 20-06-2019)

എസ്.പി.ഗുപ്ത രാഷ്ട്രപതിക്കും മറ്റുമെതിരെ ഫയൽചെയ്ത കേസ് നീതിന്യായ വ്യവസ്ഥയുടെ സ്വാതന്ത്ര്യത്തെ ബാധിക്കുംവിധമുള്ള ഭരണഘടനാപ്രാധാന്യമുള്ള ഒന്നായിരുന്നു. 1981 ഡിസംബർ 30ന് ഈ കേസിൽ വിധിപറയവെ, ജഡ്ജിമാർ സ്വയം ഓർമ്മിപ്പിക്കുംവിധം പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു: "ജഡ്ജിമാർ ഉറച്ച കാതലും കഴമ്പും ഉള്ളവരായിരിക്കണം. രാഷ്ട്രീയമോ സാമ്പത്തികമോ ആയ ശക്തികൾക്കുമുന്നിൽ അവർ നട്ടെല്ല് വളയ്ക്കരുത്. 'നിങ്ങൾ എത്ര ഉന്നതനായാലും നിയമം നിങ്ങൾക്കും മുകളിലായിരിക്കും' എന്ന നിയമവാഴ്ചയുടെ മൂലതത്വം അവർ സദാ മനസ്സിൽ സൂക്ഷിക്കണം." (ദ വയർ 16-05-2019) എന്നാൽ, ഈ പ്രതിജ്ഞകൾക്ക് നിരക്കുംപടിയുള്ള കാര്യങ്ങളാണോ കഴിഞ്ഞ അഞ്ചുപതിറ്റാണ്ടുകാലമായി സംഭവിച്ചുകൊണ്ടിരിക്കുന്നത്? മാദ്ധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ നമുക്കൊന്ന് പരിശോധിക്കാം.

### ജുഡീഷ്യറിയുടെ സ്വയംഭരണാവകാശം തകിടംമറിക്കാൻ 1970കളിൽ നടന്ന ശ്രമങ്ങൾ

1973ൽ മൂന്ന് സീനിയർ ജഡ്ജിമാരെ മറികടന്നാണ് ജസ്റ്റിസ് എ.എൻ.റായിയെ ഇന്ദിരാഗവണ്മെന്റ് ചീഫ് ജസ്റ്റിസ് ആയി നിയമിച്ചത്. ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിന് നേരെയുള്ള ആക്രമണമായാണ് ഇത് കരുതപ്പെട്ടത്. കേശവാനന്ദ ഭാരതി കേസിന്റെ വിധി വന്ന് തൊട്ടുപിറ്റേന്നാണ് നിയമനം നടത്തിയത്. സാധാരണ ഗതിയിൽ പാർലമെന്റിനുള്ള അധികാരം വച്ചുകൊണ്ട് ഭരണഘടനാഭേദഗതികൾ കൈക്കൊള്ളാൻ ഭരണഘടനയുടെ 368-ാം വകുപ്പ് പാർലമെന്റിന് അധികാരം നൽകുന്നില്ലെന്നും നിയമനിർമ്മാണ സഭയല്ല ഭരണഘടനയാണ് പരമമെന്നും ഈ കേസിൽ വിധിയുണ്ടായി. ഇരുപത്തിനാലാം ഭരണഘടനാഭേദഗതിക്ക് ശേഷമുള്ള ഭേദഗതികളൊക്കെ ഇതുമൂലം അസാധുവായി. ഏഴ് ജഡ്ജിമാർ വിധിയെ അനുകൂലിച്ചപ്പോൾ 6 പേർ എതിർത്തു. അനുകൂലിച്ച മൂന്ന് സീനിയർ ജഡ്ജിമാരെ മറികടന്നുകൊണ്ടാണ് എതിർത്തവരിൽ ഒരാളായ എ.എൻ.റായിയെ ഇന്ദിരാഗവണ്മെന്റ് നിയമിച്ചത്. ഈ മൂന്ന് ജഡ്ജിമാരും ഇതോടെ രാജിവച്ചു. എന്നാൽ ഈ വിധി പരക്കെ അംഗീകരിക്കപ്പെട്ടു. ഇതേ റായ് ചീഫ്ജസ്റ്റിസ് ആയിരിക്കുമ്പോൾ, 39-ാം ഭേദഗതിയിലൂടെ തനിക്കെതിരായ കേസ് അമർച്ചചെയ്യാൻ ഇന്ദിരാഗാന്ധി ശ്രമിച്ചതും 75-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതുമൊക്കെ കോടതി വിധിയുടെ ന്യായയുക്തതയ്ക്ക് തെളിവായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത്, പൗരന്മാരുടെ ജീവനും സ്വാതന്ത്ര്യവും സംരക്ഷിക്കുന്ന അവകാശങ്ങളും, നിലനിൽക്കില്ലെന്ന വിധിയും ജസ്റ്റിസ് റായ് ചീഫ്ജസ്റ്റിസ് ആയിരിക്കുമ്പോഴാണ് ഉണ്ടായത്. നാടിന്റെ ഭാവിയിലേയ്ക്ക് ഉറ്റുനോക്കുന്ന ജഡ്ജിമാരെയല്ല, ചീഫ്ജസ്റ്റിസിന്റെ കസേരയിലേയ്ക്ക് ഉറ്റുനോക്കുന്നവരെയാണ് ഇതിലൂടെ സൃഷ്ടിക്കുന്നതെന്ന് മുൻ ചീഫ്ജസ്റ്റിസ് മുഹമ്മദ് ഹിദായത്തുള്ള പരിഹസിക്കുകയുണ്ടായി. (ഇക്കണോമിക് ടൈംസ് 16-08-2018) നീതിന്യായ സംവിധാനത്തെ സർക്കാരിന് വിധേയമാക്കാനുള്ള ഈ നീക്കം രാജ്യത്തിന്റെ ജുഡീഷ്യറിക്കുമേൽ വലിയ ആഘാതമേൽപ്പിക്കുകയുണ്ടായി.

### തുടർന്നുണ്ടായ സംഭവവികാസങ്ങൾ

ഈ പ്രവണത പിന്നെയും തുടർന്നു. ഗുജറാത്ത് ഹൈക്കോടതി ചീഫ്ജസ്റ്റിസ്, തന്നെ തഴയുന്നുവെന്ന് ഒരിക്കൽ രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും പരാതി അയച്ചു. കൽക്കത്ത ഹൈക്കോടതി ചീഫ്ജസ്റ്റിസ് ആയിരിക്കുമ്പോൾ സുപ്രീം കോടതി ചീഫ്ജസ്റ്റിസിന്റെ സഹോദരിക്ക് ഹൈക്കോടതി ജഡ്ജിയായി സ്ഥാനക്കയറ്റം നൽകുന്നതിനെ എതിർത്തതാണ് കാരണമെന്നും അദ്ദേഹം പരാതിയിൽ പറഞ്ഞിരുന്നു. (ദ ഹിന്ദു 26-07-2014) ഡിഎംകെയുടെ സമ്മർദ്ദഫലമായി മുൻ കേന്ദ്ര ഗവണ്മെന്റ് ആവശ്യപ്പെട്ടതനുസരിച്ച് മദ്രാസ് ഹൈക്കോടതിയിലെ, അഴിമതി ആരോപണം നേരിടുന്ന ഒരു അഡീഷണൽ ജഡ്ജിക്ക് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് കാലാവധി നീട്ടിക്കൊടുത്തു. മുൻ സുപ്രീംകോടതി ജഡ്ജിയായിരുന്ന മാർക്കണ്ഡേയ കട്ജു ഇതിനെ നിശിതമായി വിമർശിക്കുകയുണ്ടായി. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ അധ്യക്ഷനായിരുന്ന കൊളീജിയം, മദ്രാസ് ഹൈക്കോടതിയിലെ മോശം പ്രതിച്ഛായയുള്ള ഒരു ജഡ്ജിയെ സുപ്രീംകോടതി ജഡ്ജിയായി നിയമിക്കാൻ നടത്തിയ നീക്കത്തെ താൻ തടഞ്ഞ കാര്യവും അദ്ദേഹം ബ്ലോഗിൽ കുറിക്കുകയുണ്ടായി. (ഇന്ത്യാ ടുഡേ 11-08-2014) ടെലികോം മന്ത്രിയായിരിക്കുമ്പോൾ ഡി.രാജ നടത്തിയ 2ജി സ്പെക്ട്രം അഴിമതിയെക്കുറിച്ച് സുപ്രീംകോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് ഗോഖലെ, ചീഫ് ജസ്റ്റിസ് ബാലകൃഷ്ണന് കത്തെഴുതിയെങ്കിലും അദ്ദേഹം അത് ഗൗരവമായെടുത്തില്ല. രാഷ്ട്രീയത്തെയും ഉദ്യോഗസ്ഥ സംവിധാനത്തെയുംപോലെ ജുഡീഷ്യറിയും അഴിമതിയുടെ പിടിയിലാണെന്ന് ഒരിക്കൽ ജി.എസ്. സിംഗ്‌വി അഭിപ്രായപ്പെട്ടു. ജുഡീഷ്യറിയുടെ വിശ്വാസ്യത തകരുകയാണെന്നും ജഡ്ജിമാർ സത്യസന്ധമായി കർത്തവ്യനിർവ്വഹണം നടത്തണമെന്നും 2016ൽ ചീഫ് ജസ്റ്റിസ് പി.എസ്.താക്കൂർ അഭിപ്രായപ്പെട്ടിരുന്നു. (ഹിന്ദുസ്ഥാൻ ടൈംസ് 14-03-2016)

**മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയി അടക്കം നാല് മുതിർന്ന സുപ്രീംകോടതി ജഡ്ജിമാർ, ചീഫ് ജസ്റ്റീസ് ദീപക് മിശ്രയുമായി പരസ്യമായ ഏറ്റുമുട്ടലിന് തയ്യാറായത് രണ്ടുവർഷം മുമ്പ് മാത്രമാണ്. നീതിന്യായ സംവിധാനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതും സുപ്രീം കോടതിയുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നതും ചീഫ് ജസ്റ്റിസിന്റെ ഓഫീസിന്റെ പ്രവർത്തനത്തിൽ ദൂഷ്യഫലങ്ങൾ ഉളവാക്കുന്നതും ജുഡീഷ്യറിയുടെ അന്തസ്സിന് നിരക്കാത്തതുമൊക്കെയായ വിധികളുണ്ടാകുന്നു എന്നും അവർ ആരോപിച്ചു. (ദ ഹിന്ദു-ബിസിനസ് ലൈൻ 12-01-2018)**

### സൊറാബുദ്ദീൻ വ്യാജ ഏറ്റുമുട്ടൽ കേസും 'ആഗ്രഹിച്ച' കോടതി വിധിയും

2005-06ൽ ഗുജറാത്തിൽ നടന്ന വ്യാജ ഏറ്റുമുട്ടലിൽ സൊറാബുദ്ദീൻ, കൗസർബി, തുളസീറാം പ്രജാപതി എന്നിവർ

*(ശേഷം 5-ാം പേജിൽ)*

## എൻആർസിയും പൗരത്വ ഭേദഗതി നിയമവും...

*(3-ാം പേജിൽ നിന്ന്)*

കൊണ്ട് ഇവിടെയെത്തിയ മുസ്ലീങ്ങൾക്ക്, അവർ ഇസ്ലാം മതവിശ്വാസിയായിപ്പോയി എന്ന കാരണത്താൽ അതു ലഭിക്കാതിരിക്കുകയും ചെയ്യുക അടിസ്ഥാനപരമായി എത്രയോ മനുഷ്യത്വവിരുദ്ധമാണ്. വാദത്തിനുവേണ്ടി മതപീഡനമാണ് മാനദണ്ഡമെന്ന് അംഗീകരിച്ചാൽ, ഇതേ മതപീഡനം താങ്ങാനാവാതെ വന്ന പാക്കിസ്ഥാനിലെ അഹമ്മദീയ, ഷിയ വിഭാഗങ്ങളെയും ബർമ്മയിലെ രോഹിംഗ്യൻ അഭയാർത്ഥികളെയും പരിഗണിക്കാത്തതെന്തുകൊണ്ടാണ്. അതിനും 'കമൽ സന്ദേശി'ൽ വിശദീകരണമില്ല. ഒരു രാജ്യത്തെ ന്യൂനപക്ഷ പീഡനമാണ് പ്രശ്നമെങ്കിൽ ശ്രീലങ്കയിൽനിന്നുള്ള ന്യൂനപക്ഷമായ മുസ്ലീങ്ങൾക്ക് ആ പരിഗണന ലഭിക്കാതെ പോയതെന്താണ്? മൃഗീയമായ രാഷ്ട്രീയ പീഡനം സഹിക്കവയ്യാതെ ആ രാജ്യത്തുനിന്ന് കൂട്ടപലായനം ചെയ്ത പതിനായിരക്കണക്കിന് തമിഴ് ജനതയെ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ്?

ചോദ്യങ്ങൾ ഇവിടെ അവസാനിക്കുന്നില്ല. അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നീ മൂന്നുരാജ്യങ്ങൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമെന്താണ്? ഇൻഡ്യയുമായി അതിർത്തി പങ്കിടാത്ത രാജ്യമായ അഫ്ഗാനിസ്ഥാൻ ഉൾപ്പെട്ടപ്പോൾ അതിർത്തിരാജ്യമായ ശ്രീലങ്കയും ബർമ്മയും ഉൾപ്പെടാതെ പോയതെന്തുകൊണ്ടാണ്. രാജ്യങ്ങളെ തെരഞ്ഞെടുത്തതും ഹീനമായ ലക്ഷ്യങ്ങളോടെയാണെന്ന് ഇത് വ്യക്തമാക്കുന്നു. മുസ്ലീം വിരുദ്ധതയെ കൂടുതൽ ഉറപ്പിക്കാനും അണയാതെ നിലനിർത്താനും മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിലെ ന്യൂനപക്ഷപീഡനം പ്രചാരണവിഷയമാക്കാനും ലക്ഷ്യംവച്ചുകൊണ്ടാണ് അവയെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നത്. **ഒരു നിയമത്തിന്റെ രൂപീകരണവും അതിന്റെ നിലനിൽപ്പുതന്നെയും വിവേചനത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നത്, രാജ്യത്തിന്റെ ജനാധിപത്യ-മതേതര ഘടനയുടെ മേൽ പതിച്ച കനത്ത ആഘാതമാണ്. ഒരു നിയമത്തിന്റെയും സൃഷ്ടിക്ക് ഒരിക്കലും കാരണമായിക്കൂടാത്ത സങ്കുചിത പരിഗണനകൾ ഈ നിയമത്തിന്റെ പിന്നിലുണ്ടെന്ന് സംശയരഹിതമായി സ്ഥാപിക്കുന്ന വസ്തുതകളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്.** ■

# 'നിങ്ങൾ എത്ര ഉന്നതനായാലും നിയമം നിങ്ങൾക്കും മുകളിലായിരിക്കും' എന്ന നിയമവാഴ്ചയുടെ മൂല തത്വം വിസ്മരിക്കപ്പെടുന്നു

*(4-ാം പേജിൽ നിന്ന്)*

കൊല്ലപ്പെട്ട കേസിൽ മുഴുവൻ പ്രതികളെയും വെറുതെവിട്ട ജസ്റ്റിസ് എസ്.ജെ.ശർമ തന്റെ നടപടിയെക്കുറിച്ച് വിലപിക്കുകയുണ്ടായി. ദുർബലമായ തെളിവുകളാണ് പ്രോസിക്യൂഷൻ ഹാജരാക്കിയതെന്നും പ്രതികളെ വെറുതെവിടാതെ തരമില്ലായിരുന്നു എന്നും ആരോപിച്ച ജസ്റ്റിസ് ശർമ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങളോട് ക്ഷമാപണവും നടത്തി. (ദ വയർ 29-12-2018) ഏറ്റുമുട്ടൽ വ്യാജമായിരുന്നെന്നും കുറ്റമറ്റ അന്വേഷണത്തിന്റെ ഫലമായി സംസ്ഥാനത്തെ ഒരു മന്ത്രിയും പത്തിലേറെ പോലീസ് ഓഫീസർമാരും ജയിലിലടയ്ക്കപ്പെട്ടുവെന്നും സിബിഐയും അവകാശപ്പെട്ടു. സംസ്ഥാനത്തെ സീനിയർ ആയ പോലീസ് ഓഫീസർമാർ മനഃപൂർവ്വം സൊറാബുദ്ദീൻ ഷെയ്ക്കിനെ കൊല്ലുകയായിരുന്നെന്നും അദ്ദേഹത്തിന്റെ ഭാര്യയെ അവർ ബലാൽസംഗം ചെയ്ത് ജീവനോടെ ചുട്ടുകൊന്നെന്നും 'ദിവ്യ ഭാസ്കർ' പത്രത്തിന്റെ ലേഖകൻ പ്രശാന്ത് ദയാൽ റിപ്പോർട്ട് ചെയ്തു. തുടക്കത്തിൽ ജഡ്ജിമാർ നിഷ്പക്ഷമായാണ് പ്രവർത്തിച്ചത്. സംസ്ഥാനത്തെ ഒരു പ്രമുഖ മന്ത്രി തുടർച്ചയായി കോടതിയിൽ ഹാജരാകാതെ വന്നപ്പോൾ ജസ്റ്റിസ് ജെ.ടി.ഉത്പത്, 2014 ജൂൺ 26ന് ഹാജരാകാൻ അദ്ദേഹത്തിന് അന്ത്യശാസനം നൽകി. എന്നാൽ ജൂൺ 25ന് അദ്ദേഹത്തെ പൂനെയിലേയ്ക്ക് സ്ഥലം മാറ്റി. ഈ കേസ് തുടക്കംമുതൽ ഒടുക്കംവരെ ഒരു ജഡ്ജി കേൾക്കണമെന്ന സുപ്രീംകോടതി ഉത്തരവും ഇവിടെ ലംഘിക്കപ്പെട്ടു. (ഔട്ലുക് 2015 ഫെബ്രുവരി, കാരവൻ മാസിക 27-11-2017) തുടർന്ന് വന്ന ജസ്റ്റിസ് ലോയയും അതേ നിലപാട് തുടരുകയും 2014 ഡിസംബർ 15ന് കേസ് വിധി പറയാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം ഡിസംബർ 1ന് ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കാണപ്പെട്ടു. ഇതിൽ അനാശാസ്യമായി എന്തോ സംഭവിച്ചിട്ടുണ്ടെന്ന് ബന്ധുക്കൾ അഭിപ്രായപ്പെട്ടു. അനുകൂല വിധിക്കുവേണ്ടി ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് മോഹിത്ഷാ അദ്ദേഹത്തിന് 100 കോടി രൂപ വാഗ്ദാനം ചെയ്തിരുന്നു എന്ന് സഹോദരി ഡോക്ടർ അനുരാധ ബിയാനി ആരോപിച്ചു. പണവും മുംബെയിൽ ഒരു വസതിയും വാഗ്ദാനം ചെയ്തിരുന്നതായി അച്ഛനും വെളിപ്പെടുത്തി. (കാരവൻ മാസിക 21-11-2017)

എന്നാൽ, ജസ്റ്റിസ് ലോയയുടെ മരണം സംബന്ധിച്ച കേസ് കൈകാര്യം ചെയ്ത ജസ്റ്റിസ് ബി.ആർ.ഗവായ് മരണത്തിൽ 'അസ്വാഭാവികമായി' ഒന്നുമില്ലെന്ന് വിധിക്കുകയും കഴിഞ്ഞ മെയ് മാസം സുപ്രീംകോടതി ജഡ്ജിയായി ഉദ്യോഗക്കയറ്റം നേടുകയും ചെയ്തു. (എൻഡിടിവി 27-10-2017, ടൈംസ് ഓഫ് ഇന്ത്യ 10-05-2019) ജസ്റ്റിസ് ലോയ മരിച്ച് ഒരു മാസം തികയുന്നതിനുമുമ്പുതന്നെ ചാർജ് ഷീറ്റ് മാത്രം പരിശോധിച്ചുകൊണ്ട്, തുടർന്നുവന്ന ജസ്റ്റിസ് എം.ബി. ഗോസാവി മേൽപറഞ്ഞ മന്ത്രിയെ കുറ്റവിമുക്തനാക്കുകയും ചെയ്തു. തെളിവുകൾ പരിശോധിക്കാതെ, സാക്ഷി വിസ്താരം നടത്താതെ, ചാർജ് ഷീറ്റ് സമർപ്പിക്കപ്പെട്ട ഒരു കേസ് അവസാനിപ്പിക്കുന്നത് തികച്ചും അസ്വാഭാവികമായിരുന്നു. കൂട്ടുപ്രതികളെയെല്ലാം വെറുതെ വിട്ടുവെന്ന് മാത്രമല്ല, പോലീസുകാർക്കെല്ലാം സ്ഥാനക്കയറ്റവും ലഭിച്ചു. ഈ കേസിൽ നിർണ്ണായക അന്വേഷണം നടത്തുകയും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെയടക്കം പ്രതിക്കൂട്ടിലാക്കുകയും ചെയ്ത വി.എൽ. സോലങ്കി എന്ന പോലീസ് ഓഫീസർ ഇതോടെ നിരാശനായി. "ഇന്ത്യയിൽ നീതി എന്നൊന്ന് നിലവിലില്ല" എന്ന് അദ്ദേഹം തുറന്നടിച്ചു. (ദ കാരവൻ മാസിക 21-09-2018)

### ജഡ്ജിമാരുടെ ഉദ്യോഗക്കയറ്റവും വിരമിക്കലിന് ശേഷമുള്ള സ്ഥാനലബ്ധികളും

രാഷ്ട്രീയ കാര്യങ്ങളിലൊ കോടതിയുടെ പരിഗണനയ്ക്ക് വരാൻ ഇടയുള്ള വിഷയങ്ങളിലൊ ജഡ്ജിമാർ പരസ്യമായ അഭിപ്രായപ്രകടനം നടത്തരുതെന്ന് 'പെരുമാറ്റച്ചട്ട'ത്തിന്റെ എട്ടും ഒമ്പതും വകുപ്പുകൾ പറയുന്നു. മാധ്യമങ്ങൾക്ക് അഭിമുഖങ്ങളും നൽകാൻ പാടില്ല. ചീഫ് ജസ്റ്റിസായിരുന്ന പി.സദാശിവം വിരമിക്കുന്നതിന് തൊട്ടുമുമ്പ് മേൽപറഞ്ഞ മന്ത്രിക്കെതിരെയുള്ള വ്യാജ ഏറ്റുമുട്ടൽ കേസിലെ രണ്ടാമത്തെ എഫ്ഐആറും റദ്ദാക്കുകയും വിരമിച്ച ഉടൻ കേരള ഗവർണർ ആയി നിയമിതനാകുകയും ചെയ്തു. തന്റെ സ്ഥാനലബ്ധി പ്രത്യുപകാരമല്ലെന്ന് സ്ഥാപിക്കാൻ അദ്ദേഹം രണ്ടുതവണ മാധ്യമങ്ങൾക്ക് അഭിമുഖം നൽകി. ഈ നിയമനം അനുചിതമാണെന്ന് നിയമജ്ഞർ അഭിപ്രായപ്പെട്ടപ്പോൾ അതിൽ അപാകതയൊന്നുമില്ലെന്നാണ് ചീഫ് ജസ്റ്റിസ് പറഞ്ഞത്. ജഡ്ജിമാരുടെ നിയമനം നിലവിലുള്ള കൊളീജിയം സമ്പ്രദായത്തിൽ നടത്തുന്നത് സംബന്ധിച്ച് സുപ്രീംകോടതി ജഡ്ജിമാരും കേന്ദ്രഗവണ്മെന്റും തമ്മിൽ തുറന്ന തർക്കം നടന്നതും ഇക്കാര്യത്തിൽ അന്തിമവാക്ക് സർക്കാരിന്റേതാണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചപ്പോഴാണ്. (എൻഡിടിവി 2-9-2014)

രാജ്യത്തെ ജനാധിപത്യ സംവിധാനത്തെത്തന്നെ തകർക്കാൻപോന്ന തരത്തിലുള്ള പ്രശ്നങ്ങൾ പരമോന്നത നീതിപീഠത്തിൽ നിലനിൽക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ചീഫ് ജസ്റ്റിസ് ആയിരുന്ന രഞ്ജൻ ഗൊഗോയി അടക്കം നാല് മുതിർന്ന സുപ്രീംകോടതി ജഡ്ജിമാർ, ചീഫ് ജസ്റ്റിസ് ദീപക് മിശ്രയുമായി പരസ്യമായ ഏറ്റുമുട്ടലിന് തയ്യാറായത് രണ്ടുവർഷം മുമ്പ് മാത്രമാണ്. നീതിന്യായ സംവിധാനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതും ഹൈക്കോടതിയുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നതും ചീഫ് ജസ്റ്റിസിന്റെ ഓഫീസിന്റെ പ്രവർത്തനത്തിൽ ദൂഷ്യഫലങ്ങൾ ഉളവാക്കുന്നതും ജുഡീഷ്യറിയുടെ അന്തസ്സിന് നിരക്കാത്തതുമൊക്കെയായ വിധികളുണ്ടാകുന്നു എന്നും അവർ ആരോപിച്ചു. (ദ ഹിന്ദു-ബിസിനസ് ലൈൻ 12-01-2018)

ജസ്റ്റിസ് ബി.ആർ.ഗവായ് ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബഞ്ചിന്റെ അധ്യക്ഷനായിരിക്കുമ്പോൾ മഹാരാഷ്ട്ര മുഖ്യമന്ത്രിക്കെതിരെയുള്ള പല കേസുകളും തള്ളിക്കളഞ്ഞു. ഒത്തുതീർപ്പാക്കാൻ പറ്റാത്തതും വിചാരണ ഒഴിവാക്കാനാകാത്തതുമായിരുന്നു ഇതിൽ പലതും. ജസ്റ്റിസ് ബി.എം.ലോയയുടെ മരണത്തിൽ സംശയാസ്പദമായി ഒന്നുമില്ലെന്ന് അദ്ദേഹം 'ഇന്ത്യഎക്സ്പ്രസ്സി'ന് നൽകിയ അഭിമുഖത്തിലും പറഞ്ഞിരുന്നു. അദ്ദേഹത്തിനും സ്ഥാനക്കയറ്റം കിട്ടി. (ഇന്ത്യൻ എക്സ്പ്രസ്സ് 10-05-2019, ദ വയർ 16-05-2019)

**തെളിവുകൾ പരിശോധിക്കാതെ, സാക്ഷി വിസ്താരം നടത്താതെ, ചാർജ് ഷീറ്റ് സമർപ്പിക്കപ്പെട്ട ജസ്റ്റിസ് ലോയ വധക്കേസ് അവസാനിപ്പിച്ചത് തികച്ചും അസ്വാഭാവികമായിരുന്നു. കൂട്ടുപ്രതികളെയെല്ലാം വെറുതെ വിട്ടുവെന്ന് മാത്രമല്ല, പോലീസുകാർക്കെല്ലാം സ്ഥാനക്കയറ്റവും ലഭിച്ചു. ഈ കേസിൽ നിർണ്ണായക അന്വേഷണം നടത്തുകയും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെയടക്കം പ്രതിക്കൂട്ടിലാക്കുകയും ചെയ്ത വി.എൽ.സോലങ്കി എന്ന പോലീസ് ഓഫീസർ "ഇന്ത്യയിൽ നീതി എന്നൊന്ന് നിലവിലില്ല" എന്ന് തുറന്നടിച്ചു. (ദ കാരവൻ മാസിക 21-09-2018)**

### മാലേഗാവ്, മെക്ക മസ്ജിദ് സ്ഫോടന കേസുകൾ

മാലേഗാവ്, മെക്ക മസ്ജിദ് സ്ഫോടന കേസുകൾ തള്ളിയ വിചിത്രമായ നടപടിയാണ് തുടർന്ന് കണ്ടത്. മഹാരാഷ്ട്രയിലെ മാലേഗാവിൽ 2006 സെപ്തംബർ 8നും 2008 സെപ്തംബർ 29നും നടന്ന സ്ഫോടനങ്ങളിൽ യഥാക്രമം 40ഉം 9ഉം ആളുകൾ മരിച്ചു. ഒരു മുസ്ലീം പള്ളിയുടെ പരിസരത്തായിരുന്നു സ്ഫോടനം. 2007 മെയ് 18ന് ഹൈദ്രാബാദിലെ മെക്ക മസ്ജിദിൽ നടന്ന സ്ഫോടനത്തിൽ 16 പേരും മരിച്ചു. 2007 ഒക്ടോബർ 11ന് രാജസ്ഥാനിലെ അജ്മീർ ദർഗ ഷരീഫിൽ നടന്ന സ്ഫോടനത്തിൽ 3 പേർ മരിക്കുകയും നിരവധിപേർക്ക് പരുക്കേൽക്കുകയും ചെയ്തു. 2008 സെപ്തംബർ 29ന് ഗുജറാത്തിലെ മൊദാസയിലും സ്ഫോടനമുണ്ടായി. ഈ സംഭവങ്ങളിലെല്ലാം ചില മുസ്ലീം സംഘടനകളെ കുറ്റവാളികളാക്കാനുള്ള ശ്രമം നടന്നു. എന്നാൽ കോടതി അതെല്ലാം തള്ളിക്കളഞ്ഞു. ഹിന്ദുത്വ പ്രചാരകരായ 'അഭിനവ ഭാരത്'എന്ന സംഘടനയായിരുന്നു ഇതിനെല്ലാം പിന്നിൽ. സ്വാമി അസീമാനന്ദ(നവകുമാർ സർക്കാർ) ആണ് ഇതിന്റെയെല്ലാം സൂത്രധാരനെന്ന് വ്യക്തമായി. (ദ വയർ 29-03-2019)

മെക്ക മസ്ജിദ് കേസിൽ എല്ലാവരെയും കുറ്റവിമുക്തരാക്കിയ ജസ്റ്റിസ് കെ.രവീന്ദർ റെഡ്ഡി വ്യക്തിപരമായ കാരണങ്ങളാൽ വിധി പറഞ്ഞ ഉടൻ രാജിവച്ചു. ഇത് എല്ലാവരെയും ഞെട്ടിച്ചു. സമ്മർദ്ദം മൂലമാകാം ഇത്തരമൊരു വിധി പ്രസ്താവിക്കേണ്ടിവന്നതെന്ന് എല്ലാവരും സോഷ്യൽ മീഡിയയിൽ പ്രതികരിച്ചു. കോളിളക്കം സൃഷ്ടിച്ച ഇത്തരമൊരു കേസിൽ വിധി പറഞ്ഞ ഉടൻ ജഡ്ജി രാജിവയ്ക്കുന്നത് ഹൈക്കോടതിയുടെ ചരിത്രത്തിലാദ്യമാണെന്ന് ഹൈദ്രാബാദ് ഹൈക്കോടതിയിലെ മുൻ ജഡ്ജി ജസ്റ്റിസ് ബി.ചന്ദ്രകുമാർ അഭിപ്രായപ്പെട്ടു. സ്വന്തം വിധിയിൽ കുറ്റബോധമുണ്ടെങ്കിലേ ഒരു ജഡ്ജിക്ക് രാജിവയ്ക്കാൻ തോന്നൂ എന്ന് അദ്ദേഹം പറഞ്ഞു. പതിനൊന്ന് വർഷങ്ങൾക്ക് ശേഷം മതിയായ തെളിവില്ലെന്ന് പറഞ്ഞാണ് പ്രതികളെ വെറുതെവിട്ടത്. ഇത് അന്വേഷണ ഏജൻസിയുടെ തകരാറുതന്നെയാണ്. ഇത്തരം കേസുകൾ ഉയർന്ന ഉദ്യോഗസ്ഥരാണ് നടത്തേണ്ടത്. നിസ്സാരമായ കേസുപോലെ ഇത് ഇഴഞ്ഞു നീങ്ങിയപ്പോൾ അമ്പതോളം സാക്ഷികൾ കൂറുമാറി. ഇക്കാര്യത്തിൽ ഒരു അന്വേഷണം വേണമെന്നും പുനർവിചാരണ വേണമെന്നും ആവശ്യമുയർന്നു. (ഡെക്കാൺ ക്രോണിക്കിൾ 17-04-2018) വിചാരണ അട്ടിമറിക്കാൻ എൻഐഎ തന്നെ ശ്രമിച്ചതായും റിപ്പോർട്ടുകൾ വന്നു.

മാലേഗാവ് സ്ഫോടനത്തിൽ മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്കാഡ്, സിമി എന്ന മുസ്ലീം വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തകരെ പ്രതിയാക്കാൻ ശ്രമം നടത്തി. എന്നാൽ കേസ് കെട്ടിച്ചമച്ചതാണെന്ന് വ്യക്തമായതോടെ അവരെ വെറുതെവിടേണ്ടിവന്നു. അന്ന് ഭീകരവിരുദ്ധ സ്ക്വാഡിന് നേതൃത്വം നൽകിയിരുന്ന സത്യസന്ധനായ ഐപിഎസ് ഓഫീസർ ഹേമന്ദ് കാർക്കറെ സംഭവസ്ഥലത്തുനിന്ന് സ്ഫോടകവസ്തു ഘടിപ്പിച്ച മോട്ടോർ സൈക്കിളിന്റെ അവശിഷ്ടങ്ങൾ കണ്ടെടുക്കുകയുണ്ടായി. അത് 'സനാതൻ സസ്ത' എന്ന ഹിന്ദുത്വ ഗ്രൂപ്പിലെ ഒരു പ്രവർത്തകയുടേതായിരുന്നു. വാസി, പനവേൽ എന്നിവിടങ്ങളിൽ നടന്ന രണ്ട് ചെറിയ സ്ഫോടനങ്ങളിലും ഇവർക്ക് പങ്കുണ്ടെന്ന് കണ്ടെത്തി. സനാതൻ സസ്ത, അഭിനവ് ഭാരത് എന്നീ സംഘടനകളെ നിരോധിക്കണമെന്ന് കാർക്കറെ മഹാരാഷ്ട്ര ഗവണ്മെന്റിനോടാവശ്യപ്പെട്ടു. ഇന്ത്യയിലെ ഭീകര പ്രവർത്തനങ്ങൾക്ക് പിന്നിൽ ഹിന്ദുത്വ സംഘടനകളുണ്ടെന്ന് ആദ്യമായി അദ്ദേഹം കണ്ടെത്തി. 2008 ഒക്ടോബറിൽ 11 പേരെ അറസ്റ്റ് ചെയ്തു. മധ്യപ്രദേശിലും ഗുജറാത്തിലുമൊക്കെ ഇവർക്ക് ബന്ധങ്ങളുണ്ടായിരുന്നു. പല സംസ്ഥാനങ്ങളിലും സ്ഫോടനങ്ങളുംമറ്റും നടത്തിയിട്ടുമുണ്ട്. (ഫ്രണ്ട് ലൈൻ 08-11-2008)

ഇതോടെ മുസ്ലീം സംഘടനകളെ പ്രീണിപ്പിക്കാനുള്ള ശ്രമമാണിതെല്ലാം എന്ന ആരോപണവുമായി ഹിന്ദുത്വ ഗ്രൂപ്പുകൾ രംഗത്തുവന്നു. കാർക്കറെയെ അവർ 'രാജ്യദ്രോഹി' എന്ന് മുദ്രകുത്തി. 2008 നവംബ

*(ശേഷം 6-ാം പേജിൽ)*

# ദുർബ്ബലമായ തെളിവുകൾ ഹാജരാക്കുന്ന പ്രോസിക്യൂഷൻ കോടതിയെ നോക്കുകുത്തിയാക്കുന്നു

*(5-ാം പേജിൽ നിന്ന്)*

റിൽ ഈ കേസുമായി ബന്ധപ്പെട്ട പല കാര്യങ്ങളും കാർക്കറെ ടിവി അഭിമുഖത്തിൽ വെളിപ്പെടുത്തി. കേസ് തീർന്നില്ലെന്നും അന്വേഷണം ശരിയായ വഴിയിൽ മുന്നേറുകയാണെന്നും പറഞ്ഞുകൊണ്ടാണ് അദ്ദേഹം സംഭാഷണം അവസാനിപ്പിച്ചത്. എന്നാൽ താമസിയാതെ മുംബൈയിൽ ഒരു ഭീകരാക്രമണം നടക്കുന്നുവെന്നും ഉടൻ അവിടെയെത്തണമെന്നും കാർക്കറെയ്ക്ക് നിർദ്ദേശം ലഭിച്ചു. അവിടെ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ കാർക്കറെ മരിച്ചു എന്ന വിവരമാണ് പിന്നീടറിയുന്നത്. എന്നാൽ സംശയാസ്പദമായ സാഹചര്യത്തിലാണ് ഇത് സംഭവിച്ചത്. ഭീകരർ വെടിവച്ചതിന് തെളിവുമുണ്ടായിരുന്നില്ല. കാർക്കറെയുടെ അന്വേഷണത്തിൽ പലർക്കും എതിർപ്പുണ്ടായിരുന്നുവെന്നും ഒരു മുൻ സീനിയർ ക്യാബിനറ്റ് മിനിസ്റ്റർ അദ്ദേഹത്തെ അതൃപ്തി അറിയിച്ചിരുന്നുവെന്നും എന്നാൽ ഒരു യഥാർത്ഥ ഹിന്ദുവിന്റെ കർത്തവ്യബോധത്തോടെയാണ് താൻ പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞതായും മുംബൈയിലെ മുൻ പോലീസ് കമ്മീഷണർ ജൂലിയോ റിബെറോ വ്യക്തമാക്കിയിട്ടുണ്ട്. (ഇക്കണോമിക് ടൈംസ് 24-04-2019)

### ഹിന്ദുത്വ സംഘടനാ പ്രവർത്തകയായ വിദ്യാർത്ഥിനിയുടെ പങ്ക്

മാലേഗാവ് സ്ഫോടനക്കേസിൽ യുഎപിഎ നിയമപ്രകാരവും ഇന്ത്യൻ ശിക്ഷാനിയമപ്രകാരവും വിചാരണ നേരിട്ട മുഖ്യ പ്രതികളിലൊരാളായ വിദ്യാർത്ഥി നേതാവ് 2019ൽ മധ്യപ്രദേശിൽ എംപിയായി. (ഇന്ത്യാ ടുഡെ 01-10-2019) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് മുംബൈയിലെ എൻഐഎ കോടതി, നേരിട്ട് ഹാജരാകുന്നതിൽനിന്ന് അവർക്കും മറ്റ് രണ്ടുപേർക്കും ഇളവു കൊടുത്തത് വിചിത്രമായിരുന്നു. തെരഞ്ഞെടുപ്പിന് ശേഷമാകട്ടെ പാർലമെന്റ് സമ്മേളനത്തിൽ പങ്കെടുക്കണമെന്നും ആരോഗ്യപ്രശ്നങ്ങളുണ്ടെന്നും മതനേതാവെന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങളുണ്ടെന്നും മറ്റും പറഞ്ഞ് കോടതിയിൽ ഹാജരാകുന്നതിൽനിന്ന് വീണ്ടും ഇളവുതേടി. കോടതി ഇത് അംഗീകരിക്കുകയും ചെയ്തു. എന്നാൽ, ആരോഗ്യ പ്രശ്നങ്ങൾ പറഞ്ഞ് ഒഴിവായ ദിവസംതന്നെ ഭോപ്പാലിൽ ഒരു പൊതുചടങ്ങിൽ അവർ പങ്കെടുത്തു. തെരഞ്ഞെടുപ്പ് വേളയിലാകട്ടെ, കാർക്കറെ മരിക്കാനിടയായത് തന്റെ ശാപംമൂലമാണെന്ന് പ്രഖ്യാപിക്കാനും അവർ മടിച്ചില്ല.

### സംഝോത എക്സ്പ്രസ്സ് സ്ഫോടനക്കേസിലെ വിധി

മറ്റൊരു പ്രമാദമായ കേസ് 2007 ഫെബ്രുവരി 18ന് സംഝോത എക്സ്പ്രസ്സിൽ നടന്ന സ്ഫോടനവുമായി ബന്ധപ്പെട്ടതായിരുന്നു. 10 ഇന്ത്യാക്കാരും 43 പാക്കിസ്ഥാൻകാരും ഇതിൽ കൊല്ലപ്പെട്ടു. ഇവിടെയും മറ്റ് മൂന്ന് ഹിന്ദുത്വ സംഘടനാപ്രവർത്തകരോടൊപ്പം അസീമാനന്ദ് തന്നെയായിരുന്നു മുഖ്യപ്രതി. എല്ലാവരെയും അറസ്റ്റ് ചെയ്തെങ്കിലും തെളിവില്ലാത്തതിനാൽ വിട്ടയച്ചു. 2010ൽ അസീമാനന്ദ് മജിസ്ട്രേറ്റിന് നൽകിയ മൊഴിയിൽത്തന്നെ 2006നും 08നും ഇടയിൽ അവർ നടത്തിയ പല 'ഭീകരാക്രമണങ്ങളെ'ക്കുറിച്ചും പറയുന്നുണ്ട്. (ദ ഹിന്ദു 22-03-2019)

ഭീകരപ്രവർത്തനം, അക്രമം, നിരപരാധികളെ കൊലചെയ്യൽ തുടങ്ങിയവയൊക്കെ ഒരു വിട്ടുവീഴ്ചയുമർഹിക്കാത്ത കുറ്റകൃത്യങ്ങളാണ്. പ്രതികളുടെ ചിന്താഗതികളോ സംഘടനാബന്ധങ്ങളോ ഒന്നും കർശന ശിക്ഷ നൽകുന്നതിൽ തടസ്സമായിക്കൂടാ എന്നാണ് നിയമം അനുശാസിക്കുന്നത്. 'മതിയായ തെളിവ്' ഉണ്ടായിട്ടും അസീമാനന്ദയെ വെറുതെവിട്ടു. ഭീകരപ്രവർത്തനത്തിന് മതമില്ലെന്നും ഒരു മതവും അക്രമത്തിന് ആഹ്വാനം ചെയ്യുന്നില്ലെന്നും കോടതിക്ക് തെളിവുകളെ ആശ്രയിക്കുകയേ നിവൃത്തിയുള്ളെന്നും ദുർബലമായ തെളിവുകളാണ് ഹാജരാക്കപ്പെട്ടതെന്നും പ്രതികളെ വെറുതെവിട്ട ജസ്റ്റിസ് ജഗദീപ് സിംഗ് തന്നെ പറയുകയുണ്ടായി. സിസി ടിവി ദൃശ്യങ്ങളോ റെയിൽവേ സ്റ്റേഷൻ ഡോർമിറ്ററി രേഖകളോ ഹാജരാക്കാനോ, തിരിച്ചറിയൽ പരേഡ് നടത്താൻപോലുമോ എൻഐഎ മെനക്കെടാതിരുന്നതിൽ അദ്ദേഹം വിധിന്യായത്തിൽ ആശ്ചര്യം പ്രകടിപ്പിച്ചു. സാധാരണഗതിയിൽ ചെയ്യേണ്ട കാര്യങ്ങൾപോലും ചെയ്യാതിരുന്നത് കേസ് പൊളിക്കാൻ വേണ്ടിയായിരുന്നു. (ടൈംസ് ഓഫ് ഇന്ത്യ 01-04-2019) എൻഐഎ നടത്തിയ അന്വേഷണത്തിന്റെ തനിനിറം വ്യക്തമാക്കുന്നതായിരുന്നു ഈ വസ്തുതകളൊക്കെ. മെക്ക മസ്ജിദ് സ്ഫോടനക്കേസിലും സമാനമായ രീതിയിലാണ് എൻഐഎ കേസ് അട്ടിമറിച്ചതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. (ദ വയർ 29-03-2019) എൻഐഎ മുൻ ഡയറക്ടർ ജനറൽ എൻ.ആർ. വാസൻ, മുൻ ജഡ്ജി രഞ്ജിത് റാന്ധവ തുടങ്ങിയവരും എൻഐഎയെ നിശിതമായി വിമർശിച്ചു.

നിഷ്പക്ഷവും കാര്യക്ഷമവുമായ അന്വേഷണം, നീതിപൂർവ്വകമായ വിചാരണ, ഗവണ്മെന്റ് ഇടപെടാതിരിക്കൽ തുടങ്ങിയവയൊക്കെ ഉറപ്പാക്കിയാലേ നീതിയും ന്യായവും നടപ്പിലാകൂ. അടുത്തിടെ ഗവണ്മെന്റ് 370-ാം വകുപ്പ് റദ്ദാക്കിയശേഷം, ജമ്മുകാശ്മീർ ഹൈക്കോടതി ഹേബിയസ് കോർപസ് ഹർജികൾ കൈകാര്യം ചെയ്തപ്പോഴും നിയമവാഴ്ച ഉറപ്പാക്കുന്നതിൽ ഉദാസീനതയുണ്ടായി എന്ന വിമർശനം മാധ്യമങ്ങളിൽ വന്നിരുന്നു. ജനങ്ങൾക്ക് സംരക്ഷണം നൽകാൻ കോടതികളുടെ കൈയിലുള്ള ഒരായുധമാണ് ഹേബിയസ് കോർപസ്. എന്നാൽ, ഗവണ്മെന്റിനെയും രാഷ്ട്രീയക്കാരെയുംകാൾ മോശമായ നിലപാടാണ് പലപ്പോഴും കോടതികൾ സ്വീകരിക്കുന്നത്. (ഇന്ത്യൻ എക്സ്പ്രസ്സ് 21-09-2019)

**2005-06ൽ ഗുജറാത്തിൽ നടന്ന വ്യാജ ഏറ്റുമുട്ടലിൽ സൊറാബുദ്ദീൻ, കൗസർബി, തുളസീറാം പ്രജാപതി എന്നിവർ കൊല്ലപ്പെട്ട കേസിൽ മുഴുവൻ പ്രതികളെയും വെറുതെവിട്ട ജസ്റ്റിസ് എസ്.ജെ. ശർമ തന്റെ നടപടിയെക്കുറിച്ച് വിലപിക്കുകയുണ്ടായി. ദുർബലമായ തെളിവുകളാണ് പ്രോസിക്യൂഷൻ ഹാജരാക്കിയതെന്നും പ്രതികളെ വെറുതെവിടാതെ തരമില്ലായിരുന്നു എന്നും ആരോപിച്ച ജസ്റ്റിസ് ശർമ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങളോട് ക്ഷമാപണവും നടത്തി. (ദ വയർ 29-12-2018)**

### പ്രകടമായ പക്ഷപാതിത്വം

മാധ്യമങ്ങളുടെ നെറ്റിചുളിപ്പിച്ച ചില സംഭവങ്ങൾ അടുത്തിടെ കോടതിയുമായി ബന്ധപ്പെട്ട് ഉണ്ടായി. മുൻ ധനകാര്യമന്ത്രി ചിദംബരത്തിന് ഐഎൻഎക്സ് മീഡിയ കേസിൽ മുൻകൂർ ജാമ്യം നിഷേധിച്ച ജസ്റ്റിസ് സുനിൽ ഗൗറിന്റെ നടപടി ഇതിൽപ്പെടും. മധ്യപ്രദേശ് മുഖ്യമന്ത്രി കമൽനാഥിന്റെ അനന്തരവനും ഇതേരീതിയിൽ മുൻകൂർ ജാമ്യം നിഷേധിക്കുകയുണ്ടായി. 'നാഷണൽ ഹെറാൾഡ്' കേസിൽ കോൺഗ്രസിന്റെ ഏറ്റവും ഉന്നതരായ നേതാക്കളെ പ്രോസിക്യൂട്ട് ചെയ്യാനും അദ്ദേഹം അനുമതി നൽകി. റിട്ടയർമെന്റിന് തൊട്ടുമുമ്പേയാണ് അദ്ദേഹം ചിദംബരത്തിന്റെ കേസിൽ ഇങ്ങനെയൊരു നിലപാട് എടുത്തതെങ്കിൽ, റിട്ടയർ ചെയ്ത ഉടനെ, കള്ളപ്പണം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള ട്രിബ്യൂണലിന്റെ ചെയർമാനായി അദ്ദേഹം നിയമിതനായി. ചിദംബരം സുപ്രീംകോടതിയിൽ നൽകിയ അപ്പീലിന്റെ വാദം കേൾക്കുന്നതുവരെ കാത്തിരിക്കാതെയുള്ള സിബിഐയുടെ അറസ്റ്റ് അനാവശ്യമായ തിടുക്കത്തിലുള്ളതായിരുന്നു എന്ന പരാതിക്കിടയാക്കി. ഇത് പ്രതികാര രാഷ്ട്രീയമായാണ് മനസ്സിലാക്കപ്പെട്ടത്. (ഫ്രണ്ട്ലൈൻ 13-09-2019) സാമ്പത്തിക വിഷയത്തിലുള്ള ക്യാബിനറ്റ് തീരുമാനങ്ങളുടെ രഹസ്യരേഖകൾ കൈവശംവച്ചതിന് മുകേഷ് അംബാനിയുടെ റിലയൻസ് ഇൻഡസ്ട്രീസിനും അതിലെ ഉന്നതോദ്യോഗസ്ഥർക്കുമെതിരെ വിചാരണകോടതി പുറപ്പെടുവിച്ച വിധി പരിഗണിക്കാതിരുന്ന ജസ്റ്റിസ് ഗൗറിന്റെ നടപടി പക്ഷപാതിത്വത്തിന്റെ മറ്റൊരു പ്രകടമായ ഉദാഹരണമാണ്.

ബോംബെ ഹൈക്കോടതി ജഡ്ജിയായിരുന്ന എ.എ.ഖുറേഷിയെ മദ്ധ്യപ്രദേശ് ഹൈക്കോടതി ചീഫ്ജസ്റ്റിസായി നിയമിക്കുന്നതിനുള്ള സുപ്രീംകോടതി കൊളീജിയത്തിന്റെ ശുപാർശ തള്ളിയ കേന്ദ്ര സർക്കാർ നടപടിയാണ് മറ്റൊന്ന്. സൊറാബുദ്ദീൻ വ്യാജ ഏറ്റുമുട്ടൽ കേസിൽ പ്രമുഖ മന്ത്രിയെ രണ്ട് ദിവസം പോലീസ് കസ്റ്റഡിയിൽ വിടാൻ 2010ൽ ഉത്തരവിട്ടു എന്നതായിരുന്നു അനിഷ്ടത്തിന് കാരണം. (ദ വയർ 21-06-2019) പകരം മറ്റൊരാളെ മദ്ധ്യപ്രദേശിൽ അഡീഷണൽ ചീഫ് ജസ്റ്റിസായി നിയമിച്ചു. ഈ നടപടി ജുഡീഷ്യറിക്ക് മേലുള്ള എക്സിക്യൂട്ടീവിന്റെ തീർത്തും അനാവശ്യമായ ഇടപെടലായി ഗുജറാത്ത് ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ ചൂണ്ടിക്കാണിച്ചു. അതുപോലെതന്നെ മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന താഹിൽ രമണിയെ മേഘാലയ ചീഫ് ജസ്റ്റിസായി നിയമിച്ച നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ട് കൊളീജിയത്തിന് നൽകിയ അപേക്ഷ നിരസിച്ചതോടെ അവർ രാഷ്ട്രപതിക്ക് രാജി സമർപ്പിക്കുകയുണ്ടായി. റിട്ടയർ ചെയ്യാൻ കുറച്ചുനാൾ മാത്രമുള്ളപ്പോഴാണ് വളരെ ചെറിയ ഒരു ഹൈക്കോടതിയിലേയ്ക്ക് അവരെ മാറ്റുന്നത്. ഗുജറാത്തിലെ ബിൽക്കിസ് ബാനു കൂട്ടബലാൽസംഗക്കേസിലെ 11 പ്രതികളുടെ ജീവപര്യന്തം തടവുശിക്ഷ 2017 മെയിൽ ശരിവച്ചിരുന്നു താഹിൽ രമണി എന്നത് ഇവിടെ പ്രസ്താവ്യമാണ്. (ദ ടെലഗ്രാഫ് 07-09-2019, സ്ക്രോൾ.ഇൻ 28-09-2019)

### പ്രസക്തമായ ചോദ്യം

ബൂർഷ്വാ പാർലമെന്ററി ജനാധിപത്യത്തിന്റെ ഉപജ്ഞാതാക്കൾ ജുഡീഷ്യറിയുടെ അധികാരങ്ങൾ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. നിയമപരമായ ഏതൊരു തർക്കത്തിലും വിഷയത്തിലും ആരോപണത്തിലും നിയമപ്രകാരം വിധി പറയുക എന്നതാണത്. ആ വിധി നീതിപൂർവ്വകവും നിഷ്പക്ഷവും ആയിരിക്കണമെന്നുമാത്രമല്ല അത് അങ്ങനെയാണെന്ന് വ്യക്തവുമായിരിക്കണം. 'എക്സിക്യൂട്ടീവ്' അഥവാ ഭരണ നിർവ്വഹണ സംവിധാനം എന്നറിയപ്പെടുന്ന ഗവണ്മെന്റിന്റെ അഥവാ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ഭാഗത്തുനിന്ന് ഒരു അധികാര ദുർവിനിയോഗവും ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്വവും ജുഡീഷ്യറിക്കുണ്ട്. അത് യാതൊരു വിധത്തിലുള്ള പക്ഷപാതിത്വവും പുലർത്താൻ പാടില്ല. ഇങ്ങനെയാണ് ബൂർഷ്വാ ജനാധിപത്യം 'അധികാരം വീതം വച്ചിട്ടുള്ളത്'. നിയമനിർമ്മാണ സഭയ്ക്കോ ഭരണനിർവ്വഹണ സംവിധാനത്തിനോ നീതിന്യായ സംവിധാനത്തിന്റെ തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലും ഇടപെടാനാകില്ല. ഗവണ്മെന്റിന്റെയോ മറ്റേതെങ്കിലും ബാഹ്യ ഘടകത്തിന്റെയോ യാതൊരു ഇടപെടലും ഉണ്ടാകാതെ വേണം ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും ജഡ്ജിമാരെ നിയമിക്കാൻ. അതിന്റെ സ്വതന്ത്രമായ പ്രവർത്തനത്തിന് അനിവാര്യമെന്ന് കണ്ടിട്ടാണ് അങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നീതിക്കായി ജനങ്ങൾ സമീപിക്കുന്നത് കോടതികളെയാണ്. അതുകൊണ്ടുതന്നെ, ഏതൊരു ജഡ്ജിയും നീതിന്യായ സംവിധാനം ആകെയും യാതൊരുവിധ സമ്മർദ്ദങ്ങൾക്കും വിധേയമാകരുത്. പരാതിയുമായി എത്തുന്നവരും ജനങ്ങളും പരാതികൾ ന്യായയുക്തമായും നിയമപ്രകാരവും പരിഹരിക്കപ്പെടും എന്ന് വിശ്വസിക്കുന്നത് അപ്പോൾ മാത്രമാണ്. എന്നാൽ ജനാധിപത്യത്തിന്റെ ഈ അടിസ്ഥാന തത്വങ്ങൾ ഭീഷണി നേരിടുന്നു എന്നല്ലേ ഇവിടെ ചർച്ചചെയ്ത മാദ്ധ്യമ റിപ്പോർട്ടുകളും അഭിപ്രായ പ്രകടനങ്ങളും കാണിക്കുന്നത്. ജനാധിപത്യ മനോഭാവമുള്ളവരും നേരായി ചിന്തിക്കുന്നവരുമായ ഏവരും ഈ വിഷയം ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട്. ■

# ബിപിസിഎൽ വിൽപ്പനയ്ക്കെതിരെ ബഹുജന വികാരം ഉയർത്തിയ പ്രതിഷേധമാർച്ച്

**ബി**പിസിഎൽ വിൽക്കരുതെന്നും പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നടന്നുവരുന്ന സമരപരിപാടികൾക്ക് പുത്തനുണർവ് നൽകികൊണ്ട്, എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ തൃപ്പൂണിത്തുറയിൽനിന്നും അമ്പലമുകളിലെ കൊച്ചി റിഫൈനറിയിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. മാർച്ചിന്റെ പ്രചരണാർത്ഥം സംസ്ഥാനത്തുടനീളം വിവിധങ്ങളായ പ്രചരണ പരിപാടികൾ സ്വീകരിച്ചിരുന്നു. എറണാകുളം ജില്ലയിൽ വ്യാപകമായ പോസ്റ്ററിങ്ങും പ്രചരണ വാഹനജാഥയും ചുവരെഴുത്തും നടത്തി. ആയിരക്കണക്കിന് ലഘുലേഖകൾ വീടുകളിലും കടകളിലും വിതരണം നടത്തുകയും ചെയ്തിരുന്നു.




തൃപ്പൂണിത്തുറയിൽനിന്ന് കൊച്ചിൻ റിഫൈനറിക്ക് മുന്നിലേക്ക് ഡിസംബർ 12ന് എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ നടന്ന ബഹുജന മാർച്ച്



എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

ഡിസംബർ 12ന് വൈകിട്ട് 3 മണിക്ക് തൃപ്പൂണിത്തുറ സ്റ്റാച്യു ജംഗ്ഷനിൽനിന്നും പ്രതിഷേധ മാർച്ച് തുടങ്ങി. അതിനു മുന്നോടിയായി നടന്ന യോഗത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ ഷൈല കെ.ജോൺ, മിനി കെ.ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. പ്രതിഷേധമാർച്ച് കിഴക്കേകോട്ട, കരിങ്ങാച്ചിറ വഴി ഹിൽ പാലസിൽ എത്തിച്ചേർന്നപ്പോൾ, റിഫൈനറി തൊഴിലാളികളും കുടുംബാംഗങ്ങളും ചേർന്ന് ജാഥാംഗങ്ങളെ സ്വീകരിച്ചു. അവിടെ മാർച്ചിനെ അഭിവാദ്യം ചെയ്തുകൊണ്ട് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി അംഗം എസ്.രാജീവൻ പ്രസംഗിച്ചു. പ്രതിഷേധമാർച്ച് തുടർന്ന് റിഫൈനറിയിലേക്ക് നീങ്ങി. റിഫൈനറി ഗേറ്റിൽ എത്തിയ മാർച്ചിനെ നൂറുകണക്കിന് റിഫൈനറി തൊഴിലാളികൾ അഭിവാദ്യം ചെയ്തു സ്വീകരിച്ചു. റിഫൈനറിക്ക് മുന്നിലെ തൊഴിലാളികളുടെ സമരപ്പന്തലിൽ നടന്ന യോഗത്തിൽ എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ അധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റി അംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. "തന്ത്രപ്രധാന മേഖലകളെ ഉൾക്കൊള്ളുന്നതും സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലുമായ ബിപിസിഎൽ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ രാജ്യത്തെ തകർക്കും. മോദി സർക്കാർ ദേശസ്നേഹികൾ എന്ന് നടിച്ച് ദേശദ്രോഹ പ്രവർത്തികൾ മാത്രമാണ് അനുവർത്തിക്കുന്നത്. രാജ്യത്തെ സമ്പത്താകെ സ്വദേശ-വിദേശ കുത്തകകൾക്ക് തീറെഴുതുന്നതിൽനിന്ന് ശ്രദ്ധ തിരിക്കാനാണ് പൗരത്വഭേദഗതി പോലുള്ള നടപടികളുമായി വന്നിരിക്കുന്നത്. ഇത് രാജ്യത്തെ ജനങ്ങളുടെ ഐക്യവും ഭരണഘടനയോടും നിയമങ്ങളോടുമുള്ള വിശ്വാസവും ഇല്ലാതാക്കും. ഒരു രാഷ്ട്രം എന്ന നിലനിൽപ്പിനെയും ഗുരുതരമായി ബാധിക്കും. അതുകൊണ്ടുതന്നെ ഈ രാജ്യദ്രോഹ നടപടികൾക്കെതിരെ ജനങ്ങൾ ഒറ്റക്കെട്ടായി രംഗത്തിറങ്ങണം. ബിപിസിഎൽ വിൽപ്പന അനുവദിക്കില്ലെന്ന് ജനങ്ങൾ തീരുമാനിച്ചാൽ അതിനെ അട്ടിമറിക്കാൻ ഒരു ഭരണാധികാരിക്കും കഴിയില്ല. നാം ഉയർത്തുന്ന സമരത്തിന്റെ മാതൃക മറ്റു മേഖലകളിലെ തൊഴിലാളികളും ജനങ്ങളും ഏറ്റെടുത്താൽ ദുർനടപടികൾക്കത് ശക്തമായ തിരിച്ചടിയുമാകും." - അദ്ദേഹം പറഞ്ഞു. സംസ്ഥാന സെക്രട്ടേറിയറ്റംഗം ജെയ്സൺ ജോസഫ്, ജില്ലാ സെക്രട്ടറി ടി.കെ. സുധീർ കുമാർ എന്നിവരും പ്രസംഗിച്ചു. മാർച്ചിനെ അഭിവാദ്യം ചെയ്തുകൊണ്ട് സംയുക്ത സമരസമിതി നേതാക്കളായ എൻ.ആർ.മോഹൻ കുമാർ, എം.ജി.അജി, മനോജ് കുമാർ, എസ്.കെ.നസിമുദീൻ തുടങ്ങിയവർ പ്രസംഗിച്ചു. നാടെമ്പാടും ബിപിസിഎൽ സംരക്ഷണ ഫോറങ്ങൾ രൂപീകരിച്ചുകൊണ്ട് സമരത്തെ ശക്തിപ്പെടുത്തുവാൻ രംഗത്തിറങ്ങണമെന്ന് പ്രാസംഗികർ എല്ലാവരും ജനങ്ങളോട് അഭ്യർത്ഥിച്ചു.

മാർച്ചിൽ എസ്‌യുസിഐ(സി) പ്രവർത്തകരെ കൂടാതെ റിഫൈനറി തൊഴിലാളികളും കുടുംബാംഗങ്ങളും പങ്കെടുത്തത് ശ്രദ്ധേയമായിരുന്നു. കടന്നുപോയ വഴികളിലൊക്കെ ജനങ്ങൾ പ്രതീക്ഷാനിർഭരമായാണ് മാർച്ചിനെ വീക്ഷിച്ചത്. ■

# ഡിസംബർ 16 'നിർഭയ ദിനം' ആചരിച്ചു

**തൃപ്പൂണിത്തുറയിൽ ജാഗ്രതാ സദസ്സ്**

ദിനംപ്രതി സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളെയും ക്രൂരതകളെയും ചെറുക്കുവാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യുവാനായി സ്ത്രീ സുരക്ഷാ സമിതിയും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയും സംയുക്തമായി തൃപ്പൂണിത്തുറ കിഴക്കേകോട്ടയിൽ ജാഗ്രതാ സദസ്സ് സംഘടിപ്പിച്ചു. ഡിസംബർ 16 നിർഭയ ദിനത്തിന്റെ ഏഴാം വാർഷികത്തിൽ സംഘടിപ്പിച്ച സദസ്സ് സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസെന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. സ്ത്രീ സുരക്ഷാ സമിതി ജില്ലാ സെക്രട്ടറി എം.കെ.ഉഷ അധ്യക്ഷത വഹിച്ചു. അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന(എഐഎംഎസ്എസ്) സംസ്ഥാന വൈസ് പ്രസിഡന്റ് കെ.കെ.ശോഭ, അഡ്വ.ഇ. എൻ. ശാന്തി രാജ്(ഡമോക്രാറ്റിക് ലോയേഴ്സ് ഫോറം), എം.പി. സുധ, കെ.എൻ.രാജി, കെ.ഒ.സുധീർ എന്നിവർ പ്രസംഗിച്ചു. കെ.എസ്. ഹരികുമാർ, എ.ജി.ലസിത, പി.പി.ഓമന, വി.എസ്.ലബിഷ, നിള മോഹൻകുമാർ, സി.ബി.അശോകൻ, കെ.എ.സതീശൻ തുടങ്ങിയവർ ജാഗ്രതാ സദസ്സിന് നേതൃത്വം നൽകി.




ജാഗ്രതാ സദസ്സ് സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസെന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്യുന്നു

**ആലപ്പുഴയിൽ കളക്ട്രേറ്റ് മാർച്ച്**

സ്ത്രീകൾക്ക് മേലുള്ള അതിക്രമങ്ങൾ തടയുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അശ്ലീലതയുടെയും വ്യാപനം തടയുക, ജസ്റ്റിസ് ജെ.എസ്.വർമ്മ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് നിർഭയ ദുരന്തത്തിന്റെ ഏഴാം വാർഷികത്തിൽ എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് സംഘടനകളുടെ നേതൃത്വത്തിൽ ആലപ്പുഴയിൽ കളക്ട്രേറ്റ് മാർച്ച് നടത്തി. എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് അഡ്വ.എം.എ.ബിന്ദു മാർച്ച് ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് കെ.ബിമൽജി അധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് എസ്.ശില്പ പ്രസംഗിച്ചു. ജനറൽ ആശുപത്രിയ്ക്ക് സമീപത്തു നിന്ന് ആരംഭിച്ച പ്രകടനത്തിന് വി.പി.വിദ്യ, ടി.ഷിജിൻ, ടി.ആർ.രാജിമോൾ, ടെസ്സി ബേബി, തത്ത ഗോപിനാഥ്, ബിജു സേവ്യർ എന്നിവർ നേതൃത്വം നൽകി.

**കോട്ടയത്ത് പ്രതിഷേധ സംഗമം**

നിർഭയ ദിനത്തോടനുബന്ധിച്ച് കോട്ടയം നഗരത്തിൽ എഐഡിഎസ്ഒ, എഐഎംഎസ്എസ്, എഐഡിവൈഒ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ പ്രതിഷേധ സംഗമം നടന്നു.

സ്ത്രീസുരക്ഷാ സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ.സി.മാമ്മച്ചൻ ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് യു.ജെ.ആശാരാജ്, എം.കെ.ഷെഹസാദ്, ഇ.വി.പ്രകാശ്, രജിത ജയറാം, ജി.എസ്.ശാലിനി, മിനി കെ.ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. ■




കണ്ണൂരിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് സഖാവ് മേരി എബ്രഹാം പ്രസംഗിക്കുന്നു

# യോജിച്ച പോരാട്ടത്തിന്റെ ആഹ്വാനവുമായി എഐയുടിയുസി സംസ്ഥാന സമ്മേളനം

**അപരിഹാര്യമായ പ്രതിസന്ധിയിലകപ്പെട്ട മുതലാളിവർഗ്ഗവും അതിന്റെ ഗവണ്മെന്റും ചേർന്ന് തൊഴിലാളികൾക്കെതിരെ അഴിച്ചുവിട്ടിരിക്കുന്ന ബഹുമുഖ ആക്രമണങ്ങൾക്കെതിരെ നീണ്ടുനിൽക്കുന്ന തൊഴിലാളിപ്രക്ഷോഭണങ്ങൾക്ക് ആഹ്വാനം ചെയ്തുകൊണ്ട് 2019 ഡിസംബർ 27,28,29 തിയ്യതികളിൽ കൊല്ലത്ത് നടന്ന എഐയുടിയുസി സംസ്ഥാന സമ്മേളനം സമാപിച്ചു. 2020 ഫെബ്രുവരി 13 മുതൽ 15 വരെ ധൻബാദിൽവച്ച് നടക്കുന്ന 21-ാമത് അഖിലേന്ത്യാ സമ്മേളനത്തിന്റെ മുന്നോടിയായിട്ടുള്ള സംസ്ഥാന സമ്മേളനത്തിലേക്ക്, ജില്ലാസമ്മേളനങ്ങൾ പൂർത്തികരിച്ചുകൊണ്ടും സംസ്ഥാനവ്യാപകമായി പ്രചാരണങ്ങൾ നടത്തിക്കൊണ്ടുമാണ് പ്രവേശിച്ചത്.**




ഡിസംബർ 27 നടന്ന പൊതു സമ്മേളനത്തോടനുബന്ധിച്ച് കെഎസ്ആർടിസി ബസ്സ്റ്റാന്റ് പരിസരത്തുനിന്നും തൊഴിലാളി പ്രകടനം ആരംഭിച്ചു. കൊല്ലത്തു നിന്നുള്ള നൂറുകണക്കിന് കശുവണ്ടി തൊഴിലാളികളും മറ്റ് ജില്ലകളിൽ നിന്നെത്തിയ വിവിധ തൊഴിൽ മേഖലയിലെ തൊഴിലാളികളും പ്രകടനത്തിൽ അണിനിരക്കുകയുണ്ടായി. കശുവണ്ടി, മത്സ്യം, നിർമ്മാണം, ഷോപ്സ്, കെഎസ്ഇബി, കെഎസ്ആർടിസി തുടങ്ങിയ തൊഴിൽമേഖലയിലെ തൊഴിലാളികൾ അവരുടെ ഡിമാന്റുകൾ അടങ്ങുന്ന പ്ലക്കാർഡുകൾ പ്രകടനത്തിൽ ഉയർത്തിപ്പിടിച്ചിരുന്നു. പ്രകടനത്തിൽ കേന്ദ്ര ബിജെപി ഗവൺമെൻറിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെയും, രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് വിറ്റുതുലക്കുന്നതിനെതിരെയും മുദ്രാവാക്യങ്ങൾ മുഴങ്ങി. സംസ്ഥാനത്തെ സംഘടിത - അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനത്തിനെതിരെയും സർക്കാറിന്റെ മൂലധന സൗഹൃദ തൊഴിൽ നയത്തിനെതിരെയും തൊഴിലാളികൾ മുദ്രാവാക്യങ്ങൾ മുഴക്കി.

ചിന്നക്കടയിലെ പൊതുസമ്മേളന വേദിയായ സഖാവ് കെ.പി.കോസലരാമദാസ് നഗറിൽ പ്രകടനം സമാപിച്ചു. സംസ്ഥാന പ്രസിഡന്റ് സഖാവ് ആർ.കുമാർ, സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ, വൈസ് പ്രസിഡണ്ട് സഖാവ് പി.എം.ദിനേശൻ, സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ കെ.അബ്ദുൾ അസീസ്, എസ്.സീതിലാൽ, എൻ.ആർ.മോഹൻകുമാർ, ട്രഷറർ കെ.ഹരി, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ ബി. വിനോദ്, കെ.ജി.അനിൽകുമാർ, പി.ആർ.സതീശൻ, എം.എ.ബിന്ദു, കെ.ആർ.ശശി, ആർ.അർജ്ജുനൻ, എസ്.അനിൽ പ്രസാദ്, പി.പി.വിജയൻ, വി.പി.കൊച്ചുമോൻ, കെ.പി.വിജയൻ, എം.കെ.കണ്ണൻ, എ.ജി.അജയകുമാർ, ബെന്നി ദേവസ്യ, കെ.എൻ.രാജൻ, കെ.എസ്.ചെല്ലമ്മ, സിബി സി. മാത്യു, എം.എൻ.അനിൽ, പി.പി.സജീവ്കുമാർ, സി.കെ.ശിവദാസൻ, കെ.ഒ.ഷാൻ, ബെന്നി ബോണിഫസ്, ഒ.കെ.വത്സലൻ, കെ.രാമനാഥൻ, കെ.പ്രദീപ്, കെ.പ്രസാദ്, പി.എം.ശ്രീകമാർ, എം.കെ.ജയരാജൻ, അനൂപ് ജോൺ എന്നിവർ നേതൃത്വം നൽകി. സമ്മേളനവേദിയിൽ പ്രകടനം എത്തുന്നതിനു മുമ്പ് തന്നെ എഐഡിവൈഒ മ്യൂസിക് സ്ക്വാഡിന്റെ വിപ്ലവ ഗാനാലാപന പരിപാടി ആരംഭിച്ചിരുന്നു.




**അഖിലേന്ത്യ പ്രസിഡന്റ് സഖാവ് കെ.രാധാകൃഷ്ണ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സഖാക്കൾ ആർ.കുമാർ, കെ.സോമശേഖർ, എ.അനവരതൻ, ബാബു ദിവാകരൻ, ജെ.ഉദയഭാനു, വി.വേണുഗോപാൽ, വി.കെ.സദാനന്ദൻ, എ.എസീസ് തുടങ്ങിയവർ**

എഐയുടിയുസി സംസ്ഥാന പ്രസിഡൻറ് സഖാവ് ആർ.കുമാർ പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. സർവ്വരാജ്യ തൊഴിലാളി ഐക്യം വിളിച്ചോതുന്ന സാർവ്വദേശീയഗാനം ആലപിച്ചുകൊണ്ടാണ് പൊതുസമ്മേളനം ആരംഭിച്ചത്.എഐയുടിയുസി അഖിലേന്ത്യാ പ്രസിഡന്റും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ് ബ്യൂറോ മെമ്പറുമായ സഖാവ് കെ.രാധാകൃഷ്ണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ സാമൂഹികവും സാമ്പത്തികവുമായ സാഹചര്യവും തൊഴിലാളി വർഗ്ഗത്തിന്റെ സ്ഥിതിയും അത്യന്തം മോശമായിരിക്കുന്ന സാഹചര്യമാണിന്ന്. അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യത്തിലൂടെയാണ് രാജ്യം കടന്നു പോകുന്നത്. സാമൂഹിക സാഹചര്യവും കലുഷിതമാണ്. സംഘടിത-അസംഘടിത വ്യത്യാസമില്ലാതെ തൊഴിൽ രംഗങ്ങളെല്ലാം വൻതോതിൽ സ്തംഭനം നേരിടുകയാണ്. തൊഴിലാളി വർഗ്ഗത്തിന്റെ അഗ്രിമ ആചാര്യൻ കാൾ മാർക്സിന്റെ പാഠങ്ങൾ പിന്തുടർന്നുകൊണ്ട്, നമ്മുടെ സംഘടനയുടെ നേതാവ് അന്തരിച്ച സഖാവ് ശിബ്ദാസ് ഘോഷ് നമ്മെ പഠിപ്പിച്ചിരിക്കുന്നത് ട്രേഡ് യൂണിയനെ കമ്യൂണിസത്തിന്റെ പാഠശാലയാക്കി മാറ്റണമെന്നാണ്. ട്രേഡ് യൂണിയന്റെ പ്രവർത്തനം കേവലം സാമ്പത്തിക ഡിമാന്റുകൾ നേടിയെടുക്കുന്നതിനു മാത്രമായി ഒതുക്കിയാൽ തൊഴിലാളി വർഗ്ഗത്തിന്റെ മോചനം സാധ്യമാവില്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. ചൂഷണത്തിലധിഷ്ഠിതമായ മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയെ തുത്തെറിയുന്നതിലൂടെ മാത്രമേ തൊഴിലാളികളുടെ യഥാർത്ഥ മോചനം സാധ്യമാകുകയുള്ളൂ.

സ്വാതന്ത്ര്യം ലഭിച്ച നാളുകളിൽ അടിസ്ഥാന വ്യവസായങ്ങളായ കൽക്കരി, ഖനന വ്യവസായം, വൈദ്യുതി, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയ വൻമൂലധന മുടക്കുള്ള വ്യവസായങ്ങൾ തുടങ്ങുവാൻ സ്വകാര്യ മേഖലക്ക് ശേഷിയുണ്ടായിരുന്നില്ല. അതു കൊണ്ടാണ് ജനങ്ങളുടെ നികുതി പണമെടുത്ത് പൊതുമേഖലകൾ ആരംഭിക്കുവാൻ നെഹ്റു തുടക്കമിട്ടത്. അങ്ങനെ പടുത്തുയർത്തിയ പൊതുമേഖലയുടെ തണലിൽ വികസിച്ച, സമ്പത്തിന്നുടമകളായ കോർപ്പറേറ്റു കുടുംബങ്ങൾ പൊതുമേഖലയെ വിഴുങ്ങുവാൻ പോന്ന ശേഷി ആർജ്ജിച്ചു. അതിനാലാണ് ഇന്നിപ്പോൾ പൊതുമേഖലയെയെല്ലാം സ്വകാര്യവൽക്കരിക്കാനുള്ള നീക്കം കേന്ദ്ര സർക്കാർ നടത്തുന്നത്. ഇന്ന് ഇന്ത്യൻ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമായ അവസ്ഥയിലാണ് എത്തി നില്ക്കുന്നത്. ആഭ്യന്തര ഉൽപ്പാദനം(ജിഡിപി) വളരെ താഴ്ന്ന നിലയിലാണ്. ഫാക്ടറി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള 40 ലക്ഷം ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. കോടിക്കണക്കിനു ആളുകൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്. ഗ്രാമീണ കാർഷിക മേഖലയിൽ നിന്ന് തൊഴിലന്വേഷിച്ച് നഗരങ്ങളിലേക്ക് വൻതോതിൽ ജനങ്ങൾ കുടിയേറുകയാണ്.

തൊഴിലാളി വർഗ്ഗത്തിന് സ്വകാര്യ സ്വത്തോ, ദേശീയ അതിർത്തികളോ ഒന്നും തന്നെയില്ലാ എന്നതുകൊണ്ടാണ് 'സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ' എന്ന് കാൾ മാർക്സ് ആഹ്വാനം ചെയ്തത്. ലോകത്തെ മാറ്റുവാൻ തൊഴിലാളികൾ സ്വയം മാറേണ്ടതുണ്ടെന്നും അദ്ദേഹം ആഹ്വാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് എല്ലാതരം സാമ്പത്തികവാദത്തിൽനിന്നും അവസരവാദത്തിൽനിന്നും മുക്തമായി വീറുറ്റതും യോജിച്ചതുമായ തൊഴിലാളി വർഗ്ഗ പ്രക്ഷോഭങ്ങൾ രാജ്യത്ത് വളർത്തിയെടുക്കുവാൻ കേരളത്തിലെ തൊഴിലാളികളും മുന്നോട്ടു വരണമെന്നും അദ്ദേഹം പറഞ്ഞു.



**കൊല്ലം ചിന്നക്കടയിലെ പൊതുസമ്മേളന സദസ്സ്**

എസ്‌യുസിഐ(സി) കേന്ദ്ര കമ്മിറ്റി അംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് വി.വേണുഗോപാൽ മുഖ്യപ്രസംഗം നടത്തി. സമ്മേളനത്തിന്റെ സ്വാഗതസംഘം ചെയർമാൻ ശ്രീ.എ.ജയിംസ്, വീറുറ്റ തൊഴിലാളി സമരത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയും വീരചരിത്രമുള്ള കൊല്ലം, എഐയുടിയുസിയുടെ സംസ്ഥാന സമ്മേളനത്തിന് ഇന്നത്തെ സന്ദർഭത്തിൽ വീണ്ടും വേദിയാകുന്നത് തൊഴിലാളികൾക്ക് ആവേശകരവും അഭിമാനകരവുമാ

*(ശേഷം 9-ാം പേജിൽ)*

# തൊഴിലാളിവിരുദ്ധ ലേബർകോഡിനെതിരെ ദേശവ്യാപകസമരം വളർത്തിയെടുക്കുക

(8-ാം പേജിൽ നിന്ന്)

ണെന്ന് തന്റെ അഭിവാദ്യ പ്രസംഗത്തിൽ പറയുകയുണ്ടായി. എഐയുടിയുസി കർണാടക സംസ്ഥാന സെക്രട്ടറി സഖാവ് കെ.സോമശേഖർ, തമിഴ്നാട് സംസ്ഥാന പ്രസിഡന്റ് സഖാവ് എ.അനവരതൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി സഖാവ് ഷൈല കെ.ജോൺ എന്നിവർ പ്രസംഗിച്ചു.

കേന്ദ്ര ട്രേഡ് യൂണിയനുകൾ ആഹ്വാനംചെയ്ത 2020 ജനവരി 8ന് നടക്കുന്ന അഖിലേന്ത്യാ പൊതുപണിമുടക്ക് വിജയിപ്പിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രമേയം എഐയുടിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് പി.എം.ദിനേശനും, കേന്ദ്ര സർക്കാരിന്റെ ദേശീയ പൗരത്വ രജിസ്റ്റർ, പൗരത്വ ഭേദഗതി നിയമം എന്നിവ പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്ന പ്രമേയം സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എം.എ.ബിന്ദുവും അവതരിപ്പിച്ചു. രണ്ട് പ്രമേയങ്ങളും സമ്മേളനം ഐകകണ്ഠേന പാസാക്കി.

എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാവ് എസ്.സീതിലാൽ, എൻ.ആർ.മോഹൻകുമാർ, ട്രഷറർ കെ.ഹരി എന്നിവരും, എല്ലാ ജില്ലാ സെക്രട്ടറിമാരും വേദിയിൽ സന്നിഹിതരായിരുന്നു. കൊല്ലം ജില്ലാ സെക്രട്ടറി സഖാവ് ബി.വിനോദ് കൃതജ്ഞത പറഞ്ഞു.

ഡിസംബർ 28, 29 തീയതികളിൽ ജവഹർ ബാലഭവനിലായിരുന്നു പ്രതിനിധി സമ്മേളനം. 28ന് രാവിലെ 10 മണിക്ക് എഐയുടിയുസി അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് കെ.രാധാകൃഷ്ണ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും, അതിനുശേഷം അദ്ദേഹം പതാക ഉയർത്തുകയും ചെയ്തു.

തുടർന്ന്, പ്രതിനിധി സമ്മേളനത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ എഐയുടിയുസി സംസ്ഥാന പ്രസിഡൻറ് സഖാവ് ആർ.കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ സ്വാഗതം പറഞ്ഞു. എഐയുടിയുസി അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് കെ.രാധാകൃഷ്ണ പ്രതിനിധിസമ്മേളനം ഉദ്ഘാടനം ചെയ്തു. എഐടിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് ജെ. ഉദയഭാനു, യുടിയുസി സംസ്ഥാന പ്രസിഡന്റും മുൻ മന്ത്രിയുമായ സഖാവ് ബാബു ദിവാകരൻ എന്നിവർ സമ്മേളനത്തിൽ അഭിവാദ്യപ്രസംഗം നടത്തുകയുണ്ടായി. തൊഴിലാളിവർഗ്ഗത്തിന് നേരെ നരേന്ദ്ര മോദിയുടെ ബിജെപി സർക്കാർ നടത്തുന്ന കടുത്ത ആക്രമണത്തിനെതിരെ തൊഴിലാളികൾ ശക്തമായ പോരാട്ടത്തിന് തെരുവിൽ ഇറങ്ങണമെന്നും, കഴിയുന്നത്ര താഴെ തലംവരെ യോജിച്ച പ്രക്ഷോഭം കെട്ടിപ്പടുക്കേണ്ടത് അടിയന്തര ആവശ്യകതയുള്ള സന്ദർഭമാണിതെന്നും സഖാവ് ജെ. ഉദയഭാനു പറഞ്ഞു. കേന്ദ്രസർക്കാർ എല്ലാ സീമകളും ലംഘിച്ചുകൊണ്ട് തൊഴിലാളികളുടെ മേൽ മൃഗീയമായ ആക്രമണം നടത്തുന്ന ഇക്കാലത്ത് പഴയതിനേക്കാൾ വലിയ സമരങ്ങൾ ഉയർന്നു വരേണ്ടതാണെന്നും, സംയുക്ത ട്രേഡ് യൂണിയൻ വേദി കൂടുതൽ ശക്തമായി മുന്നോട്ടു പോകേണ്ടതുണ്ടെന്നും ബാബു ദിവാകരൻ പറഞ്ഞു. എഐയുടിയുസി കർണാടക സംസ്ഥാന സെക്രട്ടറിയും അഖിലേന്ത്യ വർക്കിംഗ് കമ്മിറ്റി അംഗവുമായ സഖാവ് കെ.സോമശേഖർ, തമിഴ്നാട് സംസ്ഥാന പ്രസിഡൻറ് സഖാവ് എ.അനവരതൻ എന്നിവരും സമ്മേളനത്തെ അഭിവാദ്യം ചെയ്ത് പ്രസംഗിക്കുകയുണ്ടായി.

പ്രതിനിധി സമ്മേളന നടപടികൾ സഖാക്കൾ ആർ.കുമാർ ചെയർമാനായും സഖാക്കൾ കെ.അബ്ദുൾ അസീസ്, പി.എം. ദിനേശൻ എന്നിവർ അംഗങ്ങളായുമുള്ള പ്രസീഡിയമാണ് നിയന്ത്രിച്ചത്. ആദ്യ നടപടിയായ അനുശോചനപ്രമേയം സംസ്ഥാന ട്രഷറർ സഖാവ് കെ.ഹരി അവതരിപ്പിച്ചു. അന്തരിച്ച നേതാക്കൾ എ.ജലാലുദ്ദീൻ, സി.കെ.ലൂക്കോസ്, ജി.എസ്.പത്മകുമാർ എന്നിവരുടേയും സഖാക്കൾ വി.ആൻറണി, ശശിധരൻ വെള്ളായണി എന്നിവരുടെയും പേരുകൾ അനുശോചന പ്രമേയത്തിൽ എടുത്തു പറഞ്ഞിരുന്നു. സമ്മേളനം മൗനാചരണത്തിലൂടെ അനുശോചനം രേഖപ്പെടുത്തി. സമ്മേളനത്തിലെ മുഖ്യരാഷ്ട്രീയ പ്രമേയം സഖാവ് എൻ.ആർ.മോഹൻകുമാർ അവതരിപ്പിക്കുകയും സഖാവ് കെ.എസ്.ഹരികുമാർ പിന്തുണയ്ക്കുകയും ചെയ്തു. രാഷ്ട്രീയ സംഘടനാ റിപ്പോർട്ട് സഖാവ് വി.കെ.സദാനന്ദൻ അവതരിപ്പിക്കുകയും സഖാവ് എസ്.സീതിലാൽ പിന്തുണയ്ക്കുകയും ചെയ്തു. സഖാവ് കെ.ഹരി വരവ്-ചെലവ് കണക്കുകൾ അവതരിപ്പിച്ചു.




സമ്മേളനത്തിന് മുന്നോടിയായി കൊല്ലം നഗരത്തിൽ നടന്ന തൊഴിലാളി പ്രകടനം

കേന്ദ്ര തൊഴിൽ നിയമ ഭേദഗതി, ബിപിസിഎൽ സ്വകാര്യവൽക്കരണം, നിർമ്മാണ തൊഴിൽരംഗം, കെഎസ്ഇബി, കശുവണ്ടി വ്യവസായ മേഖല, കെഎസ്ആർടിസി, മത്സ്യമേഖല, ആശാ വർക്കേഴ്സ്, പങ്കാളിത്ത പെൻഷൻ, ബിഎസ്എൻഎൽ എന്നീ വിഷയങ്ങളിൽ പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. എല്ലാ പ്രമേയങ്ങളിലും റിപ്പോർട്ടിലും സജീവമായ ചർച്ചകൾ നടക്കുകയും ഐകകണ്ഠ്യേന പാസാക്കുകയും ചെയ്തു. ശേഷം, 53 അംഗ സംസ്ഥാന കമ്മിറ്റിയുടെ പാനലും 75 അംഗ അഖിലേന്ത്യാ സമ്മേളന പ്രതിനിധികളുടെ പാനലും സമ്മേളനം ഐക്യകണ്ഠേന പാസാക്കി.

തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് പ്രസംഗിച്ചു. ഇന്നത്തെ അന്തർദേശീയ - ദേശീയ സാഹചര്യം മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണെങ്കിൽ, മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയ്ക്ക് ഏറ്റിരിക്കുന്ന പ്രതിസന്ധി എങ്ങോട്ടാണ് നയിക്കുന്നത് എന്ന് ബോധ്യപ്പെടുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലോകത്തിന്റെ നാനാഭാഗങ്ങളിൽ മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയ്ക്കെതിരെ രൂക്ഷമായ പ്രക്ഷോഭങ്ങൾ പടർന്നുപിടിക്കുകയാണ്. കേരളത്തിൽ ബിപിസിഎൽ കോർപ്പറേറ്റുകൾക്ക് കൈമാറുന്നതിനെരെ നടക്കുന്ന പ്രക്ഷോഭണത്തിൽ നമ്മുടെ ട്രേഡ് യൂണിയൻ സജീവമായി രംഗത്തുണ്ട്. സേവ് ബിപിസിഎൽ കമ്മിറ്റി ഉണ്ടാക്കി ക്കൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയണം. ഏതു ചെറിയ ശക്തിയുമായി പോലും സഹകരിച്ചും യോജിച്ചും സമരം ചെയ്യേണ്ട കാലമാണിത്- അദ്ദേഹം ഓർമിപ്പിച്ചു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയും കേന്ദ്ര കമ്മിറ്റി അംഗവുമായ സഖാവ് വി.വേണുഗോപാൽ സമാപന സന്ദേശം നൽകിക്കൊണ്ട് പ്രസംഗിക്കുകയുണ്ടായി. ട്രേഡ് യൂണിയൻ സംഘാടനത്തിന് ഏറ്റവും പ്രാധാന്യം നൽകേണ്ട സമയമാണിതെന്ന് അദ്ദേഹം പറഞ്ഞു. ട്രേഡ് യൂണിയനുകൾ ധാരാളം ഉണ്ടെങ്കിലും വിപ്ലവ ട്രേഡ് യൂണിയൻ ഇന്ത്യയിൽ എഐയുറ്റിയുസി മാത്രമാണ്. സാമ്പത്തിക ആവശ്യങ്ങൾക്ക് വേണ്ടി തൊഴിലാളികൾക്ക് സമരം ചെയ്യേണ്ടിവരും. അത് ആവശ്യവുമാണ്. എന്നാൽ, അതിൽ മാത്രം തൊഴിലാളികളെ തളച്ചിടാൻ നമുക്ക് കഴിയില്ല. മുതലാളിത്തവ്യവസ്ഥ തന്നെയാണ് തൊഴിലാളികളുടെ വിമോചനത്തിന് തടസ്സം എന്നും, അതിനെ തൂത്തെറിഞ്ഞ് സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഏറ്റവുമധികം ഉള്ളത് തൊഴിലാളികൾക്കാണെന്നും, അത് നിർവ്വഹിക്കാനുള്ള പ്രധാന ശക്തി തങ്ങൾ തന്നെയാണെന്നും അവരെ ബോധ്യപ്പെടുത്തണം. അതിനു വേണ്ടിയുള്ള പാഠശാല ആയിരിക്കണം ട്രേഡ് യൂണിയനെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. ജനുവരി 8ന് നടക്കുന്ന പൊതുപണിമുടക്ക് വിജയിപ്പിക്കുവാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങണമെന്നും അദ്ദേഹം സമാപന പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. സാർവ്വദേശീയഗാനം ആലപിച്ച ശേഷം, മുദ്രാവക്യമുയർത്തിക്കൊണ്ട് 4-ാം സംസ്ഥാന സംസ്ഥാന സമ്മേളനത്തിന് തിരശ്ശീല വീണു.

## അഖിലേന്ത്യാ സമ്മേളനം ഫെബ്രുവരി 13,14,15 ധൻബാദിൽ




പ്രതിനിധി സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

### പുതിയ സംസ്ഥാന കമ്മിറ്റി

**പ്രസിഡന്റ്:** ആർ.കുമാർ

**വൈസ് പ്രസിഡണ്ടുമാർ:** എ.അസീസ്, എസ്.സീതിലാൽ, എൻ.ആർ.മോഹൻകുമാർ, ഷൈല കെ.ജോൺ, കെ.കെ.സുരേന്ദ്രൻ, പി.എം.ദിനേശൻ, എസ്.രാധാകൃഷ്ണൻ, കെ.എസ്.ഹരികുമാർ

**സെക്രട്ടറി:** വി.കെ.സദാനന്ദൻ

**സെക്രട്ടേറിയറ്റ്:** വി.പി.കൊച്ചുമോൻ, പി.ആർ.സതീശൻ, ബി.വിനോദ്, എം.എ.ബിന്ദു, പി.എം. ശ്രീകുമാർ, പി.പി.സജീവ്കുമാർ, കെ.ആർ.ശശി, സിബി സി.മാത്യു, ബെന്നി ബോണിഫസ്, അനൂപ് ജോൺ

**ട്രഷറർ:** കെ.ഹരി

ഇവരടക്കം 54 അംഗ സംസ്ഥാന കമ്മിറ്റിയെയും അഖിലേന്ത്യാ സമ്മേളനത്തിലേക്ക് സംസ്ഥാനത്തുനിന്നും 75 പ്രതിനിധികളെയും സമ്മേളനം തെരഞ്ഞെടുത്തു. ■

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

കഴിഞ്ഞ ലക്കം തുടർച്ച




**ചി**ല ആളുകൾ കാരണങ്ങളുടെ ബഹുത്വത്തെ നിരാകരിക്കുന്നതിൽ, ജനാധിപത്യ അവകാശങ്ങൾ തടയുന്നതിനാണ്, അല്ലെങ്കിൽ സ്വതന്ത്ര അഭിപ്രായപ്രകടനത്തിനുള്ള അവകാശം അടിച്ചമർത്തുന്നതിനാണ് ഈ നിരാകരണം എന്ന മട്ടിൽ, ചിന്തയുടെ ചിട്ടപ്പെടുത്തൽ മണക്കുന്നു. ഇല്ല, സത്യത്തിൽ എത്തിച്ചേരുന്നതിനായി വാദപ്രതിവാദങ്ങളുടെയും കാഴ്ചപ്പാടുകൾ കൈമാറുന്നതിന്റെയും പ്രാധാന്യവും ആവശ്യകതയും നിഷേധിക്കുന്ന പ്രശ്നമേയില്ല. എന്നാൽ, വൈവിധ്യമാർന്ന എല്ലാ കാഴ്ചപ്പാടുകളും, തികച്ചും വിരുദ്ധമായ വീക്ഷണങ്ങൾ പോലും, ഒരേ സമയം ശരിയാണെന്നും സത്യമാണെന്നും നമുക്ക് അവകാശപ്പെടാൻ കഴിയുമോ? ശാസ്ത്രത്തിന് ഇത് വെറുതേയങ്ങ് അംഗീകരിക്കാൻ സാധ്യമല്ല. മുതലാളിത്ത ചൂഷണത്തിന്റെ നുകത്തിൽനിന്നുള്ള വിമോചനത്തിനുള്ള ശരിയായപാത കണ്ടെത്തുന്നതിൽ ഏർപ്പെടുമ്പോൾ, കാരണങ്ങളുടെ ബഹുത്വം എന്ന തെറ്റായ ആശയത്താലാണ് നാം നയിക്കപ്പെടുന്നതെങ്കിൽ, വിമോചനം കൈവരിക്കാനായി രണ്ട് പാതകളിൽ ഏതെങ്കിലും ഒന്നിൽ അഭയം പ്രാപിക്കാമെന്ന് നാം കരുതും – ഒന്നുകിൽ വർഗസഹകരണത്തിന്റെ പാത, അല്ലെങ്കിൽ വർഗസമരത്തിന്റെ പാത. ഇത് ബോധപൂർവമോ അല്ലാതെയോ, ജനങ്ങളെ കബളിപ്പിക്കാനും വഞ്ചിക്കാനുമുള്ള ഹീനതന്ത്രമാണെന്ന് മനസ്സിലാക്കണം. കൂടാതെ, നമ്മുടെ രാജ്യത്തെ ബാധിക്കുന്ന നിലവിലുള്ള എല്ലാ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക പ്രശ്നങ്ങൾക്കും മുതലാളിത്തമാണ് മൂലകാരണം എന്ന സത്യം, ഒരു മാർക്സിസ്റ്റ് വരട്ടുതത്വവാദമായി അതേപടി തള്ളിക്കളയുന്നവരുണ്ട്. വർത്തമാനകാല പ്രശ്നങ്ങൾക്കുപിന്നിൽ പല കാരണങ്ങളും പ്രവർത്തിക്കുന്നു എന്ന ന്യായം അവർ ആവർത്തിക്കുന്നു. മുതലാളിത്തമാണ് ഈ ബഹുവിധ ഘടകങ്ങൾക്ക് ജന്മം നൽകുന്നതെന്നും, ഇന്നത്തെ എല്ലാ പ്രശ്നങ്ങൾക്കും തൊട്ടുപിന്നിൽ പ്രവർത്തിക്കുന്ന കാരണം മുതലാളിത്തമാണെന്നുമുള്ള പൊള്ളുന്ന സത്യം അവരെല്ലാം യഥാർത്ഥത്തിൽ നിഷേധിക്കുകയാണ്.

അപ്പോൾ, ജൈവലോകം അടക്കമുള്ള ഭൗതികലോകത്ത് മാറ്റം സംഭവിക്കുന്നത്, മാറ്റത്തിന് അനുഗുണമായ സാഹചര്യം സൃഷ്ടിക്കപ്പെടുമ്പോൾ മാത്രമാണ് എന്നതാണ് കാര്യം. ശാസ്ത്രവും മാർക്സിസവും ഇതുമായി ബന്ധപ്പെട്ട് പറയുന്ന ആവശ്യകത, എല്ലാ ചലനത്തിനും, നിലവിൽ വരുന്ന എല്ലാത്തിനും പിന്നിൽ പ്രവർത്തിക്കുന്ന ആവശ്യകത അഥവാ ത്വര തന്നെയാണ്. ആവശ്യകതയില്ലാതെ ഒന്നും സംഭവിക്കുന്നില്ല. ഓരോ വസ്തുവിനും വികാസത്തിനും ചലനത്തിനും നിയമത്തിനും പ്രക്രിയയ്ക്കും, അതിന്റെ സ്വാഭാവിക ഗതിയിലുള്ള ആവശ്യകതയുമുണ്ട്. നിയമഭരിതമായും നിയമത്തിന്റെ പ്രവർത്തനപ്രക്രിയയിലൂടെയും കാരണ–ഫല ബന്ധങ്ങളുടെ ഇടപെടലിലൂടെയും ഉണ്ടാകുന്ന ആവശ്യകതയെ, യഥാർത്ഥ ആവശ്യകത എന്ന് വിളിക്കുന്നു. ഒരു പദമെന്ന നിലയിൽ ആവശ്യകതയെക്കുറിച്ച് ഈ അർത്ഥത്തിൽ സംസാരിക്കുകയും ഉപയോഗിക്കുകയും ചെയ്യാം, അതായത്, ഒരു പ്രത്യേക മണ്ഡലത്തിലോ സാഹചര്യത്തിലോ ഒരു സവിശേഷമായ കാരണ–ഫല ബന്ധത്തിൽനിന്ന് ഉണ്ടാകുന്ന ആവശ്യകത, എന്ന അർത്ഥത്തിൽ. എന്നാൽ ഒരു സങ്കൽപമെന്ന നിലയിൽ സാർവത്രിക അർത്ഥത്തിൽ, അതായത് പ്രപഞ്ചത്തെ മൊത്തമായി അതിന്റെ പൊതുബന്ധത്തിൽ പരാമർശിക്കുമ്പോൾ, അങ്ങനെ പറയാനാകില്ല. ഇതിനർത്ഥം, സംഭവിക്കുന്ന ഓരോ കാര്യത്തിനുപിന്നിലും ഒരു പ്രത്യേക കാരണമെന്ന ആവശ്യകതയുണ്ട് എന്നാണ്. പക്ഷേ, ലോകത്തിന് മൊത്തമായി, പ്രപഞ്ചത്തിന് മൊത്തമായി, സാർവത്രികമായ ഒരൊറ്റ കാരണമോ ആവശ്യകതയോ ഇല്ല. ആവശ്യകതയെ ഒരൊറ്റ സാർവത്രിക ആവശ്യകതയെന്ന അർത്ഥത്തിൽ നമ്മൾ മനസ്സിലാക്കുകയാണെങ്കിൽ, നാം നിഗൂഢതാവാദത്തിലേക്ക് വഴുതിവീഴാം, ആദർശവാദത്തിലേക്ക് വ്യതിചലിക്കാം.

**ആവശ്യകതയുടെ അംഗീകരണമാണ് സ്വാതന്ത്ര്യം**

"ആവശ്യകതയുടെ അംഗീകരണ"മാണ് സ്വാതന്ത്ര്യമെന്ന്, ഹെഗൽ പറയുമ്പോൾ, ആവശ്യകതയുടെ വിവക്ഷ വളരെ ആഴത്തിലുള്ളതാണ്. സ്വാതന്ത്ര്യമെന്നതുകൊണ്ട് നാം മനസ്സിലാക്കുന്നത്, മനുഷ്യന്റെ സ്വതന്ത്രവും സോദ്ദേശപരവുമായ വികാസത്തിനുള്ള അവകാശം എന്നാണ്. അച്ചടക്കരഹിതമായ, അശ്രദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ മറ്റൊരു പേരാണ് വികാസത്തിന്റെ പേരിലുള്ള ഉദ്ദേശ്യരഹിതമായ പ്രവർത്തനം. ഒരാൾ യഥാർത്ഥത്തിൽ സ്വതന്ത്രനാകുന്നത്, അല്ലെങ്കിൽ യഥാർത്ഥത്തിൽ മോചിതനാകുന്നത്, സ്വാതന്ത്ര്യം എന്താണ് അർത്ഥമാക്കുന്നത് എന്ന് യഥാർത്ഥത്തിൽ തിരിച്ചറിയുകയും, ആ തിരിച്ചറിവ് അയാൾ ബോധപൂർവ്വം പ്രയോഗത്തിൽ വരുത്തുകയും ചെയ്യുമ്പോൾ മാത്രമാണ്. സ്വാതന്ത്ര്യം കൈവരിക്കുക എന്നതിനർത്ഥം ഭൗതിക ലോകത്തെ മാറ്റുന്നതിനുള്ള നിയമങ്ങളെക്കുറിച്ചുള്ള ശരിയായ ധാരണയിൽ, ബാഹ്യലോകത്തിനും തനിക്കുംമേൽ നിയന്ത്രണം സ്ഥാപിക്കുകയെന്നതാണ്. ഈ നിയന്ത്രണം, ആവശ്യകതയെക്കുറിച്ചുള്ള ശരിയായ ധാരണയിൽനിന്നും ഉരുത്തിരിഞ്ഞ അറിവിലൂടെയാണ് സ്ഥാപിക്കപ്പെടുന്നത്. ആവശ്യകതയുടെ അംഗീകരണമാണ് സ്വാതന്ത്ര്യമെന്ന്, ഹെഗൽ പറഞ്ഞത് തീർച്ചയായും മനോഹരമായ, വിശിഷ്ടമായ ഒരു പ്രയോഗമാണ്. ഭൗതിക ലോകത്തിന്റെ മാറ്റത്തിന്റെ നിയമങ്ങളെ സംബന്ധിച്ച മനുഷ്യന്റെ തിരിച്ചറിവിന്റെ നിലവാരവും, മാറ്റത്തിന്റെ യഥാർത്ഥ നിയമങ്ങളും തമ്മിൽ ഒരു അന്തരം ഉണ്ടെങ്കിൽ, ആവശ്യകതയെക്കുറിച്ച് അന്ധമായ ഒരു ധാരണ വളരുമെന്നാണ് ഹെഗൽ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ആവശ്യകതയെക്കുറിച്ചുള്ള ഹെഗലിയൻ സങ്കൽപ്പവുമായി യാതൊരു ബന്ധവുമില്ലാത്ത, നിസ്സാരമായ അർത്ഥത്തിൽ പിൽക്കാലത്ത് ആവശ്യകത എന്നത് ഉപയോഗിക്കപ്പെട്ടുവെന്നത് നിശ്ചയമാണ്. ഇക്കാലത്ത് പലരും ആവശ്യകതയെ വളരെ ഇടുങ്ങിയ അർത്ഥത്തിൽ വ്യാഖ്യാനിച്ചതിലൂടെ, പ്രയോജനവാദം(pragmatism) എന്ന ആശയം വളർന്നുവന്നിരിക്കുന്നു. ദൈവത്തിന്റെ അസ്തിത്വം വാദങ്ങളുടെ പിൻബലത്തോടെ തെളിയിക്കാൻ കഴിയാത്തവർ, വാദിക്കുന്നില്ല, പക്ഷേ ദൈവത്തിലുള്ള വിശ്വാസം ആവശ്യകതയാണ് എന്ന് പറയുന്നത് കാണാം. ഇത്തരത്തിലുള്ള ആവശ്യകതയെപറ്റിയല്ല ഞാൻ സംസാരിക്കുന്നത്. സമൂഹത്തിൽ ക്രമം നിലനിർത്തുന്നതിനും, തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനും, ദൈവത്തിലുള്ള വിശ്വാസവും പ്രതീക്ഷയും ആവശ്യമാണത്രെ! ഇത്തരം ആവശ്യകതയെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്. വിശ്വാസം നിലനിർത്തുക എന്ന പ്രയോജനവാദപരമായ ആവശ്യകതയിൽനിന്നുമാണ് ഇത്തരം വാദങ്ങൾ ഉയർന്നുവരുന്നത്. പ്രയോജനവാദത്തെ വാഴ്ത്തിപ്പാടുകപോലും ചെയ്യുന്ന നിരവധി ആളുകളുണ്ട്. രാഷ്ട്രീയത്തിൽ അവസരവാദമെന്ന് നമ്മൾ വിളിക്കുന്നതിനെയാണ് തത്വചിന്തയിൽ പ്രയോജനവാദമെന്ന് വിളിക്കുന്നത്. യഥാർത്ഥത്തിൽ, പ്രയോജനവാദമെന്നത് സാമൂഹ്യപുരോഗതിയുടെ പ്രക്രിയയെ നിഷേധിക്കലാണ്. വ്യക്തികളുടെയോ കൂട്ടങ്ങളുടെയോ സങ്കുചിതവും തൽക്ഷണവുമായ താത്പര്യാർത്ഥമുള്ള വഷളായതും ജുഗുപ്സാവഹവുമായ അവസരവാദമാണത്. അത് തീർച്ചയായും മാർക്സിസ്റ്റ് വിരുദ്ധ സ്വഭാവത്തിലുള്ളതാണ്.

**മുന്നോട്ടും മേല്പോട്ടുമുള്ള വികാസം**

മാറ്റത്തിന്റെയും വികാസത്തിന്റെയും വിഷയത്തിൽ മറ്റ് ചില പ്രശ്നങ്ങൾ പിന്നീട് ഉയർന്നുവന്നു. ഉദാഹരണത്തിന്, മുന്നോട്ടും മുകളിലേക്കുമുള്ള വികാസമെന്ന സങ്കല്പം. ഭൗതിക ലോകത്തിലെ മാറ്റത്തിന്റെ ഗതിയിൽ ഒരു പ്രതിഭാസവും ആവർത്തിക്കപ്പെടുന്നില്ല, ചാക്രികമായി വരുന്നില്ല എന്ന സത്യം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് മുന്നോട്ടും മുകളിലേക്കുമുള്ള വികസനം എന്ന ആശയം തന്നെ വികസിച്ചത്. മാറ്റത്തിന്റെ ഗതിയിൽ നാം ഒരു ഘട്ടത്തിൽനിന്ന് ഉയർന്ന ഘട്ടങ്ങളിലേക്ക് പുരോഗമിക്കുകയാണ്, പഴയ കാര്യം ആവർത്തിക്കുകയല്ല എന്നർത്ഥം. നമുക്കറിയാം, ഏതൊരു പ്രത്യേക ഭൗതികവസ്തുവിനും ഉത്ഭവവും അതിന്റെ വികാസഗതിയും, ആ ഗതിയിൽ അതിന്റെ അവസാനം അഥവാ നിരാകരണവും ഉണ്ട്. എല്ലാ ഭൗതികവസ്തുക്കൾക്കും അതിന്റെ തുടക്കവും ഒടുക്കവും ഉണ്ട്. തുടക്കത്തിന്റെയും ഒടുക്കത്തിന്റെയും ഈ ധാരണ പക്ഷേ, ആപേക്ഷികമാണ്. അതായത്, ഒരു പ്രത്യേക ഭൗതികവസ്തുവിനെയോ പ്രതിഭാസത്തെയോ സംബന്ധിച്ച് ഒരു തുടക്കവും ഒടുക്കവും നമുക്കു സങ്കൽപിക്കാം. അതുപോലെ, ഒരു പ്രത്യേക വ്യക്തിയുടെ മുൻഭാഗമെവിടെ പിൻഭാഗമെവിടെ എന്ന് അദ്ദേഹത്തിന്റെ പ്രത്യേക സ്ഥാനത്തെയും ദിശയെയും അടിസ്ഥാനമാക്കി നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. എന്നാൽ, ഭൗതിക ലോകത്തിന്റെയാകെ തുടക്കത്തെയും ഒടുക്കത്തെയുംപറ്റിയുള്ള, മുമ്പും പുറകും ഏതെന്ന ചോദ്യം പൂർണമായും അശാസ്ത്രീയമാണ്. അതായത്, ഭൗതിക ലോകത്തിന് മൊത്തത്തിൽ ഒരു ഉത്ഭവവും അന്ത്യവും ഉണ്ടെന്ന് പറയുന്നത് ശാസ്ത്രത്തിന് വിരുദ്ധമാണ്. ഇത് യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ശരിയായ മനസ്സിലാക്കലല്ല.

പ്രകൃതിശാസ്ത്രത്തിന്റെ ഭാഷയിൽ ഇതിനെ മാറ്റം എന്ന് വിളിക്കുന്നു. ഈ മാറ്റം അതിരില്ലാത്തതും അനന്തവുമാണ്. മാറ്റത്തിന്റെ പ്രക്രിയയിൽ ബോധത്തിന് ഒരു പങ്കുണ്ടെന്ന് അവകാശപ്പെടുന്ന പലരും ഉണ്ട്. ഈ വീക്ഷണത്തോട് യോജിക്കാനാവില്ല. പ്രകൃതിശാസ്ത്രത്തിന്റെ മേഖലയിൽ ശുദ്ധവും ലളിതവുമായ മാറ്റമാണുള്ളതെന്ന് മറ്റുചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ മനുഷ്യൻ കേന്ദ്രബിന്ദുവാകുന്ന സാമൂഹ്യശാസ്ത്ര മേഖലയിൽ, ബോധത്തിന്റെ പങ്ക് ഉൾപ്പെട്ടിട്ടുണ്ട്. അവിടെ ചലനം മുന്നോട്ടും മുകളിലേക്കുമാണ് എന്ന കാഴ്ചപ്പാടും ഞാൻ അംഗീകരിക്കുന്നില്ല. ഈ മുന്നോട്ടും മുകളിലേക്കുമു

*(ശേഷം 11–ാം പേജിൽ)*

**സ്വാതന്ത്ര്യമെന്നതുകൊണ്ട് നാം മനസ്സിലാക്കുന്നത്, മനുഷ്യന്റെ സ്വതന്ത്രവും സോദ്ദേശപരവുമായ വികാസത്തിനുള്ള അവകാശം എന്നാണ്. അച്ചടക്കരഹിതമായ, അശ്രദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ മറ്റൊരു പേരാണ് വികാസത്തിന്റെ പേരിലുള്ള ഉദ്ദേശ്യരഹിതമായ പ്രവർത്തനം. ഒരാൾ യഥാർത്ഥത്തിൽ സ്വതന്ത്രനാകുന്നത്, അല്ലെങ്കിൽ യഥാർത്ഥത്തിൽ മോചിതനാകുന്നത്, സ്വാതന്ത്ര്യം എന്താണ് അർത്ഥമാക്കുന്നത് എന്ന് യഥാർത്ഥത്തിൽ തിരിച്ചറിയുകയും, ആ തിരിച്ചറിവ് അയാൾ ബോധപൂർവ്വം പ്രയോഗത്തിൽ വരുത്തുകയും ചെയ്യുമ്പോൾ മാത്രമാണ്.**




# ആശയം ദ്രവ്യത്തിൽനിന്ന് ഉടലെടുക്കുന്നു; ദ്രവ്യം പ്രാഥമികവും ആശയം ദ്വിതീയവുമാണ്

*(10-ാം പേജിൽ നിന്ന്)*

ള്ള വികസനത്തിന് സാർവത്രികതയുണ്ട്, പക്ഷേ അത് ദ്രവ്യത്തിന്റെ മൂർത്തമായ യാഥാർത്ഥ്യവുമായി ബന്ധപ്പെട്ട് മാത്രമാണ് എന്ന് മനസ്സിലാക്കണം. ഇത്, ഓരോ വസ്തുവിന്റെയും ഓരോ പ്രതിഭാസത്തിന്റെയും ഓരോ ഗുണത്തിന്റെയും, മുന്നോട്ടും മുകളിലേക്കുമുള്ള, മൂർത്തവും പ്രത്യേകവുമായ വികാസവുമായി, അതിന്റെ ഓരോന്നിന്റെയും മൂർത്തമായ പ്രത്യേകഗതിയിൽ, ബന്ധപ്പെട്ടിരിക്കുന്നു. വ്യത്യസ്തങ്ങളായ എല്ലാ പ്രത്യേക വസ്തുക്കളുടെയും പ്രതിഭാസങ്ങളുടെയും ഗുണങ്ങളുടെയും, പ്രത്യേക വികാസങ്ങളെ അമൂർത്തമായി സാമാന്യവൽക്കരിക്കുന്നതിലൂടെ, ഓരോ സന്ദർഭത്തിലും നിരന്തരം നടക്കുന്ന മാറ്റത്തിന്റെയും ചലനത്തിന്റെയും അമൂർത്തമായ ഒരു സാമാന്യവൽകൃത സ്വഭാവത്തിൽ നാം എത്തിച്ചേരുന്നു – ഇതിനെയാണ് നമ്മൾ തത്വചിന്തയുടെ ഭാഷയിൽ മുന്നോട്ടും മുകളിലേക്കുമുള്ള വികാസം എന്നു വിളിക്കുന്നത്. എന്നാൽ, ഭൗതിക ലോകത്തിലെ മുഴുവൻ മാറ്റങ്ങളെയും ചലനങ്ങളെയും ഒരുമിച്ച് വികാസത്തിന്റെ ഒരു പ്രത്യേക ഗതിയായി കണക്കാക്കുകയും, അതിനെ മുന്നോട്ടും മുകളിലേക്കുമുള്ള വികാസം എന്ന് വിളിക്കുകയും ചെയ്യുന്നത് തികച്ചും തെറ്റാണ്. ആ സാഹചര്യത്തിൽ ഒരു ലക്ഷ്യമോ ഒരു പ്രത്യേക ഉദ്ദേശ്യമോ അതിൽ ഉൾപ്പെടുത്തണം എന്ന വസ്തുതയിലാണ് പിശക് അടങ്ങിയിരിക്കുന്നത്. അതായത്, മുഴുവൻ പ്രപഞ്ചപരിണാമത്തിന്റെയും അടിവേരിൽ ഒരു നിശ്ചിത ബോധം, അഥവാ ഒരു പ്രത്യേക ഉദ്ദേശ്യം പ്രവർത്തിക്കുന്നുവെന്നും, അത് ഒരു പ്രത്യേക നിയമത്തിന് അനുസൃതമായി മുന്നോട്ടും മുകളിലേക്കുമുള്ള വികാസത്തെ നയിക്കുന്നു എന്നും അപ്പോൾ സങ്കല്പിക്കാം. അങ്ങനെയാകുമ്പോൾ, ദ്രവ്യത്തിന്റെയും ആശയത്തിന്റെയും പരസ്പര പ്രവർത്തനം മനസിലാക്കിയാലും, അതിലെ മുൻഗണനയെക്കുറിച്ച് നമുക്ക് മനസ്സിലാകില്ല. ആദ്യം വരുന്നതും പിന്നീട് വരുന്നതും ഏതെന്ന് തിരിച്ചറിയുന്നതിൽ നമ്മൾ പരാജയപ്പെടും. ആശയത്തിന്റെ ഉത്ഭവസ്ഥാനം ദ്രവ്യമാണെന്നും, ആശയം ദ്രവ്യത്തിൽ നിന്ന് ഉടലെടുക്കുന്നുവെന്നും, ദ്രവ്യം പ്രാഥമികവും ആശയം ദ്വിതീയവുമാണെന്നും മനസ്സിലാക്കുന്നതിലും നമ്മൾ പരാജയപ്പെടും. ദ്രവ്യത്തിന്റെയും ആശയത്തിന്റെയും ഈ ബന്ധത്തിന്മേലാണ്, ഒന്ന് മറ്റൊന്നിനെ സ്വാധീനിച്ചുകൊണ്ട്, രണ്ടും തമ്മിലുള്ള പരസ്പരപ്രവർത്തനം നടക്കുന്നത്. ഇത് മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടാൽ, നമുക്ക് ശരിയായ ധാരണ കൈമോശം വരികയും ആശയവാദത്തിലേക്ക് വഴുതിവീഴുകയും ചെയ്യും. അപ്പോൾ, ദ്രവ്യത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ചോദ്യം വീണ്ടും വീണ്ടും ഉയർന്നുവരും. അതുകൊണ്ടുതന്നെ, മുന്നോട്ടും മുകളിലേക്കുമുള്ള വികാസത്തിന്റെ പ്രശ്നം ഇത്തരത്തിൽ മനസ്സിലാക്കുന്നതിനെ നമുക്ക് ഒരുതരത്തിലും അംഗീകരിക്കാൻ പറ്റില്ല.

ഇനി മറ്റൊരു വിഷയം. 'വികസിക്കുന്ന പ്രപഞ്ചം' എന്ന ധാരണ ശരിയാണ്. മുമ്പ് നിലവിലില്ലാത്ത പലതും മാറ്റത്തിന്റെ ഗതിയിൽ പുതിയതായി പ്രത്യക്ഷപ്പെട്ടു എന്ന ധാരണയാണത്. വികസിക്കുന്ന പ്രപഞ്ചം എന്നത് അർത്ഥമാക്കുന്നത് കൃത്യമായും ഇതാണ്. എന്നാൽ പ്രപഞ്ചം വിസ്തൃതമാകുന്നതിനെക്കുറിച്ചുള്ള സംഭാഷണങ്ങളിൽ അന്തർലീനമായ ആശയം അംഗീകരിക്കാനാവില്ല. കാരണം അത് സ്വാഭാവികമായും നയിക്കുന്നത്, പ്രപഞ്ചം ഇപ്പോഴത്തേതിനേക്കാൾ ചെറുതായിരുന്നുവെന്നും, നാം കൂടുതൽ പിറകിലേക്ക് പോയാൽ അത് കൂടുതൽ കൂടുതൽ ചെറുതുമായിത്തീരും എന്നതിലേക്കാണ്. കൂടാതെ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ചോദ്യം അനിവാര്യമായും ഉയർന്നുവരും. ഇത് ശാസ്ത്രത്തിന്റെയും അതുവഴി ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെയും അടിസ്ഥാനതത്വങ്ങൾക്ക് എതിരാണ്.

ഇത് നമ്മെ മറ്റൊരു പ്രശ്നത്തിലേക്ക് നയിക്കുന്നു. ഇത് വസ്തുനിഷ്ഠ നിയമത്തെ സംബന്ധിക്കുന്നതാണ്. സാമൂഹിക വികാസത്തിന്റെ നിയമം ഉദാഹരണം. അത്തരം നിയമങ്ങൾ സൃഷ്ടിക്കാനോ നശിപ്പിക്കാനോ കഴിയില്ല. നിലവിലുള്ള ഈ മാറ്റത്തിന്റെ പ്രക്രിയയിൽ ഒരു പ്രത്യേക നിയമം പ്രവർത്തനരഹിതമാകുകയും, ഒരു പുതിയ നിയമം പ്രത്യക്ഷപ്പെടുകയും ചെയ്യാം. വസ്തുനിഷ്ഠമായ ഒരു നിയമം നശിപ്പിക്കാനോ ഇല്ലാതാക്കാനോ കഴിയില്ല. ഇത് ഒരു നിശ്ചിത സാഹചര്യത്തിൽ പ്രവർത്തനക്ഷമമാവുകയും, മറ്റൊരു അവസ്ഥയിൽ പ്രവർത്തിക്കാൻ സാധിക്കാതെ മറ്റൊരു നിയമത്തിന് വഴിമാറുകയും ചെയ്യുന്നു. വ്യത്യസ്തമായ ഒരു നിയമത്തിന് സ്ഥാനം കൈമാറി അത് പുറത്തേക്ക് പോകുന്നു. പ്രപഞ്ചം, ലോകം മുഴുവൻ, അല്ലെങ്കിൽ, നമ്മുടെ സമൂഹം, അതുമല്ലെങ്കിൽ ഏറ്റവും ചെറിയ പദാർത്ഥകണികകൾ, ഒരു സ്ഥലത്തിലോ കാലത്തിലോ, നിശ്ചിതമോ സ്ഥിരമോ അല്ലെന്ന് നാം വ്യക്തമായി മനസിലാക്കുകയും നിരന്തരം ഓർമ്മിക്കുകയും വേണം. എല്ലാം നിരന്തരമായ അസ്ഥിരാവസ്ഥയിലാണ്. സമൂഹത്തിന്റെ ആദർശങ്ങൾ, ചട്ടങ്ങൾ, മൂല്യങ്ങൾ, തത്വങ്ങൾ, ശീലങ്ങൾ ഒക്കെയും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. എന്താണീ മാറ്റത്തിന്റെ കാരണം? ദ്വന്ദ്വാത്മക ഭൗതികവാദം ഉറപ്പിച്ചുപറയുന്നത്, എല്ലാത്തിനും അതിന്റേതായ ആന്തരിക വൈരുദ്ധ്യവും ബാഹ്യവൈരുദ്ധ്യവുമുണ്ട്. ആന്തരികവും ബാഹ്യവുമായ വൈരുദ്ധ്യങ്ങൾ ചേർന്നാണ് മാറ്റത്തിന് കാരണമാകുന്നത്. വൈരുദ്ധ്യത്തിലെ ശക്തികളെ രണ്ടായി വിഭജിക്കാം. ഒന്നാമത്തേത് പക്ഷം, രണ്ടാമത്തേത്, എതിർപക്ഷം. ഒന്ന്, നിലവിലെ ഘടനയെയോ അസ്തിത്വത്തെയോ നിലനിർത്തുന്നതിനായി പ്രവർത്തിക്കുന്നു. മറ്റേത്, നിലവിലെ ഘടനയെ തകർത്ത് അതിൽനിന്നും പുറത്തുകടക്കുന്നതിനായി പ്രവർത്തിക്കുന്നു.

**എല്ലാ ഭൗതികവസ്തുക്കൾക്കും അതിന്റെ തുടക്കവും ഒടുക്കവും ഉണ്ട്. ഈ ധാരണ പക്ഷേ, ആപേക്ഷികമാണ്. അതായത്, ഒരു പ്രത്യേക ഭൗതികവസ്തുവിനെയോ പ്രതിഭാസത്തെയോ സംബന്ധിച്ച് ഒരു തുടക്കവും ഒടുക്കവും നമുക്കു സങ്കൽപിക്കാം. എന്നാൽ, ഭൗതികലോകത്തിന്റെയാകെ തുടക്കത്തെയും ഒടുക്കത്തെയുംപറ്റിയുള്ള, മുമ്പും പുറകും ഏതെന്ന ചോദ്യം പൂർണമായും അശാസ്ത്രീയമാണ്. അതായത്, ഭൗതിക ലോകത്തിന് മൊത്തത്തിൽ ഒരു ഉത്ഭവവും അന്ത്യവും ഉണ്ടെന്ന് പറയുന്നത് ശാസ്ത്രത്തിന് വിരുദ്ധമാണ്.**

**ആന്തരിക വൈരുദ്ധ്യമാണ് മാറ്റത്തിന്റെ അടിസ്ഥാനം, ബാഹ്യവൈരുദ്ധ്യം അതിനെ സ്വാധീനിക്കുന്നു**

വൈരുദ്ധ്യസിദ്ധാന്തത്തിൽ മാവോ സെതുങ്ങിന്റെ മനോഹരമായ ഒരു വിശദീകരണമുണ്ട്. അദ്ദേഹം വിശദീകരിച്ചത്, മാറ്റത്തിന്റെ അടിസ്ഥാന കാരണം ആന്തരികവൈരുദ്ധ്യമാണ്, ബാഹ്യവൈരുദ്ധ്യം അതിനെ സ്വാധീനിക്കുന്നു എന്നാണ്. അപ്പോൾ, ബാഹ്യശക്തിയാണ് പദാർത്ഥത്തിന് ചലനം പ്രദാനം ചെയ്യുന്നതെന്ന അതിഭൗതിക ധാരണ തെറ്റാണ്. പരമമായ വിശ്രമം എന്നൊന്നില്ല. എല്ലാം തന്നെ ചലനത്തിലാണ്. ബാഹ്യശക്തി ചലനത്തിന്റെ അവസ്ഥയെ മാറ്റാൻ ശ്രമിക്കുന്നു. നേരത്തെ, ശാസ്ത്രത്തെ സംബന്ധിച്ച ചർച്ചയിൽ നമ്മൾ പഠിച്ചത്, ചലനത്തിന്റെ അടിസ്ഥാനകാരണം ആന്തരികമാണ് ബാഹ്യമല്ല എന്നാണ്. ന്യൂട്ടോണിയൻ മെക്കാനിക്സിൽനിന്നും ഉരുത്തിരിഞ്ഞ പഴയ ധാരണ മാറിയിരിക്കുന്നു.

ആന്തരികവും ബാഹ്യവുമായ വൈരുദ്ധ്യത്തിന്റെ പങ്കിനെ വിശദീകരിക്കുന്ന ചില ഉദാഹരണങ്ങൾ നോക്കാം. ഒരു കാർബൈഡ് വാതകവിളക്കിന്റെ കാര്യം എടുക്കുക. ഒരു തീപ്പെട്ടിയോ മറ്റെന്തെങ്കിലും ഉപകരണമോ ഉപയോഗിക്കാതെ വിളക്ക് കത്തിക്കാൻ സാധിക്കുകയില്ല. തീപ്പെട്ടിയോ അതുപോലെയുള്ള ഒരു ഉപകരണമോ കൊണ്ടല്ലാതെ വിളക്കു കത്തിക്കാൻ സാധ്യമാവില്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഇവിടെ മാറ്റത്തിന്റെ അടിസ്ഥാനകാരണമായി ബാഹ്യവൈരുദ്ധ്യത്തെ നമ്മൾ പരിഗണിക്കാത്തത് എന്ന് ഒരു പക്ഷേ ഒരാൾ ചിന്തിക്കാം. ഈ മനസ്സിലാക്കൽ ശരിയല്ല. കാരണം, കാർബൈഡ് വാതകമോ, അതു പോലെയുള്ള തീപിടിക്കുന്ന വസ്തുവോ ഇല്ലെങ്കിൽ, എത്ര തീപ്പെട്ടിക്കൊള്ളി ഉരച്ചാലും വിളക്ക് കത്തിക്കാൻ സാധിക്കുകയില്ല. അപ്പോൾ വ്യക്തമായും മാറ്റത്തിന്റെ അടിസ്ഥാനകാരണം ആന്തരികമായ വൈരുദ്ധ്യം തന്നെയാണ്.

അതുപോലെതന്നെ, സമൂഹത്തിന്റെ പരിവർത്തനത്തിൽ ഒരു രാജ്യത്തും വിപ്ലവം ഇറക്കുമതി ചെയ്യാനോ കയറ്റുമതി ചെയ്യാനോ സാധിക്കില്ല എന്ന മാർക്സിസ്റ്റ് പാഠംകൂടി ഓർക്കണം. ആന്തരികവൈരുദ്ധ്യമാണ് മാറ്റത്തിന്റെ അടിസ്ഥാനകാരണം എന്ന സത്യം കൃത്യമായി മനസ്സിലാക്കിയാൽ, ഈ വസ്തുത എത്രത്തോളം ആഴത്തിലുള്ളതാണെന്നത് ഏവർക്കും ബോധ്യപ്പെടും. ഏതെങ്കിലുമൊരു രാജ്യത്ത്, വിപ്ലവത്തിന് അനുയോജ്യമായ ആഭ്യന്തര സാഹചര്യം വികസിച്ചിട്ടില്ലായെങ്കിൽ, അത് പാകമായിട്ടില്ലായെങ്കിൽ, പുറമേനിന്ന് ഏതെങ്കിലും വിപ്ലവശക്തി എത്രത്തോളം അധ്വാനം പ്രയോഗിച്ചാലുംശരി, വിപ്ലവം അവിടെ യാഥാർത്ഥ്യമാകില്ല. പുറത്തുള്ള ഒരു വിപ്ലവപോരാട്ടത്തിന്റെ പ്രഭാവം തീർച്ചയായും ഒരു രാജ്യത്തിലെ വിപ്ലവപോരാട്ടത്തെ സഹായിക്കുകയും അതിന് ഗുണകരമാവുകയും ചെയ്യും. പക്ഷേ, ഒരു കാരണവശാലും അത് ആ രാജ്യത്ത് വിപ്ലവം കൊണ്ടുവരില്ല. ഈ കാരണത്താൽ, ഏതൊരു രാജ്യത്തും ആഭ്യന്തരമായ വിപ്ലവസാഹചര്യം പാകപ്പെടാതെ, വിപ്ലവം അവിടെ സംഭവിക്കുകയില്ല എന്നത് ഉറപ്പിച്ചു പറയാം. വിപ്ലവം വിജയം വരിക്കുന്നതിന്, അവശ്യമായ വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ സാഹചര്യങ്ങൾ രണ്ടും പാകപ്പെടേണ്ടതുണ്ട്.

എന്തുകൊണ്ടാണ് ബാഹ്യസാഹചര്യങ്ങൾ മാറ്റത്തിന്റെ അടിസ്ഥാനകാരണമായി കണക്കാക്കാത്തത്, എന്ന് ചിലർ ചോദിക്കുന്നു. നമ്മുടെ തന്നെ അനുഭവത്തിൽ കാണുന്നത്, ഒരു സഖാവ് പാർട്ടിയിൽ ചേർന്ന് ഒരു നേതാവുമായി ഇടപഴകുമ്പോൾ, സമൂലം പരിവർത്തനപ്പെടുന്നതാണ്. അയാളുടെ മുഴുവൻ അസ്തിത്വവും പരിവർത്തനപ്പെടുന്നു. അയാൾ ഒരു നല്ല പാർട്ടി പ്രവർത്തകനായിമാറി, കൂടുതൽ മെച്ചപ്പെട്ട പ്രവർത്തകനായി, അർഹനായ കമ്മ്യൂണിസ്റ്റായി മാറാനുള്ള പോരാട്ടത്തിലേർപ്പെടുന്നു. ഇക്കാര്യത്തിൽ മാറ്റത്തിന്റെ അടിസ്ഥാനകാരണമായി ബാഹ്യവൈരുദ്ധ്യം വർത്തിച്ചു എന്ന് അവകാശപ്പെടുന്നത് എങ്ങനെ തെറ്റാകും? യഥാർത്ഥത്തിൽ, വിമർശനരഹിതവും ഉപരിപ്ലവവുമായ പരിഗണന, ഇത്തരം തെറ്റിദ്ധാരണകൾ പലരിലും സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ട്. ശരിയായ ധാരണ ലഭിക്കുവാൻ കൂടുതൽ ആഴത്തിൽ അന്വേഷിക്കേണ്ടത് ആവശ്യമാണ്. ഒരു നേതാവുമായി സമ്പർക്കത്തിലാവുന്ന ഒരു സഖാവ് സമൂലം പരിവർത്തനപ്പെടുന്ന പ്രതിഭാസം സംഭവിക്കുന്നത്, അതിനുള്ള സാധ്യതതയും സാഹചര്യവും പാകമായ ഒരു പാർട്ടി പ്രവർത്തകനിൽ മാത്രമാണ്. ഈ സാധ്യതയോ അവശ്യഘടകമോ ഇല്ലാതിരിക്കുമ്പോൾ പരിവർത്തനം സംഭവിക്കുകയില്ല. പ്രേരകമായ ഘടകം തന്നെയില്ലെങ്കിൽ പുറമേനിന്ന് മാറ്റം കൊണ്ടുവരുന്നത് സാധ്യമാണോ? അല്ല, അങ്ങനെ സംഭവിക്കുകയില്ല. നിർണായകബിന്ദുവിലേക്ക് ആന്തരികശക്തിയെ വളർത്തിയെടുക്കുന്നതിൽ

*(ശേഷം 12-ാം പേജിൽ)*

# മാറ്റത്തിന്റെ അടിസ്ഥാന കാരണം ആന്തരിക വൈരുദ്ധ്യമാണ്, ബാഹ്യവൈരുദ്ധ്യം അതിനെ സ്വാധീനിക്കുന്നു

(11-ാം പേജിൽ നിന്ന്)

ബാഹ്യശക്തി ഒരു പ്രധാനപങ്ക് വഹിച്ചു എന്നത് സത്യമാണെന്നത് ശരിതന്നെ. പക്ഷേ, ഇവിടെ പരാമർശിക്കപ്പെട്ട സഖാവിന്റെ ഉള്ളിൽത്തന്നെ സാധ്യത വികസിച്ചിട്ടില്ലായെങ്കിൽ, ആ സഖാവ് സ്വയം മാറ്റത്തിനായുള്ള പോരാട്ടം നടത്തുന്നില്ലായെങ്കിൽ, നേതാവിന്റെ ഒരു പ്രയത്നവും വിജയിക്കുകയില്ല. മാറ്റം ഉണ്ടാകുമ്പോൾ സഖാവ് പരിവർത്തനപ്പെടുന്നു, കാരണം, ആന്തരികവൈരുദ്ധ്യത്തിൽ തന്നെ മാറ്റമുണ്ടാകുന്നു. ഇതിനർത്ഥം, ആന്തരികവൈരുദ്ധ്യത്തിൽ മാറ്റം കൊണ്ടുവരുന്ന പ്രക്രിയയിലൂടെ ബാഹ്യവൈരുദ്ധ്യം പ്രവർത്തിച്ചു എന്നാണ്.

ഈ ചോദ്യം മറ്റൊരു വീക്ഷണകോണിൽ നിന്നും പരിശോധിക്കാം. ആ നേതാവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന മറ്റനേകം സഖാക്കളുണ്ട്. അവരിൽ പലർക്കും അദ്ദേഹത്തിൽനിന്നും നേരിട്ട് സഹായവും പിന്തുണയും ലഭിച്ചിരിക്കാം. ആ നേതാവിന്റെ പ്രഭാവം ചില സഖാക്കളിൽ ആഴത്തിലുള്ള ഫലമുണ്ടാക്കുമ്പോൾ മറ്റ് ചിലരിൽ അത് ഉണ്ടാകുന്നില്ല. ഇത് എന്തുകൊണ്ട് സംഭവിക്കുന്നു? ആദ്യത്തെ വിഭാഗം സഖാക്കളിൽ അവരുടെ ആന്തരികപോരാട്ടമാണ് വിപ്ലവസ്വഭാവം ആർജ്ജിക്കുന്നത് സാധ്യമാക്കിയത്. അതേസമയംതന്നെ രണ്ടാമത്തെ വിഭാഗത്തിൽപെടുന്ന മറ്റുള്ളവർക്ക് ഈ പോരാട്ടം ആവശ്യമാംവിധം നടത്തി ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിഞ്ഞില്ല. ആന്തരികവൈരുദ്ധ്യത്തെ ശരിയായി കൈകാര്യം ചെയ്യുന്നതിനുപകരം അവർ പലവിധ ദൗർബല്യങ്ങളുമായി സന്ധിചെയ്തു. ഇതിനാലാണ് അവർക്ക് മതിയായ പുരോഗതി കൈവരിക്കാൻ സാധിക്കാതെ പോയത്.




**മുമ്പ് നിലവിലില്ലാത്ത പലതും മാറ്റത്തിന്റെ ഗതിയിൽ പുതിയതായി പ്രത്യക്ഷപ്പെടുന്നു എന്നതാണ് 'വികസിക്കുന്ന പ്രപഞ്ചം' എന്നതിന്റെ വിവക്ഷ. എന്നാൽ പ്രപഞ്ചം വിസ്തൃതമാകുന്നതിനെക്കുറിച്ചുള്ള ആശയം അംഗീകരിക്കാനാവില്ല. കാരണം അത് നയിക്കുന്നത്, പ്രപഞ്ചം ഇപ്പോഴത്തേതിനേക്കാൾ ചെറുതായിരുന്നുവെന്നും, നാം കൂടുതൽ പിറകിലേക്ക് പോയാൽ അത് കൂടുതൽ ചെറുതുമായിത്തീരും എന്നതിലേക്കാണ്. കൂടാതെ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ചോദ്യം ഉയർന്നുവരും. ഇത് ശാസ്ത്രത്തിന്റെയും ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെയും അടിസ്ഥാനതത്വങ്ങൾക്ക് എതിരാണ്.**

### പ്രതിയോഗിതവും അപ്രതിയോഗിതവുമായ വൈരുദ്ധ്യങ്ങൾക്ക് സാഹചര്യങ്ങളുമായി ആപേക്ഷികബന്ധം

വൈരുദ്ധ്യത്തിന്റെ സിദ്ധാന്തത്തെ സംബന്ധിക്കുന്ന ചർച്ചക്ക് പലവിധ വശങ്ങളുണ്ട്. അതിലൊന്ന്, രണ്ടു തരത്തിലുള്ള വൈരുദ്ധ്യങ്ങളുണ്ട് എന്നതാണ്. പ്രതിയോഗിത(antagonistic) വൈരുദ്ധ്യമാണ് ഒന്നാമത്തേത്, അപ്രതിയോഗിത(non-antagonistic) വൈരുദ്ധ്യമാണ് അടുത്തത്. എന്താണ് പ്രതിയോഗിത വൈരുദ്ധ്യത്തിന്റെ സ്വഭാവം? അത് വിട്ടുവീഴ്ചയില്ലാത്തതാണ്. പരസ്പരം എതിർക്കുന്ന രണ്ട് ശക്തികളിൽ ഒന്ന് മറ്റൊന്നിനെ ഉന്മൂലനം ചെയ്യും, ഒന്ന് മറ്റൊന്നിനെ ഇല്ലാതാക്കും. ഒരാൾ അയാളുടെ ശത്രുവുമായി നടത്തുന്ന പോരാട്ടം ഉദാഹരണമായി എടുക്കാം. ശത്രുവിനോട് വിട്ടുവീഴ്ച്ച ചെയ്ത് നിങ്ങൾക്ക് ജീവിച്ചുപോകുവാൻ പറ്റാത്ത തരത്തിലാണ് പോരാട്ടം. ശത്രു അതിജീവിക്കുകയാണെങ്കിൽ നിങ്ങളുടെ അന്ത്യമായിരിക്കും. ഇനി അല്ല നിങ്ങളാണ് അതിജീവിക്കുന്നതെങ്കിൽ ശത്രു ഇല്ലാതാകും. അപ്പോൾ ഈ പോരാട്ടത്തിന്റെ സ്വഭാവമെന്നത് വിട്ടുവീഴ്ചയില്ലാത്തതാണ്. ഇനി, അധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യമെന്ന മറ്റൊരു ഉദാഹരണം നോക്കാം. ചരിത്രപരമായി ഈ വൈരുദ്ധ്യത്തിന്റെ സ്വഭാവമെന്തെന്നാൽ, മുതലാളിത്തഭരണത്തെ തകർത്തെറിഞ്ഞ്, ഉടമകളുടെ, അതായത് മുതലാളിമാരുടെ ലാഭസൃഷ്ടിയുടെ നുകത്തിൽ നിന്നും സ്വയം സ്വതന്ത്രരാകാതെ, തൊഴിലാളികൾക്ക് മോചനമുണ്ടാകില്ല. ഈ പോരാട്ടത്തിൽ വിജയിച്ചെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് തങ്ങളുടെ മോചനം സാധ്യമാവുകയുള്ളൂ. അതുകൊണ്ട്, ഈ തരത്തിലുള്ള വൈരുദ്ധ്യത്തെയാണ് പ്രതിയോഗിത വൈരുദ്ധ്യം എന്ന് വിശേഷിപ്പിക്കുന്നത്.

ഇനി, എന്താണ് അപ്രതിയോഗിത വൈരുദ്ധ്യം? ഇവിടെയും സംഘർഷമുണ്ട്, പക്ഷേ സംഘർഷത്തിലിരിക്കുന്ന രണ്ട് ശക്തികളും ഒരേ ലക്ഷ്യത്തിൽ എത്തിച്ചേരാനാണ് ശ്രമിക്കുന്നത്. ഉദാഹരണത്തിന്, ഇന്നത്തെ വർഗവിഭജിതമായ സമൂഹത്തിലെ അടിസ്ഥാനപരമായ വർഗവിഭജനത്തിൽ, തൊഴിലാളികൾ ഒരു വശത്തും മുതലാളിമാർ മറുവശത്തുമാണ്. കൂടാതെ തൊഴിലാളിവർഗത്തിനുള്ളിലും വിവിധതരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളുമുണ്ട്. വ്യവസായതൊഴിലാളികളുണ്ട്, ഗ്രാമങ്ങളിലെ കർഷകകുടുംബങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുണ്ട്, തൊഴിലാളികളായി മാറിയ മധ്യവർഗക്കാരുണ്ട്. എല്ലാവരും തൊഴിലാളികൾ തന്നെയാണെങ്കിലും, വിവിധതരത്തിലുള്ള ചിന്തയുടെയും മാനസികഘടനയുടെയുമൊക്കെ കാരണത്താൽ, തങ്ങൾക്കിടയിൽത്തന്നെ സംഘർഷങ്ങളും വൈരുദ്ധ്യങ്ങളും ഉണ്ടാകുന്നതായി കാണാം. പക്ഷേ ഈ വൈരുദ്ധ്യത്തിന്റെ സ്വഭാവം, ഒന്ന് മറ്റൊന്നിനെ തകർത്തെറിയുന്ന മട്ടിലുള്ളതല്ല. മൂലധനത്തിനും മുതലാളിത്തത്തിനുമെതിരെയുള്ള തങ്ങളുടെ പോരാട്ടവുമായി ബന്ധപ്പെടുത്തി, അവർക്കിടയിൽ അടിസ്ഥാനപരമായ ഐക്യമുണ്ട്. അവർക്കിടയിലുള്ള സംഘർഷവും വൈരുദ്ധ്യവും എന്തുതന്നെയായാലും, ഉത്പാദനവും വിതരണവുമായോ, നിലവിലെ ചൂഷക മുതലാളിത്ത വ്യവസ്ഥയുമായോ ബന്ധപ്പെട്ട് അവരെല്ലാം ഐക്യത്തിലാണ്. അതുകൊണ്ട്, തൊഴിലാളിവർഗത്തിലെ വിവിധവിഭാഗങ്ങൾക്കിടയിലെ വൈരുദ്ധ്യം അപ്രതിയോഗിതവൈരുദ്ധ്യമാണ്. കൂടാതെ, ഒരു പ്രത്യേകബന്ധത്തിലോ സാഹചര്യത്തിലോ പ്രതിയോഗിതസ്വഭാവത്തിലുള്ള ഒരു വൈരുദ്ധ്യം, തീർത്തും വ്യത്യസ്തമായ മറ്റൊരു ബന്ധത്തിലോ സാഹചര്യത്തിലോ അപ്രതിയോഗിതമായ സ്വഭാവം കൈവരിക്കാം. ചൈനീസ് വിപ്ലവത്തിന്റെ ഒരു ഘട്ടത്തിൽ, ചിയാങ് കൈഷെക്ക് നയിച്ച കുമിന്താങ്ങിനെതിരെ വിപ്ലവപോരാട്ടത്തിലായിരുന്നു ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഈ വൈരുദ്ധ്യത്തിന്റെ സ്വഭാവം സംശയരഹിതമായും പ്രതിയോഗിതം ആയിരുന്നു. പക്ഷേ, ചൈനയെ ജാപ്പനീസ് സാമ്രാജ്യത്വശക്തി ആക്രമിച്ചപ്പോൾ, കമ്മ്യൂണിസ്റ്റുകളുടെ പ്രഥമപ്രധാനമായ ദൗത്യം ഈ വിദേശസാമ്രാജ്യത്വത്തെ തോൽപിക്കുക എന്നതായി. അപ്പോൾ, മാവോ സേതുങ് നയിച്ച ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി, ജാപ്പനീസ് സാമ്രാജ്യത്വശക്തിക്കെതിരെ ചിയാങ് കൈഷെക്കുമായി ഐക്യത്തിലാകാൻ ശരിയാംവണ്ണം മുൻകൈയെടുത്തു. ജാപ്പനീസ് അധിനിവേശത്തിൽനിന്നും ചൈനയെ മോചിപ്പിക്കുന്നതിനൊപ്പംതന്നെ, ഒരു പ്രബലശക്തിയെന്ന നിലയിലുള്ള ചിയാങിന്റെ പങ്കിനെ ഇല്ലാതാക്കുകയും ചെയ്യുന്ന രീതിയിലാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം ഈ പോരാട്ടം നടത്തിയത്. വൈരുദ്ധ്യ സിദ്ധാന്തത്തെ ശരിയായി പ്രയോഗിക്കുന്നതിലൂടെ എങ്ങനെയാണ് വിപ്ലവപോരാട്ടം ഉത്തരോത്തരം ശക്തി പ്രാപിച്ചതെന്ന് ചൈനീസ് വിപ്ലവത്തിന്റെ ചരിത്രത്താളുകളിൽ നിങ്ങൾക്ക് കാണുവാൻ കഴിയും.

വൈരുദ്ധ്യം അപ്രതിയോഗിതസ്വഭാവത്തിലുള്ളിടത്ത്, അതായത്, വൈരുദ്ധ്യം കൈകാര്യം ചെയ്യുന്നതിലൂടെ ഐക്യം ശക്തിപ്പെടുത്തുകയെന്നത് പ്രധാനലക്ഷ്യമായിരിക്കുന്നയിടത്ത്പോലും, വൈരുദ്ധ്യത്തെ സാഹചര്യത്തിൽ നിന്നും ഒറ്റപ്പെട്ട ഒരു വൈരുദ്ധ്യഘടകം മാത്രമായി പരിശോധിച്ചാൽ, വൈരുദ്ധ്യത്തിന്റെ സ്വഭാവം പ്രതിയോഗിതമായി മാറുന്നത് കാണാം. ഒരു തൊഴിലാളിവർഗ പാർട്ടിക്കുള്ളിൽ വിവിധ വിഷയങ്ങൾക്കുമേൽ പല കാരണങ്ങൾ കൊണ്ട് വ്യത്യസ്തങ്ങളായ കാഴ്ച്ചപ്പാടുകളോ സമീപനങ്ങളോ ഉണ്ടാകുന്നത് അപ്രതിയോഗിത സ്വഭാവത്തിലുള്ള വൈരുദ്ധ്യമാണ്. അതായത്, ഈ വ്യത്യാസങ്ങൾ ആശയങ്ങൾ കൈമാറിയും ചർച്ച ചെയ്തും പരിഹരിക്കുമ്പോൾ, അത്തരം ആശയപോരാട്ടത്തിലൂടെ പാർട്ടി കൂടുതൽ ശക്തമായി ഉയർന്നു വരികയാണ് ചെയ്യുക. പക്ഷേ, ഏതെങ്കിലുമൊരു പ്രത്യേകവിഷയത്തിലെ അഭിപ്രായവ്യത്യാസത്തെ വേർപെടുത്തി ഒരു വൈരുദ്ധ്യഘടകം എന്ന നിലക്ക് പരിഗണിച്ചാൽ, അത് ശരിയും തെറ്റും തമ്മിലുള്ള വൈരുദ്ധ്യമാണ് – അതായത്, ഏതാണ് ശരി ഏതാണ് തെറ്റ് എന്നോ, അതല്ലെങ്കിൽ ഇനി രണ്ടും തെറ്റാണ് മൂന്നാമതൊരു വീക്ഷണമാണ് ശരി എന്നോ തീരുമാനിക്കുന്ന പ്രശ്നമാകും – അങ്ങനെ വരുമ്പോൾ വേർപെടുത്തി പരിഗണിക്കുന്ന ആ വൈരുദ്ധ്യഘടകത്തിന്റെ സ്വഭാവം പ്രതിയോഗിതമല്ലാതെ മറ്റൊന്നും ആവുകയില്ല. കൂടാതെ, ശരിയും തെറ്റും തമ്മിലുള്ള ഈ വൈരുദ്ധ്യം ആകമാനപശ്ചാത്തലത്തിൽ അപ്രതിയോഗിതമായിരിക്കുമ്പോൾ തന്നെ, മാറിയ സാഹചര്യത്തിൽ പ്രതിയോഗിതമായി മാറാം. അപ്പോൾ തെറ്റിനെ മാറ്റി ശരിയെ സ്ഥാപിക്കുക എന്നതായി ദൗത്യവും മാറുന്നു.

അപ്പോൾ വൈരുദ്ധ്യം രണ്ട് തരത്തിലുണ്ടെന്ന് വ്യക്തമാകുന്നു – പ്രതിയോഗിതവും അപ്രതിയോഗിതവും. അപ്രതിയോഗിതവും പ്രതിയോഗിതവുമായ വൈരുദ്ധ്യത്തിന്റെ ആപേക്ഷികസ്വഭാവത്തെ ശരിയായി മനസ്സിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്. എല്ലാ രാജ്യങ്ങളിലും മുതലാളിത്തവും എല്ലാത്തരം ചൂഷക ഭരണകൂടഘടനകളും തകർത്തെറിഞ്ഞ്, സോഷ്യലിസത്തിൽ നിന്ന് കമ്മ്യൂണിസത്തിലേക്ക് സമൂഹം മുന്നേറി, വർഗരഹിതസമൂഹം സ്ഥാപിക്കപ്പെടുമ്പോൾ, മനുഷ്യനും മനുഷ്യനും ഇടയിൽ ഉത്പാദനത്തിലും വിതരണത്തിലുമുള്ള പ്രതിയോഗിതത്വം അഥവാ ശത്രുത ഇല്ലാതാകുന്നു. ഇന്നത്തെ മുതലാളിത്ത സംവിധാനത്തിലെ അടിസ്ഥാനപരവും പ്രതിയോഗിതവുമായ വൈരുദ്ധ്യം – ഉത്പാദനത്തെയും വിതരണത്തെയും കേന്ദ്രമാക്കിയുള്ള വൈരുദ്ധ്യം, അപ്പോൾ അപ്രത്യക്ഷമാകും. വൈരുദ്ധ്യത്തിന്റെ പ്രത്യേക പ്രതിയോഗിത സ്വഭാവം – ഈ പ്രത്യേക പ്രതിയോഗിത വൈരുദ്ധ്യം നിലനിൽക്കില്ല, അത് നശിച്ചുപോകും. ലെനിൻ പറഞ്ഞു: "പ്രതിയോഗിതത്വവും വൈരുദ്ധ്യവും ഒരിക്കലും ഒന്നല്ല. സോഷ്യലിസത്തിനുകീഴിൽ ആദ്യത്തേത് അപ്രത്യക്ഷമാകും, രണ്ടാമത്തേത് നിലനിൽക്കും". (തെരഞ്ഞെടുത്ത കൃതികൾ റഷ്യൻ എഡിഷൻ, വോള്യം 11, പേജ് 357, മാവോയുടെ വൈരുദ്ധ്യത്തെപ്പറ്റി എന്ന കൃതിയിൽ ഉദ്ധരിച്ചിരിക്കുന്നു) മാവോ സേതുങ്ങും പറഞ്ഞു: ..."പ്രതിയോഗിതത്വം ഒരു രൂപമാണ്, പക്ഷേ വിരുദ്ധങ്ങളുടെ പോരാട്ടത്തിന്റെ ഒരേയൊരു രൂപമല്ല, പ്രതിയോഗിതത്വത്തിന്റെ സൂത്രവാക്യം തോന്നിയതുപോലെ എവിടെയും പ്രയോഗിക്കുക സാധ്യമല്ല. (മാവോ സേതുങ്, വൈരുദ്ധ്യത്തെപ്പറ്റി)

മുതലാളിത്തസമൂഹത്തിന്റെ ഉദാഹരണം മുൻനിർത്തി നമ്മൾ പരിശോധിച്ചാൽ, മുത

(ശേഷം 13-ാം പേജിൽ)

# ഭൗതിക ലോകത്തിലെ ഏതൊരു മാറ്റത്തിലും ദ്വന്ദ്വാത്മക ഭൗതികവാദം ചൂണ്ടിക്കാണിച്ച മൂന്ന് തത്വങ്ങൾ പ്രവർത്തിക്കുന്നു




*(12-ാം പേജിൽ നിന്ന്)*

ലാളിത്തസംവിധാനത്തെ തകർത്തെറിഞ്ഞ് സോഷ്യലിസ്റ്റ് സംവിധാനം സ്ഥാപിച്ച്, അതിൽ നിന്നും വർഗരഹിതസമൂഹം സൃഷ്ടിക്കുന്നതിലേക്ക് മുന്നേറുന്നതിലൂടെ, ഈ പ്രത്യേക വൈരുദ്ധ്യം, അതായത്, ഉത്പാദനത്തെയും വിതരണത്തെയും കേന്ദ്രമാക്കിയുള്ള ഈ പ്രതിയോഗിതത്വം അപ്രത്യക്ഷമാകുന്നതുമൂലം, ആ അർത്ഥത്തിൽ അതിനെ താത്കാലികം എന്ന് വിശേഷിപ്പിക്കാം. ഈ വിശേഷണത്തിൽ യാതൊരു തെറ്റുമില്ല. പക്ഷേ, ലെനിന്റെയും മാവോ സേതുങ്ങിന്റെയും പ്രത്യേക നിരീക്ഷണങ്ങൾ സാമാന്യവൽക്കരിച്ച്, അവയെ സാർവലൗകികപ്രസക്തിയുള്ള പ്രസ്ഥാനമാക്കി മാറ്റുന്നത് ഗുരുതരമായ പിഴവാണ്. കാരണം, ഒരു വൈരുദ്ധ്യം നിലനിൽക്കുന്നു എന്നു പറയുമ്പോൾ അതിനർത്ഥം, അത് പ്രതിയോഗിതത്വവും അപ്രതിയോഗിതത്വവുംചേർന്ന് നിലകൊള്ളുന്നു എന്നാണ്. അതുകൊണ്ട്, സാമാന്യവൽക്കരിച്ച രീതിയിൽ, പ്രതിയോഗിതത്വം താത്കാലികവും വൈരുദ്ധ്യം സ്ഥായിയുമാണ് എന്ന് പറയുന്നത് തെറ്റായിരിക്കും. വൈരുദ്ധ്യത്തിന്റെ സാർവലൗകികതക്കും സവിശേഷതക്കുമിടയിൽത്തന്നെ, വൈരുദ്ധ്യത്തിനുള്ളിൽ പ്രതിയോഗിതത്വവും അപ്രതിയോഗിതത്വവും ഒരുമിച്ച് നിലകൊള്ളുന്നു എന്നകാര്യം നമ്മൾ മനസ്സിലാക്കണം. അതായത്, ഈ ഭൗതികലോകത്തെ ഒരു ഭൗതിക അസ്തിത്വവും വൈരുദ്ധ്യത്തിൽനിന്നോ, വിപരീതങ്ങളുടെ സംഘർഷത്തിൽനിന്നോ മുക്തമല്ല. വൈരുദ്ധം അതിന്റെ സാർവത്രികതയിൽ, പ്രതിയോഗിതത്വത്തോടും അപ്രതിയോഗിതത്വത്തോടുംകൂടി എല്ലായിടത്തും നിലനിൽക്കുമ്പോൾ, ഒരു പ്രത്യേക ഭൗതികവസ്തുവിന്റെ ഒരു പ്രത്യേകവൈരുദ്ധ്യം വേറിട്ടെടുത്ത് പരിഗണിച്ചാൽ, അതിന്റെ ചുറ്റുപാടുകളുമായുള്ള സംഘർഷങ്ങൾക്കൊത്ത് പ്രതിയോഗിതത്വവും അപ്രതിയോഗിതത്വവുമായി നിലനിൽക്കുന്നു എന്ന് കാണാം.

വൈരുദ്ധ്യസിദ്ധാന്തത്തിലുള്ള നമ്മുടെ പഠനം സിദ്ധാന്തവുമായി അല്പം പരിചയപ്പെടുന്നതിനു വേണ്ടിയുള്ള അഭ്യാസമല്ല. നമ്മുടെ പഠനത്തിന്റെ ഉദ്ദേശ്യം അതിനെ ബോധപൂർവം പ്രയോഗിക്കുകയെന്നതാണ്. വൈരുദ്ധ്യസിദ്ധാന്തത്തെ കുറിച്ച് നമുക്ക് പൊതുവായ അറിവും ഗ്രാഹ്യവും ഉണ്ടാകണമെന്നതിൽ സംശയമില്ല. പക്ഷേ എന്തിനു വേണ്ടി, എന്ത് ഉദ്ദേശ്യത്തോടെയാണ് നാമത് പഠിക്കുന്നത് എന്ന് മനസ്സിലാക്കുന്നതാണ് പ്രധാനകാര്യം. എന്താണ് വിശകലനത്തിന്റെ വൈരുദ്ധ്യാധിഷ്ഠിത രീതിയെന്നത് തീർച്ചയായും പുസ്തകങ്ങളിൽനിന്നും അറിയുവാൻ സാധിക്കും. പക്ഷേ അത് ജീവിതത്തിന്റെ ഓരോ മണ്ഡലത്തിലും ശരിയായി പ്രയോഗിക്കുന്നതിന് ഒരു സമ്പൂർണ ജീവിതംതന്നെ ആവശ്യമാണ്. വൈരുദ്ധ്യസിദ്ധാന്തത്തെക്കുറിച്ചുള്ള നമ്മുടെ മനസ്സിലാക്കലിനനുസരിച്ച്, പ്രത്യേക സംഭവങ്ങളിൽ ബോധപൂർവം പ്രവർത്തിക്കുവാൻ നമ്മൾ പ്രാപ്തരാണോ എന്ന് നിരന്തരം പരിശോധിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. പ്രത്യേക സംഭവങ്ങളെ കാര്യക്ഷമമായി സ്വാധീനിക്കുവാൻ നമുക്കു കഴിയുമോ? നമുക്ക് ഒരു സംഘടനയെ മുന്നോട്ടു നയിക്കാൻ സാധിക്കുമോ? നമ്മുടെ ആശയം ജനങ്ങളോട് വിശദീകരിക്കുവാൻ നമുക്ക് സാധിക്കുമോ? ജനങ്ങളുടെ ഒരു പ്രശ്നം ശരിയായി പരിഹരിക്കുവാൻ നമുക്ക് സാധിക്കുമോ? ശാസ്ത്രത്തിലെ ഒരു പ്രശ്നത്തിനുമേൽ വെളിച്ചം വീശുവാനും, അത് പരിഹരിക്കുന്നതിൽ സഹായിക്കുവാനും നമുക്ക് സാധിക്കുമോ? അപ്പോൾ, വൈരുദ്ധ്യത്തിന്റെ പൊതുസിദ്ധാന്തത്തെ അതിന്റെ പ്രയോഗത്തിലൂടെ സവിശേഷമായ, മൂർത്തമായ വിജ്ഞാനമാക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ, എത്രത്തോളം പഠനമുണ്ടെന്നുവരികിലും നമ്മളെക്കൊണ്ട് ഒന്നിനും കൊള്ളില്ലെന്ന് മനസ്സിലാക്കണം. നമ്മുടെ വിജ്ഞാനം വെറും പുസ്തകജ്ഞാനമാണ്, അതുകൊണ്ടുതന്നെ വ്യർത്ഥവുമാണ്. ഈ രീതിയിൽ വൈരുദ്ധ്യസിദ്ധാന്തം പഠിക്കുന്നത് നമ്മെ സഹായിക്കില്ല. ആളുകളെ കാര്യങ്ങൾ ബോധ്യപ്പെടുത്തുവാനും, സംഘടനകൾ പടുത്തുയർത്തുവാനും, പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുവാനും, ശാസ്ത്രീയഗവേഷണങ്ങൾക്ക് വഴികാട്ടിയാകാനുമൊക്കെയുള്ള നമ്മുടെ പ്രവർത്തനങ്ങൾക്കുമേൽ വൈരുദ്ധ്യസിദ്ധാന്തത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് ആഴമാർന്ന തിരിച്ചറിവ് നമുക്കുണ്ടാകണം.

### മാർക്സിസം അഥവാ ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ മൂന്നുതത്വങ്ങൾ

ഇനി ഞാൻ മാർക്സിസത്തിന്റെ, അഥവാ ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ, മൂന്നു തത്വങ്ങളെക്കുറിച്ച് ചുരുക്കത്തിൽ പ്രതിപാദിക്കാം. ഭൗതികലോകത്തിലെ ഏതൊരു മാറ്റത്തിലും മൂന്നു തത്വങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നമ്മൾ ദൃഢമായി പറയുന്നു എന്നതുകൊണ്ടുമാത്രം, പദാർത്ഥത്തിന്റെ എല്ലാ മാറ്റങ്ങളെയും നിയന്ത്രിക്കുന്ന തത്വങ്ങളായി ഈ മൂന്നു തത്വങ്ങളെ ഒരാൾ അംഗീകരിക്കണമെന്നതല്ല നമ്മുടെ ഉദ്ദേശ്യം. മറിച്ച്, ഏതു തരത്തിലുള്ള മാറ്റത്തിലും – അത് സമൂഹത്തിലാകട്ടെ അല്ലെങ്കിൽ പദാർത്ഥം ഒന്നാകെയാകട്ടെ – ഈ മൂന്നു തത്വങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നതാണ് വസ്തുത. ഏതൊക്കെയാണ് ഈ മൂന്നു തത്വങ്ങൾ?

ഒന്നാമത്തേത്: അളവുപരമായ മാറ്റത്തിൽനിന്നും ഗുണപരമായ മാറ്റത്തിലേക്കും, തിരിച്ചും.

രണ്ടാമത്തേത്: വിപരീതങ്ങളുടെ ഐക്യം.

മൂന്നാമതായി: നിഷേധത്തിന്റെ നിഷേധം, അതായത്, വികാസത്തിന്റെ ഗതിയിലെ നിരാകരണവും, നിരാകരിക്കുന്നതിലൂടെയുള്ള വികാസവും.

### അളവുപരമായ മാറ്റത്തിൽ നിന്ന് ഗുണപരമായ മാറ്റത്തിലേക്കും, തിരിച്ചും

ക്ലാസിക്കൽ മാർക്സിസത്തിൽ നാം കാണുന്നത്, ഏംഗൽസ് ആദ്യത്തെ തത്വം, 'അളവുപരമായ മാറ്റത്തിൽ നിന്നും ഗുണപരമായ മാറ്റത്തിലേക്ക്', എന്നുപറഞ്ഞ് അവസാനിപ്പിക്കുന്നില്ല. അദ്ദേഹം 'തിരിച്ചും' എന്നതുകൂടി കൂട്ടിച്ചേർത്തിരിക്കുന്നു. മറ്റുചിലർ ഈ തിരിച്ചും എന്നത് പരാമർശിക്കുന്നില്ല. ഈ തിരിച്ചും എന്ന ആശയം എത്രത്തോളം പ്രാധാന്യമുള്ളതാണെന്ന് ഞാൻ പിന്നീട് വിശദീകരിക്കാം. അതുകൊണ്ട്, തിരിച്ചും എന്ന ഭാഗം ഉപേക്ഷിക്കുക എന്ന പ്രശ്നമില്ല. ഈ വാക്യം മുഴുവനായിത്തന്നെ, അതായത്, അളവുപരമായ മാറ്റത്തിൽ നിന്നും ഗുണപരമായ മാറ്റത്തിലേക്കും, തിരിച്ചും, പ്രസ്താവിച്ചില്ലെങ്കിൽ, ആശയം പൂർണമാവുകയില്ല.

എങ്ങനെയാണെങ്കിലും, അളവുപരമായ മാറ്റത്തിൽനിന്നും ഗുണപരമായ മാറ്റത്തിലേക്ക് എന്നുപറയുന്നത് എന്താണ് അർത്ഥമാക്കുന്നത്? ഈ തത്വം മറ്റു പല രീതിയിലും പ്രസ്താവിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ക്രമേണയുള്ള മാറ്റത്തിൽനിന്നും പൊടുന്നനെയുള്ള മാറ്റം, പരിണാമപരമായ മാറ്റം എന്നതിൽനിന്നും വിപ്ലവകരമായ മാറ്റം, എന്നിങ്ങനെ. ശാസ്ത്രത്തിന്റെ ഭാഷയിൽ തുടർച്ചയായ മാറ്റത്തിൽനിന്നും തുടർച്ചയില്ലാത്ത മാറ്റം എന്നും ഇതിനെ പറയാറുണ്ട്.

വെള്ളം നിറച്ച ഒരു പാത്രം ചൂടാക്കുന്നത് സങ്കൽപ്പിക്കുക. വെള്ളം മുഴുവനും ആവിയായി മാറാൻതുടങ്ങുന്നതിനുമുമ്പായി, വെള്ളം ആദ്യം ചൂടാകുന്നു. പിന്നെയത് തിളയ്ക്കുന്നു. അവസാനമാണ് വെള്ളം മുഴുവൻ ബാഷ്പമാകുന്നത്, അതായത്, നീരാവിയായി പരിവർത്തനപ്പെടുന്നത്. വെള്ളം മുഴുവൻ ബാഷ്പമാകുന്നതിന് തൊട്ടുമുമ്പുള്ള ഘട്ടത്തിൽ, അളവുപരമായ മാറ്റം മാത്രമേ ഉണ്ടാകുന്നുള്ളു. ഏതു രീതിയിലാണ് ഗുണപരമായ മാറ്റം സംഭവിക്കുന്നത്? പ്രധാനമായും അത് വെള്ളത്തിന്റെ ചൂട്, അഥവാ താപനിലയുമായി ബന്ധപ്പെട്ടാണ്. സാധാരണ അന്തരീക്ഷമർദത്തിൽ, 100 ഡിഗ്രി സെൽഷ്യസ് എന്ന പ്രാരംഭ താപനില എത്താതെ വെള്ളം മുഴുവൻ ബാഷ്പമാക്കാൻ ആരംഭിക്കുകയില്ല. ഇത് എല്ലാവരും അറിയുന്ന വസ്തുതയാണ്. വെള്ളം ചൂടാകാൻ ആരംഭിക്കുമ്പോൾ മാറ്റമെന്നത് സാവധാനവും ക്രമേണയുമാണ്. നൂറു ഡിഗ്രി സെൽഷ്യസ് എന്ന നിലയെത്തുമ്പോൾ ഉടനടി വെള്ളം അതിന്റെ ദ്രാവകാവസ്ഥയിൽ നിലനിൽക്കാതെ നീരാവിയായി മാറുന്നു. ഈ വെള്ളം ബാഷ്പമാകുമ്പോൾ എന്തുകൊണ്ടാണ് ഒരു ഗുണപരമായ മാറ്റം സംഭവിച്ചു എന്നു നമ്മൾ പറയുന്നത്? അങ്ങനെ പറയുന്നത് വെള്ളം അതിന്റെ സ്വാഭാവികമായ ദ്രാവകരൂപത്തിൽ നിലനിൽക്കാതെ നീരാവിയായി പരിവർത്തനപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ദ്രാവകാവസ്ഥയിൽനിന്നും അതിപ്പോൾ വാതകാവസ്ഥയിലായിരിക്കുന്നു. പ്രത്യേക ഗുണപരമായ മാറ്റത്തെ, സവിശേഷ മാറ്റത്തിന്റെ അർത്ഥത്തിൽ കൃത്യമായി മനസ്സിലാക്കണം – ഇത്ര മാത്രം, ഇതിൽ കൂടുതലായി ഒന്നുമില്ല. കാരണം, രാസപരമായ സവിശേഷതകളുടെ കാര്യം നോക്കിയാൽ, വെള്ളത്തിന്റെയും നീരാവിയുടെയും രാസപരമായ സവിശേഷതകൾതമ്മിൽ വ്യത്യാസങ്ങളൊന്നുമില്ല. അതുകൊണ്ട്, ഈ പ്രത്യേക ഉദാഹരണത്തിലെ ഗുണപരമായ മാറ്റമെന്നത് രാസപരമോ മറ്റേതെങ്കിലും തരത്തിലോ ഉള്ള ഗുണപരമായ മാറ്റത്തെ സൂചിപ്പിക്കുന്നില്ല.

ഇനി, നമ്മുടെ രാജ്യത്തെ മുതലാളിത്ത സംവിധാനത്തിന്റെ കാര്യമെടുക്കാം. വളരെക്കാലമായി ഈ ചൂഷകമുതലാളിത്ത സംവിധാനത്തിന്റെ ചൂഷണത്തിനും അടിച്ചമർത്തലിനും മർദനത്തിനുമെതിരെ പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യത്തിനായുള്ള അതിയായ ദാഹം തൊഴിലാളിവർഗത്തെ മഥിക്കുകയാണ്. സമൂഹത്തിനുള്ളിൽ വർഗസമരം തീക്ഷ്ണമാവുകയാണ്. മുതലാളിത്തത്തെ തകർത്തെറിഞ്ഞ് സോഷ്യലിസം സ്ഥാപിക്കേണ്ട, സമൂഹത്തെ സമൂലം പരിവർത്തനപ്പെടുത്തേണ്ട, തൊഴിലാളിവർഗം, ആദ്യം സ്വയം മാറേണ്ടതുണ്ടെന്ന് മാർക്സിസം പറയുന്നു. കാരണം നിലനിൽക്കുന്ന മുതലാളിത്തസമൂഹത്തിൽ, തൊഴിലാളിവർഗം മുതലാളിത്ത ആശയങ്ങളുടെയും പഴഞ്ചൻ അന്ധവിശ്വാസങ്ങളുടെയും പിടിയിലാണ്. ഇതിൽ നിന്നെല്ലാം സ്വയം മുക്തമാകുന്ന പ്രക്രിയയിൽ, ഒരു തൊഴിലാളി അവന്റെ സ്വഭാവവും ആ പ്രക്രിയയിലൂടെത്തന്നെ മാറ്റിയെടുക്കേണ്ടതുണ്ട്. ഈ കർത്തവ്യം വിജയകരമായി പൂർത്തിയാക്കുന്ന തൊഴിലാളി ഒരു കമ്മ്യൂണിസ്റ്റായിത്തീരുന്നു. ഇതാണ് ഗുണപരമായ മാറ്റം. തൊഴിലാളിയാണ് എന്നതുകൊണ്ട് ഒരാൾ സ്വാഭാവികമായി കമ്മ്യൂണിസ്റ്റാവുകയില്ല. ഒരു മുതലാളിത്ത സാമൂഹ്യസം

*(ശേഷം 14-ാം പേജിൽ)*

**ഏതെങ്കിലുമൊരു രാജ്യത്ത്, വിപ്ലവത്തിന് അനുയോജ്യമായ ആഭ്യന്തര സാഹചര്യം വികസിച്ചിട്ടില്ലായെങ്കിൽ, അത് പാകമായിട്ടില്ലായെങ്കിൽ, പുറമേനിന്ന് ഏതെങ്കിലും വിപ്ലവശക്തി എത്രത്തോളം അധ്വാനം പ്രയോഗിച്ചാലുംശരി, വിപ്ലവം അവിടെ യാഥാർത്ഥ്യമാകില്ല. പുറത്തുള്ള ഒരു വിപ്ലവപോരാട്ടത്തിന്റെ പ്രഭാവം തീർച്ചയായും ഒരു രാജ്യത്തിലെ വിപ്ലവപോരാട്ടത്തെ സഹായിക്കുകയും അതിന് ഗുണകരമാവുകയും ചെയ്യും. പക്ഷേ, ഒരു കാരണവശാലും അത് ആ രാജ്യത്ത് വിപ്ലവം കൊണ്ടുവരില്ല.**




# ഒരു പ്രതിഭാസത്തിൽ ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ മൂന്ന് തത്വങ്ങളും ഒരേ സമയം പ്രവർത്തനക്ഷമമായിരിക്കും

*(13-ാം പേജിൽ നിന്ന്)*

വിധാനത്തിൽ തൊഴിലാളിവർഗ പ്രസ്ഥാനം വളരുമ്പോൾ, യഥാർത്ഥ തൊഴിലാളിവർഗ പാർട്ടി, അതായത് യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി, വിപ്ലവമെന്ന ലക്ഷ്യത്തിലേക്ക് അതിനെ നയിക്കുവാനായി അതോടൊപ്പം ഉയർന്നു വരുന്നു. ഈ പാതയിൽ ക്രമേണ മുന്നേറ്റത്തിന്റെ പ്രധാനശക്തിയായി തൊഴിലാളിവർഗപാർട്ടി ഉയരുന്നു. ഇതിന്റെയെല്ലാം ഫലമായി തൊഴിലാളിവർഗ മുന്നേറ്റം അവബോധത്തിന്റെ അടിസ്ഥാനത്തിൽ വളർന്നു ശക്തിയാർജ്ജിക്കുകയും വർഗസമരം തീക്ഷ്ണമാകുകയും ചെയ്യുന്നു. അതായത്, വർഗവൈരുദ്ധ്യം അളവിലുള്ള മാറ്റത്തിലൂടെ കടന്നുപോകുന്നു.

ഈ വിഷയം നമുക്ക് മറ്റൊരു വീക്ഷണകോണിൽനിന്നും പരിശോധിക്കാം. രാജ്യത്ത് നിലനിൽക്കുന്ന സാഹചര്യത്തിൽ തൊഴിലാളിവർഗ മുന്നേറ്റത്തിനായി, തൊഴിലാളികൾക്കിടയിൽ രാഷ്ട്രീയ അവബോധവും, ആഴത്തിലുള്ള തിരിച്ചറിവും ചിന്തകളുടെ വ്യക്തതയും വ്യാപകമായി പടർത്തുന്നതിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് കരുതുക. ഈ സാഹചര്യം കണ്ടിട്ട്, തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വൈരുദ്ധ്യം തീവ്രമാകുന്നില്ല എന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ, അയാൾക്ക് തെറ്റി. രാഷ്ട്രീയമുന്നേറ്റത്തിന്റെ ദൗർബല്യത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു നിഗമനത്തിലെത്തുന്നത് തെറ്റായിരിക്കും. കാരണം യാഥാർത്ഥ്യം തികച്ചും വ്യത്യസ്തമാണ്. യാഥാർത്ഥ്യമെന്തെന്നാൽ, വർഗങ്ങൾക്കിടയിലെ ധ്രുവീകരണം നിരന്തരം വർധിച്ചുകൊണ്ടിരിക്കുകയും വർഗങ്ങൾ തമ്മിൽ ജീവന്മരണ പോരാട്ടത്തിലേർപ്പെട്ടിരിക്കുകയുമാണ്. പക്ഷേ രാഷ്ട്രീയ സാഹചര്യത്തിന്റെ സങ്കീർണതയും, ആശയസമരത്തിന്റെ ദൗർബല്യവും, റിവിഷനിസ്റ്റ്, അല്ലെങ്കിൽ ബൂർഷ്വാ-പെറ്റിബൂർഷ്വാ രാഷ്ട്രീയ കക്ഷികളുടെ സ്വാധീനവുമൊക്കെമൂലം, പണിയെടുക്കുന്ന ബഹുജനങ്ങൾക്കിടയിൽ, വീക്ഷണത്തിൽ അവശ്യംവേണ്ട വ്യക്തത വളരുന്നില്ല. അങ്ങനെ സംഭവിക്കുന്നത് തികച്ചും സ്വാഭാവികമാണ്. പക്ഷേ, പല കാരണങ്ങളാൽ വീക്ഷണത്തിലും ചിന്തയിലും ദൗർബല്യമുണ്ടെങ്കിലും, മുതലാളിത്തം കൂടുതൽ കൂടുതൽ ദുഷിച്ചതും മരണാസന്നവും ആകുമ്പോൾ, ചൂഷിതജനവിഭാഗങ്ങൾക്കുമേൽ വിശേഷിച്ചും തൊഴിലാളിവർഗത്തിനുമേലുള്ള അതിന്റെ ആക്രമണം പ്രതിദിനം തീവ്രമാവുകയും, തത്ഫലമായി മുതലാളിവർഗവും തൊഴിലാളിവർഗവും ഒരു ജീവന്മരണ പോരാട്ടത്തിൽ വർദ്ധിച്ച അളവിൽ അകപ്പെടുകയും ചെയ്യുന്നു. രണ്ടു വർഗങ്ങളുടെയും ഇടയിലുള്ള ഈ പരസ്പര സംഘർഷം അനിവാര്യമായും തീവ്രമായി വളരുന്ന വൈരുദ്ധ്യമായി പ്രകടമാകുന്നു. എന്നാൽ വളവുതിരിവുകൾക്കിടയിലും, ദശകങ്ങളായി തുടരുന്ന പോരാട്ടവും നിരന്തരം തീവ്രമാകുന്ന വർഗവൈരുദ്ധ്യവും ഉണ്ടായിട്ടും, മുതലാളിത്തസംവിധാനം ഇളക്കം തട്ടാതെ തുടരുന്നു. ഇതിൽനിന്നും ഒരു കാര്യം വളരെ വ്യക്തമാവുന്നു. മുതലാളിത്തത്തിൽ ഓരോ നിമിഷവും മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നിട്ടും , ഈ നിരന്തര മാറ്റത്തിന് സ്വയമേ മുതലാളിത്തസംവിധാനത്തെ തകർത്തെറിയാൻ സാധിക്കുകയില്ല. ഇത് സാധ്യമാകുന്നത് അതിനുള്ള വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ സാഹചര്യം ഉണ്ടാകുമ്പോൾ മാത്രമാണ്. അതായത്, യഥാർത്ഥ തൊഴിലാളിവർഗ പാർട്ടിനേതൃത്വം, ആശയരംഗത്തും സംഘടനാരംഗത്തും മതിയായ കരുത്തോടെ വിപ്ലവപോരാട്ടത്തെ നയിക്കാനായി ഉയർന്നു വരുമ്പോൾ മാത്രമാണ്, മുതലാളിത്ത ഭരണകൂട സംവിധാനത്തെ വിപ്ലവത്തിന്റെ ശക്തി കൊണ്ട് തകർത്ത് അതിന്റെ സ്ഥാനത്ത് ഒരു സോഷ്യലിസ്റ്റ് ഭരണകൂടം സ്ഥാപിക്കാൻ സാധിക്കുക. ഒരു കാരണവശാലും അതിനുമുന്നേ അത് സാദ്ധ്യമല്ല. അതുകൊണ്ട്, എങ്ങനെയാണ് ഈ തത്വം സാമൂഹികമാറ്റത്തിലും പ്രവർത്തിക്കുന്നത് എന്ന നമ്മുടെ മനസ്സിലാക്കൽ വീണ്ടും വീണ്ടും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്.

### ‘തിരിച്ചും’(vice versa) എന്ന ധാരണ വളരെ പ്രധാനമാണ്

ഈ തത്വത്തിന്റെ പ്രസ്താവനയിലെ ‘തിരിച്ചും’ എന്ന പദം, വിപരീതമായി അല്ലെങ്കിൽ വിപരീതരീതിയിൽ എന്നല്ല അർത്ഥമാക്കുന്നത്. എന്താണ് അത് അർത്ഥമാക്കുന്നത്? ഒന്നാമതായി, ഞാൻ നേരത്തേ ചർച്ച ചെയ്തതു പോലെ, ഒരു പ്രത്യേക ഭൗതിക വസ്തുവിന്റെ അളവുപരമായ മാറ്റത്തിൽനിന്നുള്ള ഗുണപരമായ മാറ്റത്തെക്കുറിച്ചുപറയുമ്പോൾ നാം അർത്ഥമാക്കുന്നത്, സമൂലമായ ഒരു പരിവർത്തനം നടക്കാത്തിടത്തോളം ആ വസ്തുവിൽ ഗുണപരമായ ഒരു മാറ്റവും ഉണ്ടാകുന്നില്ല, മാറ്റം കൃത്യമായും അളവുപരം മാത്രമായി നിലനിൽക്കുന്നു എന്നാണ്.

**ഭൗതികലോകത്തിലെ ഏതൊരു മാറ്റത്തിലും മൂന്നു തത്വങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏതു തരത്തിലുള്ള മാറ്റത്തിലും -അത് സമൂഹത്തിലാകട്ടെ അല്ലെങ്കിൽ പദാർത്ഥം ഒന്നാകെയാകട്ടെ- ഈ മൂന്നു തത്വങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നതാണ് വസ്തുത. 1 – അളവുപരമായ മാറ്റത്തിൽനിന്നും ഗുണപരമായ മാറ്റത്തിലേക്കും, തിരിച്ചും. 2 – വിപരീതങ്ങളുടെ ഐക്യം. 3 – നിഷേധത്തിന്റെ നിഷേധം, അതായത്, വികാസത്തിന്റെ ഗതിയിലെ നിരാകരണവും, നിരാകരിക്കുന്നതിലൂടെയുള്ള വികാസവും.**

പക്ഷേ, അളവുപരമായ മാറ്റത്തിൽ നിന്നും ആരംഭിച്ച് ഗുണപരമായ മാറ്റത്തിൽ അവസാനിക്കുന്ന വികാസത്തിന്റെ പ്രക്രിയയിലാകെ, ഗുണവും അളവും തമ്മിൽ പല അന്തർ-വൈരുദ്ധ്യാത്മക സംഘർഷവും നടക്കുന്നു. അതായത്, അളവുപരമായ മാറ്റത്തിനിടയ്ക്ക് അൽപം ഗുണപരമായ മാറ്റം, തീരെ ചെറിയ ശകലങ്ങളായി ആണെങ്കിൽ പോലും, ഉള്ളിൽ നടക്കുന്നു. എത്രതന്നെ ചെറിയ മാറ്റമാണ് ഗുണപരമായി നടക്കുന്നതെങ്കിലും, സമാനമായ തീവ്രതയോടെ അത് അളവുപരമായ മാറ്റത്തിന്റെ വേഗം കൂട്ടുന്നു. വീണ്ടും നമുക്കു വെള്ളത്തിന്റെ ഉദാഹരണം നോക്കാം. വെള്ളം ക്രമേണ ചൂടാകുമ്പോൾ, പാത്രത്തിലെ മുഴുവൻ വെള്ളവും 100 ഡിഗ്രി സെൽഷ്യസിൽ തിളയ്ക്കാൻ തുടങ്ങി നീരാവിയാകുന്നതിനു മുമ്പുതന്നെ, ബാഷ്പീകരണം ആരംഭിക്കുന്നുണ്ട്. പാത്രത്തിലെ വെള്ളത്തിൽ എല്ലായിടത്തും ഒരേസമയം 100 ഡിഗ്രി സെൽഷ്യസ് എന്ന താപനില ഉണ്ടാവുകയല്ല. ഏതെല്ലാം ഭാഗത്ത് താപനില 100 ഡിഗ്രിയിലെത്തുന്നുവോ, അവിടെയെല്ലാം ചെറിയ വെള്ളത്തുള്ളികൾ ബാഷ്പീകരിക്കുകയും, അതിനനുസരിച്ച് ക്രമേണ ദ്രാവകാവസ്ഥയിലുള്ള വെള്ളത്തിന്റെ അളവ് കുറയുകയുമാണ്. കുറേശ്ശെയായി ദ്രാവകം കുറയുകയും, കുറേശ്ശെയായി കുറച്ചു നീരാവി പുറത്തുപോവുകയുമാണ്. അതിനനുസരിച്ച് താപത്തിന്റെ തീവ്രത, അതായത് താപനില വർധിക്കുന്നു. തത്ഫലമായി, അളവുപരമായ മാറ്റത്തിന്റെ പ്രക്രിയ, അഥവാ തോത് വേഗത്തിലാകുന്നു. ഈ രീതിയിൽ, മുഴുവൻ വെള്ളത്തിന്റെയും താപനില 100 ഡിഗ്രിയിലെത്തുമ്പോൾ, അത് മുഴുവൻ ഒറ്റയടിക്ക് തീവ്രമായി തിളച്ച്, സമ്പൂർണമായി ബാഷ്പമായി മാറുന്നു. സാധാരണ താപനിലയിൽ ചൂടാക്കാൻ തുടങ്ങുമ്പോൾ മുതൽ, 100 ഡിഗ്രി താപനില എത്തുന്നതുവരെയുള്ള ഘട്ടത്തിലുടനീളം, മുഴുവൻ വെള്ളവും ഒരുമിച്ച് ബാഷ്പീകരിക്കപ്പെടുന്നില്ലെങ്കിൽകൂടി നീരാവി കുറേശ്ശെയായി രൂപപ്പെടുന്നു. അങ്ങനെ കുറേശ്ശെയായി വെള്ളം ബാഷ്പീകരിക്കുമ്പോൾ, താപനിലയും വർധിച്ചുകൊണ്ടേയിരിക്കുന്നു, മാറ്റം അതിനനുസരിച്ച് വേഗത്തിലാകുന്നു. അതായത്, ഇതിൽ വളരെ ചെറിയ തോതിലുള്ള ഗുണപരമായ മാറ്റത്തിന്റെ പ്രക്രിയയിൽ, അളവുപരമായ മാറ്റവും വേഗത്തിലാകുന്നു. ഇതാണ്, ‘തിരിച്ചും’ എന്ന പ്രതിഭാസമായി മനസ്സിലാക്കേണ്ടത്. ഈ അളവുപരമായ മാറ്റത്തിന്റെ പ്രക്രിയയിൽ വെള്ളത്തിന്റെ താപനില വർധിക്കുമ്പോൾ, മുഴുവൻ വെള്ളത്തിന്റെയും താപനില 100 ഡിഗ്രി സെൽഷ്യസ് എത്തുന്നതിനുമുമ്പ് – ഏതാനും വെള്ളത്തുള്ളികളിൽ ഗുണപരമായ മാറ്റം ഉണ്ടാകുന്നു. ഈ പ്രത്യേക തുള്ളികൾ ബാഷ്പീകരിക്കുമ്പോൾ, അവ മൊത്തം വെള്ളത്തിന്റെയും താപനില വർധിക്കുന്നതിനു സഹായിക്കുകയും അതുവഴി അളവുപരമായ മാറ്റം വേഗത്തിലാക്കുകയും ചെയ്യുന്നു. ‘തിരിച്ചും’ എന്നതിന്റെ അർത്ഥം ഈ രീതിയിൽ മനസ്സിലാക്കാത്തവർക്ക്, വിപ്ലവത്തിന്റെ പ്രക്രിയക്ക് വേഗം വർധിപ്പിക്കുന്നതിൽ പാർട്ടി സഖാക്കൾ ആർജ്ജിക്കേണ്ട ഗുണത്തിന്റെയും നിലവാരത്തിന്റെയും പ്രത്യേക പങ്കിനെക്കുറിച്ചും മനസ്സിലാകില്ല. പ്രയോഗത്തിൽ വരുത്തേണ്ട ഇത്തരം കാര്യങ്ങളെ അവർ വിലകുറച്ചു കാണുന്നു.

ഈ ‘തിരിച്ചും’ എന്ന തത്വത്തെ പാർട്ടിയുമായി ബന്ധപ്പെടുത്തി നാം എങ്ങനെ മനസ്സിലാക്കണം? നമുക്കറിയാം, പാർട്ടിയുടെ സംഘടനാപരമായ ശക്തി വർധിക്കുകയാണ്. ഇത് പാർട്ടിയുടെ അളവുപരമായ വളർച്ചയാണ്. ഇതിൽനിന്ന്, അളവുപരമായ വളർച്ചയുടെ പ്രക്രിയയിൽ, സ്വാഭാവികമായിത്തന്നെ പാർട്ടിയിലെ നേതാക്കളുടേയും കേഡർമാരുടെയും ഗുണപരമായ നിലവാരവും ഉയരും എന്ന് നമ്മൾ വിശ്വസിക്കുകയാണെങ്കിൽ, അതൊരു തെറ്റായ മനസ്സിലാക്കലായിരിക്കും. കാരണം, ഈ മനസ്സിലാക്കൽ, ഈ തത്വത്തിന്റെ ‘തിരിച്ചും’ എന്ന ഘടകം കണക്കിലെടുക്കുന്നില്ല. പക്ഷേ, തിരിച്ചും എന്നതിന്റെ കൃത്യമായ അർത്ഥവും, അളവ്-ഗുണം എന്നിവയുടെ അന്തർദ്വന്ദ്വാത്മക ബന്ധവും, അളവുപരമായ മാറ്റത്തിന്റെ ഗതിയിൽ കുറച്ച് ഗുണപരമായ മാറ്റം – അത് വളരെ ചെറിയ അളവിലാണ് നടക്കുന്നതെങ്കിൽ പോലും ഉണ്ടാവുകയാണെങ്കിൽ, അത് തുടർന്ന് അളവുപരമായ മാറ്റത്തെ സ്വാധീനിക്കുകയും വേഗം കൂട്ടുകയും ചെയ്യുമെന്നതും, കൂടാതെ ഈ മാറ്റം സ്വാഭാവികമായി, സ്വമേധയാ ഉണ്ടാകുന്നില്ല എന്ന വസ്തുതയുമൊക്കെ, ശരിയായി മനസ്സിലാക്കുന്നവർ, പാർട്ടിയുടെ നേതാക്കളുടെയും കേഡർമാരുടെയും ഗുണപരമായ നിലവാരം നിരന്തരം ഉയർത്തേണ്ടതിന്റെ പ്രാധാന്യം ശരിയായി ഗ്രഹിക്കുന്നു. വിദൂരഭാവിയിൽ ലോകത്തെ എല്ലാ രാജ്യങ്ങളിലും സോഷ്യലിസ്റ്റ് വിപ്ലവം വിജയകരമായി പൂർത്തീകരിച്ച്, ലോക കമ്മ്യൂണിസ്റ്റ് സാമൂഹികവ്യവസ്ഥ സ്ഥാപിച്ചുകഴിയുമ്പോൾ, ആ കമ്മ്യൂണിസ്റ്റ് സമൂഹത്തിലെ സ്ത്രീകളും പുരുഷന്മാരും സ്വാഭാവികഗതിയിൽ കമ്മ്യൂണിസ്റ്റുകളാകാനുള്ള സമരത്തിൽ സ്വയം ഏർപെടുകയും, ഉയർന്ന നിലവാരത്തിലുള്ള കമ്മ്യൂണിസ്റ്റുകളായി മാറുകയും ചെയ്യുമെന്നാണ് സൈദ്ധാന്തികമായി നമ്മൾ മനസ്സിലാക്കുന്നത്. പക്ഷേ, മുതലാളിത്തം കൊടികുത്തി വാഴുന്ന വിവിധ രാജ്യങ്ങളിലെ മുതലാളിത്ത സംവിധാനത്തിനകത്തുനിന്നുതന്നെ എങ്ങനെ കമ്മ്യൂണിസ്റ്റ് വ്യക്തിത്വങ്ങൾ ഉയർന്നുവരും എന്ന ചോദ്യം നിലനിൽക്കുന്നു. മഹാന്മാരായ നേതാക്കൾ – മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സേതുങ്ങ് എന്നിവരടക്കമുള്ള, വിവിധ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ സ്വയം ജീവന്മരണ പോരാട്ടങ്ങളിൽ ഏർപ്പെട്ടത് എങ്ങനെയാണ്? മാറ്റത്തിന്റെ സമ്പൂർണപ്രക്രിയയിലെ ‘തിരിച്ചും’ എന്നതിന്റെ പ്രധാനപ്പെട്ട പങ്കുമൂലമാണ് അത് സംഭവിച്ചതും സംഭവിക്കാവുന്നതും. ഈ പോരാട്ടത്തിന്റെ പാതയിൽ ഒന്നൊന്നായി കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ ഉയർന്നു വരുമ്പോൾ, വിപ്ലവപോരാട്ടത്തിന്റെ തുടർന്നുള്ള ഘട്ടങ്ങളിലെ അളവുപരമായ മാറ്റത്തിന് ആക്കം കൂടും. ഈ മാറ്റത്തിന്റെ പ്രക്രിയ തുടരുമ്പോൾ, ഭാവിയിൽ ഒ

*(ശേഷം 15-ാം പേജിൽ)*




# തുടർച്ചയായ അളവിലുള്ള മാറ്റം പൊടുന്നനെയുള്ള ഗുണപരമായ മാറ്റത്തിലേക്ക് നയിക്കുന്നു

(14-ാം പേജിൽ നിന്ന്)

രു ദിവസം വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ സാഹചര്യങ്ങൾ പാകപ്പെടുമ്പോൾ, വിപ്ലവത്തിന്റെ മുഹൂർത്തം ആഗതമാകും.

**സംഘർഷത്തിലെ ഐക്യവും ഐക്യത്തിലെ സംഘർഷവും**

വിപരീതങ്ങളുടെ ഐക്യം, അതായത്, രണ്ട് പരസ്പരം എതിർക്കുന്ന ശക്തികളുടെ ഐക്യം എന്നതാണ് മൂന്നു തത്വങ്ങളിൽ രണ്ടാമത്തേത്. ഉദാഹരണമായി അധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യമെടുക്കാം. നമ്മുടെ രാജ്യത്തെ തൊഴിലാളികളുടെ മോചനം, മുതലാളിത്തസംവിധാനത്തെ തകർത്ത് ഉത്പാദനോപാധികൾക്കുമേൽ സാമൂഹിക ഉടമസ്ഥത സ്ഥാപിക്കുന്നതിലൂടെയേ സാധ്യമാവുകയുള്ളു എന്ന് എല്ലാ മാർക്സിസ്റ്റുകൾക്കുമറിയാം. ഈ ലക്ഷ്യം നേടുന്നതിനായുള്ള പോരാട്ടമാണ് മോചനം നേടുന്നതിനായുള്ള അവരുടെ പോരാട്ടം. ഇത് വിട്ടുവീഴ്ച്ചയില്ലാത്ത പോരാട്ടവുമാണ്. അത് അന്ത്യത്തിലെത്തുന്നതുവരെയും മുതലാളിവർഗത്തിനെതിരെ തൊഴിലാളിവർഗത്തിന്റെ പോരാട്ടം തുടർന്നുകൊണ്ടേയിരിക്കും. പക്ഷേ ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, ഈ പോരാട്ടം നിർണായകസന്ധിയിൽ എത്തുന്നതുവരെയും, പോരാട്ടത്തിനുനടുവിൽപോലും, തൊഴിലാളിവർഗത്തിന് അനിവാര്യമായും തൊഴിലുടമകളുമായി അനേകം പ്രശ്നങ്ങളിൽ സമവായത്തിലെത്തേണ്ടിവരും. തൊഴിലാളിവർഗത്തിന് തങ്ങളുടെ പോരാട്ടത്തിന് ആവശ്യമായ ശക്തി സംഭരിക്കുന്നതിനായി ഈ സമവായം ആവശ്യമാണ്. തങ്ങളുടെ ആത്യന്തികലക്ഷ്യത്തിൽ തൊഴിലാളികൾ എത്തിച്ചേരുന്നതുവരെയും, വീണ്ടും വീണ്ടും ഇത്തരം സമവായങ്ങളിൽ അവർക്ക് ഏർപ്പെടേണ്ടതായി വരും. പക്ഷേ പോരാട്ടത്തിന്റെ ലക്ഷ്യം ഒരുതരത്തിലും കൈവെടിയാതെയാകും ഈ സമവായത്തിൽ ഏർപ്പെടുക. കൂടാതെ, ഈ മുതലാളിത്ത സംവിധാനം എപ്രകാരമാണ് നിലനിന്നുപോകുന്നതെന്ന് പരിശോധിക്കുക. അതിന്റെ അടിസ്ഥാനമെന്താണ്? മുതലാളിത്ത സംവിധാനത്തെ തകർത്തെറിയുക എന്ന ഉദ്ദേശ്യത്തോടെ തൊഴിലാളിവർഗം പോരാട്ടം നടത്തുമ്പോൾ, അതേ മുതലാളിത്ത സംവിധാനം നിലനിൽക്കുന്നത് തൊഴിലാളി-മുതലാളി സഹകരണത്തിന്റെ അടിസ്ഥാനത്തിലാണ്.

സമൂഹത്തിലെ ഈ ഉത്പാദനമെല്ലാം തൊഴിലാളികളുടെ പങ്കാളിത്തമില്ലാതെ സാധ്യമാകുമായിരുന്നോ? ജന്മിത്ത വ്യവസ്ഥിതിയിൽ ഉത്പാദനം പ്രധാനമായും വ്യക്തിഗത ഉപഭോഗത്തിനായിരുന്നു. മിച്ചം വരുന്നത് ഉപയോഗിക്കുന്നത് ഉത്പന്ന കൈമാറ്റത്തിലൂടെ ജീവസന്ധാരണത്തിന് ആവശ്യമുള്ള മറ്റ് വസ്തുക്കൾ സമാഹരിക്കുവാനാണ്. മുതലാളിത്ത സംവിധാനത്തിനുകീഴിൽ ഇതെല്ലാം മാറി. മുതലാളിത്തത്തിൽ, തൊഴിലാളി സ്വയം ഉത്പന്നത്തിന്റെ ഉടമസ്ഥനാകുന്നില്ല. കാരണം വ്യവസായശാലകളുടെ ഉടമസ്ഥരുടെ കൈകളിലാണ് ഉത്പാദനോപാധികളുടെ ഉടമസ്ഥത. എന്നിട്ടും ഈ വ്യവസ്ഥയിൽ ഉത്പാദനത്തിന് ഒരു സാമൂഹിക സ്വഭാവം കൈവന്നിട്ടുണ്ട്. ഉത്പാദനം വ്യക്തിഗത ഉപഭോഗത്തെ മുൻനിർത്തിയല്ല, പകരം സാമൂഹിക ആവശ്യകതയ്ക്കുവേണ്ടിയാണ് നിർവഹിക്കുന്നത് എന്നയിടത്താണ് അതിന്റെ സ്വഭാവം സാമൂഹികമായിരിക്കുന്നത്. പക്ഷേ ഉടമസ്ഥത പൊതുവിൽ സ്വകാര്യകരങ്ങളിലും. മുതലാളിത്ത വ്യവസ്ഥയിലെ പ്രധാന വൈരുദ്ധ്യം ഇത് കേന്ദ്രമാക്കിയുള്ളതാണ്.

മുതലാളിത്തസംവിധാനത്തിൽ തൊഴിലാളികൾക്ക് ഇഷ്ടമുള്ളപ്പോൾ ഭരണകൂടസംവിധാനത്തെ മറിച്ചിടാൻ സാധിക്കുകയില്ല എന്നത് മനസ്സിലാക്കണം. അതിനായി കളമൊരുക്കുകയും ആവശ്യമായ ശക്തി സമാഹരിക്കുകയും വേണം. നമ്മുടെ രാജ്യത്തെ തൊഴിലാളിവർഗ മുന്നേറ്റം ഇപ്പോഴും അതിനാവശ്യമായ കരുത്തിന്റെ അടുത്തെങ്ങുമെത്തിയിട്ടില്ല. സ്വകാര്യ ഉടമസ്ഥതയുടെ വ്യവസ്ഥയെ തകർത്തെറിയുക എന്നത് തൊഴിലാളിവർഗത്തിന്റെ ചരിത്രപരമായ ദൗത്യമാണ്. പക്ഷേ, ശരിയായ ധാരണയില്ലാതെ, മതിയായ രാഷ്ട്രീയ അവബോധം കൈവരിച്ചിട്ടില്ലാത്ത അസംഘടിതരായ തൊഴിലാളികൾ അന്തിമമായ പോരാട്ടമെന്ന രീതിയിൽ മാത്രം ചിന്തിച്ചുകൊണ്ട്, വികാരങ്ങൾക്ക് വിധേയരായി ആഞ്ഞടിക്കുവാൻ പദ്ധതിയിടുകയും, ശരിയായ തൊഴിലാളിവർഗപാർട്ടിയുടെ നേതൃത്വം മതിയായ രാഷ്ട്രീയവും സംഘടനാപരവുമായ കരുത്തോടെ ഉയർന്നുവരാതിരിക്കുകയും ചെയ്യുമ്പോൾ, ഭരണകൂടശക്തിയുടെ നിർദയമായ അടിച്ചമർത്തലിനുമുന്നിൽ ആ മുന്നേറ്റം ചിതറിപ്പോകും. കൂടാതെ, ഒരു മുതലാളിത്തസമൂഹത്തിൽ ഒരു ആവശ്യമുയർത്തിക്കൊണ്ട് ബഹുജനമുന്നേറ്റം വളരുമ്പോൾ, ആ മുന്നേറ്റം സംഘടിതരൂപം കൈവരിച്ച്, ബോധപൂർവവും സുഘടിതവും നീണ്ടുനിൽക്കുന്നതുമായ പോരാട്ടമെന്ന ഉയർന്ന തലത്തിലേക്ക് എത്തരുത് എന്ന് മുതലാളിത്തം ആഗ്രഹിക്കുന്നു. പൊടുന്നനെയുള്ള, ഒറ്റപ്പെട്ട മുന്നേറ്റങ്ങളുടെ പൊട്ടിത്തെറികളെ അവർ ഭയക്കുന്നില്ല. ക്രമേണ കരുത്താർജ്ജിച്ച്, ഭരണകൂടാധികാരത്തിന് ബദലായി ജനങ്ങളുടെ രാഷ്ട്രീയ അധികാരത്തിന് ജന്മം നൽകുന്ന ബോധപൂർവവും സുസംഘടിതവും നീണ്ടുനിൽക്കുന്നതുമായ പോരാട്ടങ്ങളെയാണ് അവർ ഭയക്കുന്നത്.

നക്സലൈറ്റുകൾ എന്നറിയപ്പെട്ടിരുന്ന ശക്തികൾ, (പിന്നീട് അവർ സിപിഐ-എംഎൽ എന്ന പേരിൽ കീഴിൽ വിവിധ പാർട്ടികളായി മാറി) വിപരീതങ്ങളുടെ ഐക്യം എന്ന തത്വം ഗ്രഹിക്കാൻ പരാജയപ്പെട്ടതുമൂലം, ഈ രാജ്യത്തെ തൊഴിലാളിവർഗ മുന്നേറ്റങ്ങൾക്ക് വളരെ ഹാനി വരുത്തുകയുണ്ടായി. അവരുടെ ത്യാഗങ്ങളെ നാം വളരെ ആദരവോടെ ഓർക്കുന്നു. പക്ഷേ കേടുപാടുകൾ സംഭവിച്ചുകഴിഞ്ഞു, ഇന്നും നാം അതിന്റെ പേരിൽ വളരെയധികം ബുദ്ധിമുട്ടുന്നു. ശക്തമായ ഭരണകൂടസംവിധാനത്തിന്റെ ഉരുക്കുമുഷ്ടിക്കുകീഴിൽ ആ മുന്നേറ്റത്തെ ഞെരിച്ചമർത്തി എന്നുമാത്രമല്ല, ബഹുജനങ്ങളെ നിരാശ കീഴടക്കുകയും ചെയ്തു. ഈ നിരാശയും ഏറെ വിനാശകരമാണ്. വിപരീതങ്ങളുടെ ഐക്യം എന്ന തത്വം ശരിയായി മനസ്സിലാക്കാതെ, വിപ്ലവപോരാട്ടത്തിന്റെ അനവധിയായ വളവുതിരിവുകൾക്കിടയിൽ പോരാട്ടത്തെ സംരക്ഷിച്ച് മുന്നേറുവാൻ ഒരിക്കലും സാധ്യമല്ല. അതുകൊണ്ട് മുതലാളിത്ത ഭരണകൂടയന്ത്രത്തെ മറിച്ചിടുവാൻ മതിയായ ശക്തി സമാഹരിക്കുന്നതുവരെയും വിപരീതങ്ങളുടെ ഐക്യം എന്ന തത്വം അനുസരിക്കേണ്ടിയിരിക്കുന്നു. പക്ഷേ വിപ്ലവത്തിന്റെ മുഹൂർത്തം സമാഗതമാകുമ്പോൾ, ആരെങ്കിലും വിപരീതങ്ങളുടെ ഐക്യം എന്ന പേരിൽ വിപ്ലവമുന്നേറ്റത്തെ തടയാൻ നോക്കിയാൽ, അതിനെയും ചെറുക്കേണ്ടതുണ്ട്. പരസ്പരവിരുദ്ധമായ രണ്ട് ശക്തികൾ എന്നും ഒരുമിച്ച് കഴിയുമെന്നോ, രണ്ട് എതിർശക്തികളുടെ ഐക്യം എന്നും നിലനിൽക്കും എന്നതോ അല്ല ഈ തത്വത്തിന്റെ ധാരണ. മുതലാളിത്തസംവിധാനത്തെ ഒരിക്കലും തകർക്കരുത് എന്നതാകും ഇത്തരമൊരു ധാരണയുടെ ഫലം. വിപരീതങ്ങളുടെ ഐക്യം എന്ന തത്വത്തിന്റെ ഇത്തരത്തിലുള്ള ധാരണ മാർക്സിസത്തിന് നിരക്കുന്നതല്ല.

**തൊഴിലാളിയാണ് എന്നതുകൊണ്ട് ഒരാൾ സ്വാഭാവികമായി കമ്മ്യൂണിസ്റ്റാവുകയില്ല. ഒരു മുതലാളിത്ത സാമൂഹ്യസംവിധാനത്തിൽ തൊഴിലാളിവർഗ പ്രസ്ഥാനം വളരുമ്പോൾ, വിപ്ലവമെന്ന ലക്ഷ്യത്തിലേക്ക് അതിനെ നയിക്കുവാനായി യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി അതോടൊപ്പം ഉയർന്നു വരുന്നു. ക്രമേണ മുന്നേറ്റത്തിന്റെ പ്രധാനശക്തിയായി തൊഴിലാളിവർഗപാർട്ടി ഉയരുന്നു. ഇതിന്റെയെല്ലാം ഫലമായി തൊഴിലാളിവർഗ മുന്നേറ്റം അവബോധത്തിന്റെ അടിസ്ഥാനത്തിൽ വളർന്നു ശക്തിയാർജ്ജിക്കുകയും വർഗസമരം തീക്ഷ്ണമാകുകയും ചെയ്യുന്നു.**

വിപരീതങ്ങളുടെ ഐക്യത്തിന്റെ മറ്റൊരു പ്രധാനവശവും ചർച്ച ചെയ്യേണ്ടതുണ്ട്. ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ മൂന്നു തത്വങ്ങളും ഒരേസമയം പ്രവർത്തിക്കുന്നു എന്ന് നാം മനസ്സിലാക്കണം. അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ്, ഇതിലൊന്നിനെയും മറ്റ് രണ്ടെണ്ണത്തിൽനിന്നും വേർപെടുത്തി ഒറ്റയ്ക്ക് പൂർണമായും മനസ്സിലാക്കാൻ സാധിക്കാത്തത്. എന്നാൽതന്നെയും, ഈ മൂന്നിൽ, വിപരീതങ്ങളുടെ ഐക്യമെന്ന തത്വത്തിന്, ചലനമടക്കം എല്ലാ മാറ്റങ്ങളുടെയും അടിസ്ഥാനകാരണം വിപരീതശക്തികൾക്കിടയിലെ വൈരുദ്ധ്യമാണ് എന്ന നിലയ്ക്ക്, പ്രത്യേകമോ കൂടുതലോ ആയ ഊന്നൽ നൽകിയാൽ, അതിനെ എതിർക്കാൻ ഞാൻ കാരണമൊന്നും കാണുന്നില്ല. പക്ഷേ, മറ്റ് രണ്ട് തത്വങ്ങളും അതേസമയംതന്നെ പ്രവർത്തിക്കുന്നുവെന്നത് ഞാൻ ഓർമിപ്പിക്കുന്നു.

പക്ഷേ ചില ആളുകൾ, വിപരീതങ്ങളുടെ ഐക്യത്തിന്റെ തത്വത്തെ മാത്രം ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാനനിയമം എന്നനിലയിൽ പ്രത്യേക പ്രാധാന്യം നൽകി അവതരിപ്പിക്കുന്നു. ചില അവസരങ്ങളിൽ ഇത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വിപരീതങ്ങളുടെ ഐക്യത്തിന്റെ യാന്ത്രികമായ മനസ്സിലാക്കലിൽനിന്നും, രണ്ട് ധാരകൾ, അതായത് മുതലാളിവർഗ, തൊഴിലാളിവർഗ ധാരകൾ തമ്മിലുള്ള സമരം, തൊഴിലാളിവർഗ പാർട്ടിക്കുള്ളിലും, ഒരേ പാർട്ടിയിലെ രണ്ട് കേന്ദ്രങ്ങളിൽനിന്നും, നിരന്തരം നടത്തണമെന്നാണ് ഒരുപറ്റം സൈദ്ധാന്തികർ വിചാരിക്കുന്നത്. മാർക്സിസത്തിന്റെ തെറ്റായ മനസ്സിലാക്കലിൽനിന്നും ഉണ്ടാകുന്നതാണ് ഇത്തരം തെറ്റിദ്ധാരണകൾ. ശരിയാണ്, ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കളും കേഡർമാരും ചിന്തയിൽ ഐക്യമുണ്ടാക്കുവാനും, ഒരേ ചിന്താപ്രക്രിയ പിന്തുടരുവാനും എപ്പോഴും ശ്രമിക്കുന്നു. ഈ രീതിയിലാണ് അവർ പാർട്ടിയുടെ എല്ലാവിധ പ്രവർത്തനങ്ങളും നടത്തുന്നത്. എന്നാൽപോലും, അവർക്കിടയിൽ വിവിധവിഷയങ്ങളിൽ വൈരുദ്ധ്യം ഉടലെടുക്കാം. അനുഭവപരിചയത്തിലുള്ള വ്യത്യാസങ്ങളും അവബോധത്തിന്റെ തലത്തിലുള്ള വ്യത്യാസങ്ങളുമാകാം ഇതിന് കാരണം. ഇത് തീർച്ചയായും സ്വാഭാവികമാണ്. ശരിയാണ്, ചില പ്രശ്നങ്ങളിൽ തൊഴിലാളിവർഗ പാർട്ടിക്കുള്ളിലെ വൈരുദ്ധ്യങ്ങൾ, ശരിയും തെറ്റും തമ്മിലുള്ള വൈരുദ്ധ്യവുമാകാം. ആ അർത്ഥത്തിൽ വിപരീതങ്ങളുടെ ഐക്യം പ്രവർത്തിക്കുന്നു. കൂടാതെ, ചിലപ്പോൾ, മുതലാളിത്ത സാമൂഹിക സാഹചര്യത്തിൽനിന്നും ഉദയം ചെയ്യുന്ന മുതലാളിവർഗചിന്ത, പാർട്ടിക്കുമേൽപോലും അതിന്റെ സ്വാധീനം ചെലുത്താമെന്നത് നിഷേധിക്കാനാകില്ല. പക്ഷേ അങ്ങനെയാണെങ്കിൽപോലും, മൂർത്ത സാഹചര്യത്തെയുംമറ്റും പരിഗണിക്കാതെ, എപ്പോഴും പാർട്ടിക്കുള്ളിൽ രണ്ടു ധാരയിലുള്ള പോരാട്ടം നടന്നുകൊണ്ടിരിക്കുകയാണെന്ന് ഈ പ്രതിഭാസം കൊണ്ട് വ്യാഖ്യാനിക്കാനാവില്ല എന്ന് ഓർക്കുക. ഇത് ശരിയായ മാർക്സിസ്റ്റ് ചിന്താരീതിയല്ല. ഇവിടെ പ്രധാനമായും ശ്രദ്ധിക്കേണ്ടത്, ഈ വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളുമൊക്കെ മാർക്സിസം-ലെനിനിസത്തിന്റെതന്നെ പാതയിലായതിനാൽ, അവ പരിഹരിക്കുവാനുള്ള ശരിയായ രീതി, അഭിപ്രായങ്ങൾ കൈമാറുന്നതിലൂടെയും ആശയസമരത്തിലൂടെയും ഐക്യത്തിലെത്തിച്ചേരുന്നതും, ആ രീതിയിൽ ഐക്യത്തിന് ദൃഢത പകരുന്നതുമാണ്. ഈ രീതിയിൽ മനസ്സിലാക്കിയില്ലെങ്കിൽ, ഈ വൈരുദ്ധ്യത്തിന്റെ സ്വഭാവം ശരിയായി തിരിച്ചറിയുവാൻ സാധിക്കുകയില്ല.

ശേഷം അടുത്ത ലക്കത്തിൽ

Date of publishing 01/01/2020
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

January 2020
Vol.46 No.10
Price : Rs 5.00

# ആശാ വർക്കേഴ്സിന്റെ പടുകൂറ്റൻ റാലി ബംഗളുരുവിൽ






മിനിമം വേതനം മാസം 12,000 രൂപയാക്കുക, വേതനം മുടങ്ങാതെ നൽകുക, 15 മാസത്തെ വേതന കുടിശ്ശിക ഉടൻ വിതരണം ചെയ്യുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് എഐയുടിയുസി കർണാടക സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആയിരക്കണക്കിന് ആശാ വർക്കേഴ്സ് ജനുവരി 3ന് ബംഗളൂരു നഗരത്തിൽ നടത്തിയ പ്രകടനം. (വലത്തുനിന്നും)ആശാ വർക്കേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ് ടി.സി.രമ, പ്രസിഡന്റ് സോമശേഖർ യാദ്ഗിരി, സെക്രട്ടറി ഡി.നാഗലക്ഷ്മി, എസ്‌യുസിഐ(സി) പൊളിറ്റ് ബ്യൂറോ അംഗവും എഐയുടിയുസി അഖിലേന്ത്യ പ്രസിഡന്റുമായ സഖാവ് കെ.രാധാകൃഷ്ണ, എഐയുടിയുസി സംസ്ഥാന സെക്രട്ടറി കെ.സോമശേഖർ, എഐഎംഎസ്എസ് നേതാക്കളായ ലളിത, ബി.ആർ.അപർണ്ണ തുടങ്ങിയവർ നയിക്കുന്നു

# ഇറാനിയൻ സൈനിക കമാൻഡറെ കൊലചെയ്ത അമേരിക്കൻ നടപടിയെ എസ്‌യുസിഐ(സി) ശക്തമായി അപലപിക്കുന്നു

ഇറാനിലെ പ്രമുഖനായ സൈനിക കമാൻഡറെ ഇറാഖിൽ വെച്ച് യുഎസ് മിസൈൽ ആക്രമണത്തിലൂടെ വധിച്ചത് അമേരിക്കൻ ഭരണാധികാരികളുടെ കടന്നാക്രമണ സ്വഭാവം ഒരിക്കൽകൂടി വെളിവാക്കിയിരിക്കുകയാണ്. ഇറാഖി ജനങ്ങളുടെ രോഷപ്രകടനങ്ങളും ബാഗ്ദാദിലെ യുഎസ് എംബസി ആക്രമണവും ഇറാന്റെ പ്രേരണയോടെയാണെന്ന വാദം ഉയർത്തിക്കൊണ്ടാണ്, അമേരിക്കൻ ആക്രമണകാരികൾ പ്രസിഡന്റ് ട്രംപിന്റെ ഉത്തരവ് പ്രകാരം ഈ അരുംകൊല നടപ്പിലാക്കിയത്. യഥാർത്ഥത്തിൽ യാതൊരു അധികാരവുമില്ലാത്ത മിസ്റ്റർ ട്രംപ് ജഡ്ജിയുടെയും വിധി നടത്തിപ്പുകാരന്റെയും സ്ഥാനം സ്വയം ഏറ്റെടുക്കുകയായിരുന്നു. കൂട്ടനശീകരണായുധങ്ങൾ നിർമ്മിച്ചു എന്ന വാദം ഉയർത്തിക്കൊണ്ട് ഇറാഖിനെ നശിപ്പിക്കുകയും പ്രസിഡന്റ് സദ്ദാം ഹുസൈനെയും പിന്നീട് ലിബിയയിലെ ഗദ്ദാഫിയെയും വധിക്കുകയും ചെയ്തത് ആർക്കും മറക്കാനാവില്ല.

മധ്യപൂർവദേശത്ത് വീണ്ടുമൊരു യുദ്ധഭീതി വളർത്തി, അതുവഴി അമേരിക്കയിലെ യുദ്ധ വ്യവസായത്തിന് ഉണർവ്വ് ഉണ്ടാക്കുക എന്ന ദൂരവ്യാപകമായ ദുഷ്ടലാക്കാണ് ഇറാനിയൻ കമാണ്ടറെ വധിച്ചതിലൂടെ അമേരിക്ക ലക്ഷ്യം വയ്ക്കുന്നത്. മധ്യപൂർവ്വ രാജ്യങ്ങളിലെ ജനങ്ങളുടെ ജീവൻ പന്താടിക്കൊണ്ട്, ഭീകരവാദ സംഘടനകൾക്കും മതഭ്രാന്തൻമാർക്കും വർധിതവീര്യത്തോടെ രംഗത്തുവരാൻ അവിടെ സൈന്യത്തെ കേന്ദ്രീകരിച്ചുകൊണ്ട് അവസരമൊരുക്കുകയാണ് അവർ ചെയ്തത്. നിരവധി വർഷങ്ങളിലെ ഹിംസാത്മകമായ ഭാതൃഹത്യയ്ക്കും രക്തച്ചൊരിച്ചിലിനും ശേഷം, തങ്ങളുടെ ജീവിതത്തിലെ നീറുന്ന വിഷയങ്ങളെയും പ്രശ്നങ്ങളെയും മുൻനിർത്തി, തങ്ങളുടെ മുതലാളിത്ത സർക്കാരുകൾക്കെതിരെ ജനാധിപത്യ സമരങ്ങൾ വളർത്തിക്കൊണ്ടിരുന്ന മധ്യപൂർവ്വ രാജ്യങ്ങളിലെ ജനങ്ങളുടെ ശ്രദ്ധ തിരിക്കുവാനും ഈ സൈനിക കേന്ദ്രീകരണം അവർ ഉപയോഗപ്പെടുത്തുന്നു.

ഏറെ പ്രധാനപ്പെട്ട കാര്യം, മധ്യപൂർവ്വ ദേശത്ത് വീണ്ടും തീ പടർത്തിക്കൊണ്ട്, യുഎസിലെ ജനങ്ങളുടെ ശ്രദ്ധ ഇംപീച്ച്മെന്റ് ചർച്ചകളിൽനിന്ന് മധ്യപൂർവ്വ ദേശത്തെ യുദ്ധത്തിലേക്ക് മാറ്റുവാനും, പ്രസിഡന്റ് തെരഞ്ഞെടുപ്പ് നടക്കുന്ന വർഷം നേരിടേണ്ടിവരുന്ന ഇംപീച്ച്മെന്റ് നടപടിയുടെ നാണക്കേടിൽനിന്നും സ്വയം രക്ഷപ്പെടാനുമാണ് ട്രംപ് ശ്രമിക്കുന്നത്.

അമേരിക്കൻ സാമ്രാജ്യത്വ ഭരണാധികാരികളുടെ യുദ്ധക്കൊതിയെ, നമ്മുടെ പാർട്ടിയുടെ പേരിലും ഇന്ത്യയിലെ സമാധാന കാംക്ഷികളായ ജനങ്ങളുടെ പേരിലും ഞങ്ങൾ ശക്തമായി അപലപിക്കുകയും അമേരിക്കൻ സാമ്രാജ്യത്വ ഭരണാധികാരികളുടെ ഹീനപദ്ധതികൾക്കെതിരെ പ്രതിഷേധ ശബ്ദമുയർത്താൻ മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ■

## പാകിസ്ഥാനിലെ ഗുരുദ്വാര ആക്രമണത്തെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അപലപിക്കുന്നു

പാകിസ്ഥാനിലെ നൻകാനാ സാഹിബ് ഗുരുദ്വാര ആക്രമിച്ച സംഭവത്തെ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ശക്തമായി അപലപിച്ചു. അക്രമികൾക്ക് കർശന ശിക്ഷ നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഈ കിരാതമായ നടപടിയെ, സങ്കുചിത രാഷ്ട്രീയ മുതലെടുപ്പിനായി ഏതെങ്കിലും ശക്തികൾ ഉപയോഗപ്പെടുത്തുവാൻ ശ്രമിച്ചാൽ ശക്തമായി എതിർക്കണമെന്ന് അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. ■

## എഐയുടിയുസി പോണ്ടിച്ചേരി പ്രഥമ സംസ്ഥാന കൺവൻഷൻ




എഐയുടിയുസി പ്രഥമ പോണ്ടിച്ചേരി സംസ്ഥാന കൺവൻഷൻ ജനുവരി 5ന് കേരള സംസ്ഥാന പ്രസിഡന്റ് സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു. എഐപിഎഫ് അഖിലേന്ത്യ ജനറൽ സെക്രട്ടറി സഖാവ് സമർ സിൻഹ മുഖ്യപ്രസംഗം നടത്തി. സഖാവ് എൻ.ശങ്കരൻ പ്രസിഡന്റും സഖാവ് എസ്.ശിവകുമാർ സെക്രട്ടറിയുമായി 15 അംഗ സംസ്ഥാന കമ്മിറ്റിക്ക് കൺവൻഷൻ രൂപംനൽകി.


അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന
AIMSS
സംഘടിപ്പിക്കുന്ന
4-ാം അഖിലേന്ത്യ വനിതാ സമ്മേളനം
2020 ജനുവരി 21, 22, 23
കൊൽക്കത്ത
ഉദ്ഘാടനം: മേധ പട്കർ
ജനുവരി 21 പ്രകടനം, പൊതുസമ്മേളനം
റാണി രാസ്മണി അവന്യൂ, കൊൽക്കത്ത

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.